ISSN-0971-8397

# യോജന

ഏപ്രിൽ 2015 ഒരു വികസനപത്രിക ₹ 10

## ഉത്പാദന മേഖല: വളർച്ചയും വെല്ലുവിളികളും

**ഇന്ത്യയിലെ നിർമ്മാണ മേഖല – പുതിയ കാഴ്ചപ്പാടുകൾ**
പി.എം. മാത്യു

**ഉത്പാദന വളർച്ച, മത്സരക്ഷമത, വെല്ലുവിളികൾ**
അരൂപ് മിത്ര

**ഉത്പാദന മേഖലയിലെ മാറേണ്ട തൊഴിൽ നിയമങ്ങൾ**
ദേവാഷിഷ് മിത്ര

പ്രത്യേക ലേഖനം
**നിയമ സഹായവും ദേശീയ നിയമ സേവന അതോറിറ്റിയും**
മനോജ് കുമാർ സിൻഹ



### ഫാർമ സാക്ഷരതാ ഉപക്രമം

ഫാർമ ജൻ സമാധാൻ - ഔഷധങ്ങളുടെ വിലയും ലഭ്യതയും സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണുന്നതിന് ഓൺലൈൻ സംവിധാനം ആരംഭിച്ചു. ദേശീയ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വിഭാവനം ചെയ്ത പദ്ധതി മരുന്നുകളുടെ ലഭ്യതയും വിലയുമായി ബന്ധപ്പെട്ട പരാതികളിൽ അതിവേഗം പരിഹാരം കാണാനുള്ള പരിശ്രമത്തിലാണ്. ഔഷധ (വില നിയന്ത്രണ) ഓർഡർ 2013 കാര്യക്ഷമമായി നടപ്പിലാക്കികൊണ്ട് ഉപഭോക്താവിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള ഇ-ഗവേർണൻസ് സങ്കേതമാണ് ഇത്. ഫാർമ ജൻ സമാധാൻ എന്ന കർമ്മ പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഔഷധങ്ങൾക്ക് അമിത വില ഈടാക്കുക, വിപണിയിൽ മരുന്നുകളുടെ ലഭ്യതകുറവ്, എൻ.പി.പി.എയുടെ മുൻകൂർ വിലനിർണ്ണയ അംഗീകാരമില്ലാതെ ഔഷധങ്ങൾ വിൽക്കുക, മതിയായ കാരണങ്ങളില്ലാതെ മരുന്നുകൾ വിതരണം ചെയ്യാൻ വിസമ്മതിക്കുക തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി നല്കാൻ സാധിക്കും. പരാതി ലഭിച്ച് 48 മണിക്കൂറിനുള്ളിൽ എൻ.പി.പി.എ നടപടികൾ സ്വീകരിക്കും. കാര്യങ്ങൾ നിയന്ത്രിക്കുക എന്നതിലുപരി അവ സുഗമമായി നടപ്പിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിലാണ് ഫാർമസി സാക്ഷരതാ ഉപക്രമം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ജനങ്ങൾക്കിടയിൽ ഇതുമായി ബന്ധപ്പെട്ട അവബോധം ഉണ്ടാക്കുകയെന്നതും ഉപക്രമത്തിന്റെ ലക്ഷ്യങ്ങളിൽ സുപ്രധാനമാണ്. അതോടൊപ്പം തന്നെ ഔഷധങ്ങളുടെ വിലവർദ്ധന, വ്യാജ മരുന്നുകളുടെ വില്പന, കരിഞ്ചന്ത എന്നിവയെ പ്രതിരോധിക്കുവാനുള്ള സത്വര നടപടികളും ഫാർമ സാക്ഷരതാ ഉപക്രമം നടപ്പിലാക്കും.

### റോട്ടാ വൈറസ്സിനെ പ്രതിരോധിക്കുവാനുള്ള തദ്ദേശജന്യ വാക്സിൻ

തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യ റോട്ടാവൈറസ്, റോട്ടവിക് അടുത്തകാലത്ത് പ്രധാനമന്ത്രി പുറത്തിറക്കുകയുണ്ടായി. അതിസാരവുമായി ബന്ധപ്പെട്ടു വർദ്ധിച്ചുവരുന്ന ശിശുമരണനിരക്ക് കുറയ്ക്കുവാൻ ഈ വാക്സിൻ പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ-സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് ഈ വാക്സിൻ വികസിപ്പിച്ചെടുത്തത്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, അമേരിക്കൻ സർക്കാർ സ്ഥാപനമായ ദേശീയ ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാരത സർക്കാരിന്റ മറ്റു സ്ഥപനങ്ങളായ ഭാരത് ബയോടെക്ക് ഇന്ത്യ ലി.മി., സന്നദ്ധ സംഘടനകൾ, ബിൽ ആന്റ് മിലിൻഡ ഗേറ്റ്സ്സ് ഫൗണ്ടേഷൻ എന്നിവയുടെ കൂട്ടായ പരിശ്രമമാണ് വാക്സിൻ വികസിപ്പിച്ചെടുക്കാൻ സഹായകമായത്. ഗേറ്റ്സ് ഫൗണ്ടേഷന്റെയും ഭാരത് ബയോടെക് ഇന്ത്യ ലി. മി. ന്റെയും കഴിഞ്ഞ 25 കൊല്ലം നീണ്ടു നിൽക്കുന്ന ഗവേഷണങ്ങളുടെ ഫലമായാണ് വാക്സിൻ വികസിപ്പിക്കാൻ കഴിഞ്ഞത്. സമൂഹം നേരിടുന്ന വെല്ലുവിളികൾക്കു പൊതുമേഖലാ-സ്വകാര്യപങ്കാളിത്ത മാതൃതകയിലൂടെ സാധ്യമായ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞതും ഉന്നതതല ഗവേഷണ-വികസന മാർഗ്ഗങ്ങളിലൂടെ സങ്കീർണ്ണമായ ഔഷധ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിഞ്ഞതും രാജ്യത്തിന്റെ നേട്ടമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പൗരൻമാരുടെ അഭിവൃദ്ധിക്കുവേണ്ടി ഇൻഡോ-അമേരിക്കൻ സഹകരണത്തോടെ ഔഷധ ഗവേഷണം വിജയകരമായി നടപ്പിലാക്കിയതിന്റെ ഉത്തമ ഉദാഹരണമാണിതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

### യാത്രീ സൗഹൃത ഓൺലൈൻ സേവനങ്ങൾ

ഉപഭോക്തൃ പരാതികൾ സ്വീകരിക്കുന്നതിനായി പ്രത്യേക വെബ് പോർട്ടലും ആൻഡ്രോയിഡ്/വിൻഡോസ് എന്നിവയിൽ പ്രവർത്തിക്കുന്ന മൊബൈൽ ആപ്ലിക്കേഷനും ഇന്ത്യൻ റെയിൽവെ പ്രസിദ്ധീകരിച്ചു. www.coms.indianrailways.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന മൊബൈൽ ആപ്പിലൂടെ യാത്രക്കാരുടെ പരാതികളും നിർദേശങ്ങളും ഡൗൺലോഡ് ചെയ്യാവുന്നതോടൊപ്പം പരാതികളും നിർദേശങ്ങളും സമർപ്പിക്കുവാനും അവസരമുണ്ട്. +91 9717630982 എന്ന നമ്പറിലേക്ക് എസ്. എം.എസ്സായും നിർദേശങ്ങളും പരാതികളും സമർപ്പിക്കാവുന്നതാണ്.

ഏപ്രിൽ 2015


വാല്യം 43 | ലക്കം 9

# യോജന

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**


ഈ ലക്കത്തിൽ

## ഉത്പാദന മേഖല: വളർച്ചയും വെല്ലുവിളികളും


**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001, ഫോൺ : 0471 – 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് – 4, ലെവൽ – 7, ആർ.കെ.പുരം, ന്യൂഡൽഹി – 110066, ഫോൺ : 26105590

വരിസംഖ്യ ഒരു വർഷം ₹ 100/-, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/-


യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. പി.ജി ധോപെ

യോജന ഏപ്രിൽ 2015




# ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

## ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● ഏപ്രിൽ 2015 ● വാല്യം 43 ● ലക്കം ഒൻപത്

# ഉള്ളടക്കം

## ബജറ്റ് 2015–16


7 ഇന്ത്യയിലെ നിർമ്മാണ മേഖല – പുതിയ കാഴ്ചപ്പാടുകളും ആവശ്യങ്ങളും
പി.എം. മാത്യു

13 ഉത്പാദന വളർച്ച, മത്സരക്ഷമത, വെല്ലുവിളികൾ
അരൂപ് മിത്ര

17 ഉത്പാദന മേഖലയും മാറേണ്ട തൊഴിൽ നിയമങ്ങളും
ദേവാഷിഷ് മിത്ര

23 സാങ്കേതിക വിദ്യാഭ്യാസ മേഖല: പ്രസക്തിയും വെല്ലുവിളികളും
ഡോ. എം. അബ്ദുൾ റഹ്മാൻ, ഡോ. രമേശ് ഉണ്ണികൃഷ്ണൻ

30 2014–15 സാമ്പത്തിക സർവെ: വിശകലനം
അഷിമ ഗോയൽ

36 മേയ്ക്ക് ഇൻ ഇന്ത്യ: ആഗോള ഉത്പാദന ശൃംഖലകളിലെ പങ്കാളിത്തം
സി. വീരമണി


## പ്രത്യേക ലേഖനം


41 നിയമ സഹായവും ദേശീയ നിയമസേവന അതോറിറ്റിയും
മനോജ് കുമാർ സിൻഹ

45 പുനർജാഗരൺ ബോധവൽക്കരണ പ്രചരണ പരിപാടി
അനിൽകുമാർ പി.വൈ.

48 കണ്ടൽക്കാടുകൾ: തണ്ണീർത്തടങ്ങളുടെ സംരക്ഷകർ
ഡോ. ഷീജാകുമാരി കൊടുവഴന്നൂർ

52 ബജറ്റിലെ സ്വർണ്ണ പദ്ധതികൾ
പ്രൊഫ. ജോർജ്ജി കെ.എ., റിയാ മാമ്മൻ


## അടുത്ത ലക്കം

**മേയ് 2015**

**ടൂറിസം മേഖല**

# വളർച്ചയ്ക്ക് വൻ സാധ്യത

ഏതു സമ്പദ്‌വ്യവസ്ഥയുടെയും വളർച്ചയിൽ നിർമ്മാണ വ്യവസായത്തിന് നിർണായക പ്രാധാന്യമാണുള്ളത്. ഇന്ത്യയെ പോലുള്ള വികസ്വര രാജ്യങ്ങൾ അവയുടെ പുരോഗതിക്കും തൊഴിൽ അവസരങ്ങൾക്കുമായി ഏറ്റവും ആശ്രയിക്കുന്നത് നിർമ്മാണ വ്യവസായത്തെയാണ്.

പരമ്പരാഗതമായി കാർഷികാധിഷ്ഠിതമാണ് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ. എന്നാൽ ഇന്ന് ഇത് രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 16 ശതമാനവും സംഭാവന ചെയ്യുന്ന നിർമ്മാണ വ്യവസായത്തിലേയ്ക്കുള്ള വലിയ കുതിപ്പിന് ഒരുങ്ങുകയാണ്. പക്ഷെ, തൊഴിൽ അവസരങ്ങളുടെയും വളർച്ചയുടെയും കാര്യത്തിൽ നിർമ്മാണ മേഖലയുടെ സംഭാവന അതിന്റെ സാധ്യതയുടെ വളരെ താഴെയാണെന്ന വസ്തുത നിലനില്ക്കുന്നു. നിയന്ത്രിതവും കർശനവുമായ തൊഴിൽ നിയമങ്ങൾ, അവിദഗ്ധ തൊഴിലാളികളുടെ ആധിക്യം, നൂതന സാങ്കേതിക വിദ്യകളുടെ അഭാവം തുടങ്ങിയ ഘടകങ്ങളാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

വിഭവങ്ങളുടെ വൈവിധ്യവും ലഭ്യമായ തൊഴിലാളികളുടെ വിവിധ തരത്തിലുള്ള വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും ചെറുതും വലുതുമായ വ്യവസായങ്ങളുടെ പ്രാധാന്യം അടിയന്തരമായി നമുക്കു മനസിലാക്കിതരുന്നു. ചെറുകിട വ്യവസായ മേഖല നമ്മുടെ പരമ്പരാഗത വൈദഗ്ധ്യത്തിന്റെയും വിജ്ഞാനത്തിന്റെയും ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഏറ്റവും അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. അതിനു മുമ്പിലാണ് കാർഷിക മേഖല. അതാകട്ടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു സഹായിക്കുകയും വരുമാനത്തിന്റെയും സമ്പത്തിന്റെയും തുല്യമായ വിതരണം സാധ്യമാക്കുകയും ചെയ്യുന്നു. അതേസമയം വൻകിട വ്യവസായങ്ങൾ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, കയറ്റുമതിയിൽ പ്രധാന പങ്ക് വഹിച്ചുകൊണ്ട് രാജ്യത്തിന്റെ വിദേശനാണ്യ ശേഖരം വർധിപ്പിക്കുന്നതിലും, ആഭ്യന്തര ഉൽപ്പന്നങ്ങളുടെ ആവശ്യകത വ്യാപിപ്പിക്കുന്നതിലും അങ്ങനെ സമഗ്രമായ വളർച്ച നേടുന്നതിലും നേതൃത്വം നല്കുന്നു.

മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ വിഹിതം 25 ശതമാനം വർധിപ്പിച്ചുകൊണ്ട് രാജ്യത്ത് ഈ ദശാബ്ദത്തിൽ 100 ദശലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ദേശീയ നിർമ്മാണ നയത്തിന്റെ ലക്ഷ്യം. ഗ്രാമീണ യുവജനങ്ങൾക്ക് തൊഴിലുകളിൽ വിദഗ്ധ പരിശീലനം നല്കി മികച്ച തൊഴിലാളികളാക്കികൊണ്ട് അവരെ ശാക്തീകരിക്കാനും നയം ഉദ്ദേശിക്കുന്നു. ഇതിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കാൻ ഈ ബജറ്റിൽ ഗവൺമെന്റ് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വിവരസമാഹരണവും ശേഖരണവും പോലുള്ള പ്രക്രിയകളിലൂടെ രാജ്യത്തിനകത്തും പുറത്തുമുള്ള വ്യവസായങ്ങൾക്ക് അനുകൂലമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാനാണ് ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ നിർമ്മിക്കൂ, ഇന്ത്യയെ വിദഗ്ധമാക്കൂ, മുദ്ര തുടങ്ങിയ പദ്ധതികളിലൂടെ രാജ്യം ലക്ഷ്യമാക്കുന്നത് സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയെ ലോകത്തിന്റെ നിർമ്മാണ ഹബ്ബ് ആക്കി മാറ്റാനും ആണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഊർജ്ജ വിതരണത്തിലെ ഞെരുക്കങ്ങൾ, സാങ്കേതിക വിദ്യയുടെയും നവീകരണത്തിന്റെയും പോരായ്മകൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ബജറ്റ് ശ്രമിക്കുന്നത്.

ഈ മേഖലയിൽ ഇതുവരെ നാം എന്തു ചെയ്തു, ഇനി ചെയ്യാനുള്ളത് എന്താണ് തുടങ്ങിയ വിഷയങ്ങളാണ് ഈ ലക്കത്തിലെ ലേഖനങ്ങൾ ചർച്ച ചെയ്യുന്നത്.

അവസാനമായി, ലോകത്തിലെ അതിശീഘ്രം കുതിക്കുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ പരിണമിക്കുന്നതിന് വളരെ ശക്തവും നിർണായകവുമായ പങ്കാണ് രാജ്യത്തെ നിർമ്മാണ മേഖലയ്ക്ക് വഹിക്കാനുള്ളത് എന്ന് നമുക്കു പറയാൻ സാധിക്കും. ഗവൺമെന്റും നിർമ്മാണ മേഖലയും ശക്തമായ പ്രതിബദ്ധതയോടെ ഒന്നിച്ചു നീങ്ങിയാൽ മാത്രമെ ഇത് യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളു.

# ഇന്ത്യയിലെ നിർമ്മാണമേഖല - പുതിയ കാഴ്ച്ചപ്പാടുകളും ആവശ്യങ്ങളും

**പി.എം മാത്യു**

**ചൈനയുടെ മൊത്ത ആഭ്യന്തര ഉത്പാദന നിരക്ക് ഇന്ത്യയെക്കാൾ 3.8 മടങ്ങ് കൂടുതലാണ്. അവരുടെ മാതൃ വ്യവസായമായ യന്ത്രോപകരണ ഉത്പാദനം ഇന്ത്യയുടേതിനെക്കാൾ 55 മടങ്ങാണ്. അതിനാൽ നമ്മുടെ നിർമ്മാണ മേഖല 12 ശതമാനത്തിൽ നിന്ന് പ്രതിവർഷം 14 ശതമാനത്തിലേയ്ക്ക് വളരാൻ, അടുത്ത 15 വർഷത്തിനുള്ളിൽ ഉത്പാദന മേഖലയിൽ മാത്രം 100 ദശലക്ഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകാൻ, അടിസ്ഥാന വ്യവസായങ്ങൾ കൂടുതൽ ശക്തമാക്കാൻ, നിർമ്മാണ മേഖല നവീകരിക്കാൻ, മത്സരക്ഷമതയും സുസ്ഥിരതയും നേടാൻ നാം തന്ത്രങ്ങൾ ആവിഷ്കരിച്ചേ പറ്റൂ.**

### 1. പശ്ചാത്തലം

**നി**ർമാണരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ സാധിക്കാത്തത് ഇന്ത്യയിൽ തൊഴിലവസരങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്. തൊഴിലാളികളുടെ വിഭജനവും കൃഷിയിലെ മൂല്യവർധനവും തമ്മിലുള്ള പൊരുത്തക്കേടാണ് നമ്മുടെ രാജ്യത്ത് പാവപ്പെട്ടവരുടെ സംഖ്യ ഇത്രയധികം ഉയരാൻ കാരണം. ഇത് അടിയന്തിരമായി പരിഹരിച്ചേ തീരൂ. കൃഷിയിൽ നിന്നു വിട്ട് കൂടുതൽ വരുമാന മാർഗ്ഗം തേടുന്ന ആളുകളെ ആകർഷിക്കാൻ വെള്ളം വലിച്ചെടുക്കുന്ന ഒരു സ്പോഞ്ച് പോലെയാകണം നമ്മുടെ നിർമാണ മേഖല. ഉയർന്ന തോതിൽ ആഗോളവത്ക്കരിക്കപ്പെട്ട ഒരു സമ്പദ്‌വ്യവസ്ഥിതിയിൽ, മത്സരക്ഷമതയുടെ ആവശ്യകത എടുത്തു പറയേണ്ടതില്ലല്ലോ. ചെലവു കുറഞ്ഞ തൊഴിലാളികൾക്കൊപ്പം വൈദഗ്ധ്യം കൂടി ഒന്നിപ്പിച്ച് നിർമ്മാണം നടത്തുന്ന കാര്യത്തിൽ ഇന്ത്യ മത്സരിക്കേണ്ടത് ചൈനയോടാണ്. മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഇന്ത്യയിലെ ഉത്പാദന മേഖലയുടെ വിഹിതം 17 ശതമാനം മാത്രമാണ്. അതേ സമയം ചൈനയുടേത് 33, കൊറിയയുടേത് 29, ബ്രസീലിന്റേത് 25, തായ്‌ലന്റിന്റേത് 27 എന്നിങ്ങനെ പോകുന്നു നിരക്കുകൾ. നിക്ഷേപകർ ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ, വിഭവങ്ങൾ തുടങ്ങിയവ നമുക്ക് കുറവാണ്. ഇത് ഇന്ത്യയുടെ ഒരു ന്യൂനത തന്നെയാണ്. ഉത്പാദന മേഖലയിലേയ്ക്ക് നിക്ഷേപകർ വരാൻ മടിക്കുന്നതിന്റെ പ്രധാന കാരണവും ഇതു തന്നെ. എന്നാൽ അടുത്ത കാലത്ത് വാഹന നിർമ്മാണ വ്യവസായം, വാഹന സ്പെയർ പാർട്സ് നിർമ്മാണം, രാസവസ്തുക്കൾ, ഔഷധങ്ങൾ, എൻജിനിയറിംങ് തുടങ്ങിയ ചില മേഖലകളിൽ വൻ തോതിലുള്ള ആഗോള നിക്ഷേപം ഇവിടെ കേന്ദ്രീകരിക്കുന്നതിനുള്ള ലക്ഷണങ്ങൾ കാണുന്നു. നയരൂപരേഖകളിലൂടെ പ്രധാനമന്ത്രി ഊന്നൽ നല്കുന്ന ഇന്ത്യയിൽ നിർമ്മിക്കൂ, ഇന്ത്യയെ വിദഗ്ധമാക്കൂ എന്നീ രണ്ട് പതാകാനൗക പദ്ധതികളെ ഈ പശ്ചാത്തലത്തിൽ വേണം നാം മനസിലാക്കാൻ. വിഷമിപ്പിക്കുന്ന ഒരു കാര്യം അതിന്റെ തീവ്രത നഷ്ടപ്പെടുന്നു എന്നതാണ്.

ചൈനയുടെ മൊത്ത ആഭ്യന്തര ഉത്പാദന നിരക്ക് ഇന്ത്യയെക്കാൾ 3.8 മടങ്ങ് കൂടുതലാണ്. അവരുടെ മാതൃ വ്യവസായമായ യന്ത്രോപകരണ ഉത്പാദനം ഇന്ത്യയുടേതിനെക്കാൾ 55 മടങ്ങാണ്. അതിനാൽ നമ്മുടെ നിർമ്മാണ മേഖല 12 ശതമാനത്തിൽ നിന്ന് പ്രതിവർഷം 14 ശതമാനത്തിലേയ്ക്ക് വളരാൻ, അടുത്ത 15 വർഷത്തിനുള്ളിൽ ഉത്പാദന മേഖലയിൽ മാത്രം 100 ദശലക്ഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകാൻ, അടിസ്ഥാന വ്യവസായങ്ങൾ കൂടുതൽ ശക്തമാക്കാൻ, നിർമ്മാണ മേഖല നവീകരിക്കാൻ, മത്സ

രക്ഷമതയും സുസ്ഥിരതയും നേടാൻ നാം തന്ത്രങ്ങൾ ആവിഷ്കരിച്ചേ പറ്റൂ. സമഗ്ര നിർമ്മാണ നയതന്ത്രവും നവീകരണ തന്ത്രവും ഒന്നിച്ച് മുന്നേറണം. അതിന് ഇപ്പോൾ നാം പിന്തുടരുന്ന തന്ത്രങ്ങളിൽ കാതലായ മാറ്റങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

**2. നിർമ്മാണ മത്സരക്ഷമത: അർത്ഥവും വ്യാപ്തിയും**

ഒരു രാജ്യത്തിന്റെ വർത്തമാന കാലത്തിലെയും ഭാവിയിലെയും വളർച്ചയ്ക്ക് ആവശ്യമായ ഉത്പാദന വർധനവിനെ നിർണയിക്കുന്ന ഘടകങ്ങൾ കൃത്യമായി നിശ്ചയിച്ചിരിക്കുന്നവയാണ് മത്സരക്ഷമതയുള്ള സമ്പദ് വ്യവസ്ഥകൾ. മത്സരക്ഷമതയെ സഹായിക്കുന്ന സാമ്പത്തിക പരിസ്ഥിതിക്ക് ദേശീയ സമ്പദ് വ്യവസ്ഥകളെയും സഹായിക്കാൻ സാധിക്കും. അതുവഴി അവ ഭാവിയിൽ സുസ്ഥിരമായ സാമ്പത്തിക പ്രകടനം കാഴ്ച്ചവയ്ക്കും എന്ന് ഉറപ്പാക്കാനുമാകും.

ഒരു രാജ്യത്തിന്റെ ഉത്പാദനക്ഷമതയുടെ തലം നിശ്ചയിക്കുന്ന സ്ഥാപനങ്ങളുടെ, നയങ്ങളുടെ, ഘടകങ്ങളുടെ സ്ഥിതി എന്നാണ് ലോക സാമ്പത്തിക ഫോറം മത്സരക്ഷമതയെ നിർവചിക്കുന്നത്. മറുവശത്ത് ഈ ഉത്പാദനക്ഷമതാ തലമാണ് സമ്പദ്‌വ്യവസ്ഥയ്ക്ക് നേടാൻ സാധിക്കുന്ന പുരോഗതിയുടെ സുസ്ഥിര തലം നിശ്ചയിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ കൂടുതൽ മത്സരക്ഷമതയുള്ള സമ്പദ്‌വ്യവസ്ഥകൾക്ക് അവരുടെ പൗരന്മാർക്കായി കൂടുതൽ ഉയർന്ന തലത്തിൽ വരുമാനം ഉത്പാദിപ്പിക്കും.

**3. സംരംഭക മാനവും മത്സരക്ഷമതയും**

നിർമ്മാണമേഖലയെക്കുറിച്ചുള്ള മുഖ്യധാരാ തർക്കം ഇതുവരെ അത് വൻ സാങ്കേതിക വ്യാപാരങ്ങളിലും സംരംഭങ്ങളിലും മാത്രമെ ശ്രദ്ധിച്ചിരുന്നുള്ളു എന്നതത്രെ. സ്വാഭാവികമായും അക്കാദമിക ചർച്ചകളിൽ നിർമ്മാണം നിർണായകമായ ഒരു ആധിപത്യം സൃഷ്ടിച്ചിട്ടുണ്ട്. പക്ഷെ, അതിൽ ചെറുകിട, ഇടത്തരം സംരംഭങ്ങൾ പശ്ചാത്തലത്തിൽ മാത്രമായി നിയന്ത്രിച്ചു നിർത്തപ്പെട്ടിരുന്നു. അന്താരാഷ്ട്ര സ്ഥിതിവിവര കണക്കുകൾ പ്രകാരം 50 ശതമാനം ചെറുകിട വ്യവസായങ്ങൾ ആദ്യ വർഷത്തിൽ തന്നെ പരാജയപ്പെടുന്നു. 95 ശതമാനവും ആദ്യത്തെ അഞ്ചു വർഷത്തിനുള്ളിലും. സംരംഭകരുടെ പരിചയക്കുറവു മൂലം സംഭവിക്കുന്ന പരാജയങ്ങൾ കൂടാതെ, യോജിക്കാത്ത സ്ഥലങ്ങൾ, മൂലധനത്തിന്റെ അപര്യാപ്തത, അലംഭാവം എന്നിവയും ചെറുകിട വ്യവസായങ്ങളുടെ തകർച്ചയ്ക്കു കാരണങ്ങളാകുന്നു.

ആധുനിക ലോകത്തിൽ മത്സരക്ഷമതയുടെ നിർമ്മാണത്തെ ആഗോളവത്ക്കരണ പ്രക്രിയയുമായും സമ്പദ്‌വ്യവസ്ഥയുടെ ഉദാരീകരണവുമായും ബന്ധപ്പെടുത്തി വേണം ചർച്ച ചെയ്യാൻ. ഏതു രീതിയിലും വഴങ്ങുന്ന സ്പെഷലൈസേഷന്റെ കാലം ഉദയം ചെയ്തതോടെ, മത്സരക്ഷമതയുടെ നിർമ്മാണം പുതിയ മാനങ്ങളിലെത്തി. വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന വിവിധ തരം നിർമ്മാണ പ്രക്രിയകൾ അവയുടെ ചെലവുമായി ബന്ധപ്പെട്ട് ആ സ്ഥലങ്ങളുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്താൻ അവസരങ്ങൾ നല്കുന്നു. അതിനാൽ വിപണിയുടെ സ്ഥലം, വ്യാപ്തി , നടത്തിപ്പിന്റെ നിലവാരം തുടങ്ങിയവ മത്സരക്ഷമതയുടെ നിർമ്മാണത്തിൽ വളരെ നിർണായകമാണ്. നിർമ്മാണ മത്സരക്ഷമത കൈവരിക്കുന്നതിന് നിരന്തരമായ നവീകരണം അത്യന്താപേക്ഷിതമാകുന്നു. നവീകരണത്തിലേയ്ക്കുള്ള ഈ പ്രയാണത്തിൽ വളർച്ചയുടെ ഘടകങ്ങളെ കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. സ്ഥാപനം വിശാലമായ ഒരു വിപണിയാണോ അന്വേഷിക്കുന്നത്? അതോ തൊഴിലവസര സംരക്ഷ പോലുള്ള ഹ്രസ്വകാല ലക്ഷ്യങ്ങൾ മാത്രമെ ഉള്ളോ? നിർമ്മാണ മത്സരക്ഷമതയെ കുറിച്ചുള്ള ഏതു ചർച്ചയിലും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു. വിശാലമായ വിപണികൾ, സാങ്കേതിക നവീകരണങ്ങൾ, വൈദഗ്ധ്യ പദവി ഉയർത്തൽ എന്നിവയിൽ ധാരാളം അവസരങ്ങൾ കൊണ്ടുവരും.

**4. നിർമ്മാണ മത്സര ക്ഷമതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

ഇന്ത്യയിൽ മാത്രമല്ല, ഏതു വികസ്വര രാജ്യങ്ങളിലും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളാണ് നിർമ്മാണ മേഖലയുടെ നട്ടെല്ല്. നിർമ്മാണ മേഖലയുടെ മൊത്തം വളർച്ചയെ സഹായിക്കും എന്നതിനാൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമത ഉറപ്പുവരുത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ദേശീയ സമ്പദ് വ്യവസ്ഥയ്ക്കും അത് പ്രധാനപ്പെട്ട സംഗതി തന്നെ. സംഘടിത കാര്യക്ഷമതാ മാതൃകകളിൽ ഒരു പതിറ്റാണ്ടോളം നട

ത്തിയ പരീക്ഷണങ്ങൾ സൂചിപ്പിക്കുന്നത്, കൂട്ടായ്മകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള ഉത്പാദനക്ഷമത വളർത്താൻ ഈ മാതൃകകൾ സഹായിച്ചെങ്കിലും രാജ്യത്തിന്റെ നിർമ്മാണപരമായ കഴിവുകളെ അത് പ്രതികൂലമായി ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് ദേശീയ നിർമ്മാണ മത്സരക്ഷമതാ കൗൺസിൽ സ്ഥാപിതമാകുന്നത്.

മത്സരാധിഷ്ഠിത ലോകത്തിൽ സാധനങ്ങൾ ഉത്പാദിപ്പിച്ച് സ്വന്തമായി നിലകൊണ്ട ചെറുകിട ഇടത്തരം സംരംഭങ്ങൾ അവരുടെ കമ്പനികളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വന്തമായി സ്വീകരിച്ചു. ആഗോളീകൃത ലോകത്തിൽ ഇത്തരം യൂണിറ്റുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക വളരെ ബുദ്ധിമുട്ടാണ്. അവർക്ക് പുനസംഘടനയും പുനർ നിർമ്മാണവും നടത്തണം. എങ്കിലേ മത്സരക്ഷമമാകാനും അത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാനും സാധിക്കൂ. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നവീകരണം വഴി ദീർഘമായ ഫലങ്ങൾക്കു തുടക്കം കുറിക്കാൻ സാധിക്കും. അവരാണ് നവീകരണത്തിന്റെയും സാങ്കേതിക വികസനത്തിന്റെയും ഞാറ്റടികൾ, വലിയ കമ്പനികൾക്കുള്ള സാങ്കേതിക വിദ്യകളുടെ സ്രോതസുകൾ. അതിനാൽ സാങ്കേതിക വികസനത്തിലും മത്സരക്ഷമതയിൽ പുരോഗമിക്കുന്നതിനും ഈ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇത് വളരെ വ്യക്തമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആൻഡ് ഡവലപ്മെന്റ് നടത്തിയ പഠനത്തിൽ വ്യക്തമായിട്ടുള്ളതാണ്. എന്നാൽ മന്ത്രാലയം ഉൾപ്പെടെ ആരും ഇത് ഗൗരമവായി എടുത്തിട്ടില്ല. ഇവിടെയാണ് അടിസ്ഥാനപരമായ മാറ്റം ഉണ്ടാവേണ്ടത്.

സാങ്കേതിക വിദ്യ, നിർവഹണം, രൂപകല്പന എന്നിവയിൽ ഒരു സമഗ്രമായ ഏകീകരണം വേണം. എങ്കിൽ മാത്രമെ മത്സരക്ഷമത കൈവരിക്കാനാവൂ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ളിൽ ഇത് എപ്പോഴും സാധ്യമായി എന്നു വരില്ല. അപ്പോൾ അതിനു വീണ്ടും പുറത്തുനിന്നുള്ള വിദഗ്ധന്റെ സഹായം വേണ്ടി വരും.

### 4.1 സാങ്കേതിക വിദ്യയും നവീകരണവും

പുതിയ നൂറ്റാണ്ടിൽ സംരംഭ വികസനത്തിന് രണ്ടു മാതൃകകൾ ഉണ്ട്. ഇതിൽ ഒന്ന് മിക്ക വികസ്വര രാജ്യങ്ങളിലും നിലവിലുള്ളതാണ്. ഇവിടെ ഗവൺമെന്റാണ് ഇതിനെ സഹായിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നത്. വ്യാവസായിക രാജ്യങ്ങളിൽ ഊന്നൽ നവീകരണത്തിനാണ്.

മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ഭാഗമെന്ന നിലയിൽ ഗവേഷണ വികസന ചെലവുകൾ ഈ നവീകരണത്തിന്റെ സൂചകമായി കാണാം. ഇന്ത്യൻ പശ്ചാത്തലത്തിൽ ഈ സാഹചര്യം വിശാലമായി ചർച്ച ചെയ്തതാണ്. ഇക്കാര്യത്തിൽ ഇന്ത്യയുടെ ശേഷി ഉയർന്നിട്ടുണ്ട് എന്നാണ് വാദഗതി. പക്ഷെ ഈ ഏകദേശ കണക്കുകൾ വ്യക്തമായ ഒരു ചിത്രം നമുക്കു നല്കുന്നില്ല. നവീകരണം, ഗവേഷണ വികസനം എന്നീ മേഖലകളിൽ ഇന്ത്യ ഇനിയും കാര്യമായ വളർച്ച നേടിയിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ ആയിരം കമ്പനികളിൽ ഇന്ത്യയിൽ നിന്ന് ആകെ നാലെണ്ണം മാത്രമാണുള്ളത്. ഗവേഷണ വികസന ചെലവിൽ അവരാണ് മുന്നിൽ നില്ക്കുന്നത്. മൊത്തത്തിലുള്ള കാര്യങ്ങൾ മേൽ വിവരിച്ച പോലെ ആണെന്നിരിക്കെ, ചെറുകിട ഇടത്തരം സംരംഭകരുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ അത്ര പ്രോത്സാഹ ജനകമല്ല. ചെറുകിട ഇടത്തരം സംരംഭക മേഖലയുടെ പ്രത്യേകത അതിന്റെ വൈവിധ്യമാർന്ന ഉത്പ്പന്നങ്ങളാണ്. അതിലെ ഗവേഷണ വികസന അവസ്ഥ താരതമ്യേന താഴ്ന്നതുമാണ്. പല പഠനങ്ങളിലും ഇത് ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്(ഐഎസ്ഇഡി 2009).

സാങ്കേതിക വിപ്ലവത്തിന്റെ ഫലമായി ലോകത്തിൽ ഓരോ ദിവസവും പുതിയ ഉത്പ്പന്നങ്ങളും പുതിയ നിർമ്മാണ പ്രക്രിയകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പ്രക്രിയകളും ഉത്പ്പന്നങ്ങളും നമ്മുടെ സ്ഥാപനങ്ങൾ സ്വീകരിച്ചാൽ എന്ന ചോദ്യത്തിൽ അനിശ്ചിതമായ ചില നിർണ്ണായക ഘടകങ്ങൾ കൂടി ഉണ്ട്. ഈ ഘടകങ്ങളെ രണ്ടായി തിരിക്കാം. ഒന്ന് നിർബന്ധപൂർവ്വമുള്ള ക്രമം, രണ്ടാമത്തേത് അനുമതിയോടെയുള്ള ക്രമം.

### 4.2 ഉയർന്ന വൈദഗ്ധ്യം നേടുന്നതിനുള്ള നടപടികൾ

എല്ലാ സംസ്ഥാന - കേന്ദ്ര മന്ത്രിസഭകളും ഇടയ്ക്കിടെ വൈദഗ്ധ്യം ഉയർത്തുന്നതിനു വിവിധ തരം പദ്ധതികളിൽ ഏർപ്പെടാറുണ്ട്. കീഴ് വിഭാഗങ്ങളുടെ വൈദഗ്ധ്യത്തെകുറിച്ച് മനസിലാക്കിയാണ് ഈ പദ്ധതികൾ ആസൂത്രണം ചെയ്യുക. മനുഷ്യന്റെ കഴിവുകളും ശേഷിയും മറ്റും കൂടുതൽ വൈദഗ്ധ്യമുള്ളതായാൽ സമ്പദ്ഘടന കൂടുതൽ ഉത്പാദനപരമാകും, നവീനമാകും, മത്സര

ക്ഷമമാകും. ഏതു സമ്പദ്‌വ്യവസ്ഥയിലും വികസനപ്രക്രിയയുടെ സൂചകം എന്നു പറയുന്നത് തൊഴിലവസരങ്ങളുടെ വളർച്ചയാണ്. ആഗോളവത്ക്കരണത്തിന്റെയും സാങ്കേതിക മാറ്റത്തിന്റെയും പുരോഗതി, ഒരേസമയം സാമ്പത്തിക വളർച്ചയിലും തൊഴിൽ സൃഷ്ടിയിലും വെല്ലുവിളികളും സാധ്യതകളും നല്കുന്നു. കൂടുതൽ ഉയർന്ന തലത്തിൽ വൈദഗ്ധ്യം ഉള്ള രാജ്യങ്ങൾ ആഗോളവത്ക്കരണത്തിന്റെ വെല്ലുവിളികളെ കൂടുതൽ കാര്യക്ഷമമായി ക്രമപ്പെടുത്തുന്നു.

ഇന്ത്യയുടെ ഏറ്റവും വലിയ പ്രശ്നമാണ് തൊഴിലും വൈദഗ്ധ്യവും തമ്മിലുള്ള അന്തരം. ആളുകൾ ആദ്യം തൊഴിലധിഷ്ഠിത പരിശീലനം നേടിയ ശേഷം തൊഴിലിൽ പ്രവേശിച്ചാൽ നന്നായേനെ. ഇന്ത്യയുടെ 93 ശതമാനം വരുന്ന അർദ്ധ വിദഗ്ധരും വിദഗ്ധരുമായ അസംഘടിത തൊഴിലാളികൾ പരിശീലനം ലഭിച്ചവരല്ല. രാജ്യത്തെ താഴ്ന്ന വൈദഗ്ധ്യ പരിശീലന സ്ഥാപനങ്ങളിലെ വലിയ വിടവ് നികത്താനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്ത് വിവിധ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ 2020 ആകുമ്പോൾ 2.5 ദശലക്ഷം സീറ്റുകൾ ലഭ്യമാക്കാനാണ് പദ്ധതി. അതോടെ ഓരോ വർഷവും 12.8 ദശലക്ഷം ആളുകൾ പരിശീലനം നേടി തൊഴിൽ വിപണിയിൽ എത്തും. ഡോക്ടർമാർ, എൻജിനിയർമാർ, മാനേജർമാർ ഉൾപ്പെടെ ഉയർന്ന വൈദഗ്ധ്യവും സാമാന്യവൈദഗ്ധ്യവും ഉള്ള 540 ദശലക്ഷം ജോലിക്കാരെയാണ് 2020 ൽ ലോകത്തിൽ ആവശ്യമുള്ളത്. ഇതിൽ 50 ശതമാനം പേർ ഇന്ത്യയിൽ നിന്നായിരിക്കുമെന്നാണ് കണക്കു കൂട്ടുന്നത്. എന്നാൽ രാജ്യത്തു നിന്ന് ഇന്നുള്ള കുടിയേറ്റം വച്ച് നോക്കുമ്പോൾ ഇത്രയും വിദഗ്ധരെ നല്കാൻ സാധിച്ചു എന്നു വരില്ല. എന്തായാലും ഇതിന്റെ ദൂഷ്യഫലം മുഴുവൻ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖലയ്ക്കായിരിക്കും. മറ്റൊരു വശത്ത് പുറത്തേയ്ക്കുള്ള കുടിയേറ്റം മൂലം രാജ്യത്തിനകത്ത് ഈ വിദഗ്ധരുടെ പൊതുവിലുള്ള കുറവ് ഉണ്ടാകും. അത് സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖലയിൽ വേതന വർധനവിനു കാരണമാകും. അതോടെ അത്തരം സ്ഥാപനങ്ങളുടെ നിലനില്പു തന്നെ ബുദ്ധിമുട്ടാകും. അതിനാൽ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല ഈ വൈദഗ്ധ്യ വിടവ് എങ്ങനെ പരിഹരിക്കാം എന്നതിനെ കുറിച്ച് ഒരു സ്ഥിരം വേദിയിൽ ചിന്തിക്കണം.

വൈദഗ്ധ്യ വികസനത്തിനുള്ള സമഗ്രസമീപനത്തിന്റെ രൂപരേഖ പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിലും കേന്ദ്ര ബജറ്റിലും നല്കിയിട്ടുണ്ട്. നാഷണൽ മൾട്ടി സ്കില്ലിംങ് പ്രോഗ്രാം എന്ന പേരിലുള്ള സ്കിൽ ഇന്ത്യക്ക് ഇന്ത്യയിലെ യുവാക്കൾക്ക് വിദഗ്ധ പരിശീലനം നല്കി തൊഴിലിനു യോഗ്യതയുള്ളവരും ജീവിത ലക്ഷ്യമുള്ളവരുമാക്കി മാറ്റുക എന്നതാണ് ഉദ്ദേശ്യം. പരമ്പരാഗത തൊഴിലുകളായ വെൽഡിംങ്, മരപ്പണി, ചെരുപ്പു കുത്ത്, കൽപ്പണി, ഇരുമ്പുപണി, നെയ്ത്ത് എന്നിവയിലും പരിശീലനം ഉദ്ദേശിക്കുന്നു. ഇതിനായി വിവിധ പദ്ധതികളെ സംയോജിപ്പിക്കാനും നിർദ്ദേശമുണ്ട്. തൊഴിൽ വിപണിയിൽ പുതിയ ഒരു പരിവർത്തനം സൃഷ്ടിക്കുക എന്നതാണ് സ്കിൽ ഇന്ത്യ കൊണ്ട് ലക്ഷ്യമാക്കുന്നത്. പ്രധാന ലക്ഷ്യം തൊഴിൽ വിപണിയിൽ അവസരങ്ങൾ ഉറപ്പാക്കുക എന്നതത്രെ. വളരുന്ന ഒരു സമ്പദ്‌വ്യവസ്ഥയിൽ തൊഴിൽ അവസരങ്ങൾ ധാരാളം സൃഷ്ടിക്കപ്പെടുമ്പോൾ അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് പൊതു നയങ്ങളാണ്. ഇവിടെ സ്വകാര്യ മേഖലയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിവർത്തനമാണ് ഉദ്ദേശിക്കുന്നത്.

2015 ലെ കേന്ദ്ര ബജറ്റ് ഈ മേഖലയിൽ കൂടുതൽ മൂലധന നിക്ഷേപം ഉദ്ദേശിക്കുന്നു. ബജറ്റിൽ വിദ്യാഭ്യാസ വിഭാഗത്തിൽ വൈദഗ്ധ്യ വികസനത്തിനാണ് കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നത്. പിരമിഡിന്റെ അടിയിൽ തൊഴിലവസര സൃഷ്ടിയാണ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യം, ഊർജ്ജം, നിർമ്മാണം, സ്വച്ഛ്ഭാരത്, ക്ലീൻ ഗംഗ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ പദ്ധതികളിൽ വൻ മുതൽ മുടക്കാണ് ബജറ്റ് നിർദ്ദേശിക്കുന്നത്. സ്കിൽ ഇന്ത്യയും ദേശീയ വൈദഗ്ധ്യ ദൗത്യവും 31 മേഖലകളിൽ വിദഗ്ധ പരിശീലനം നല്കാൻ ഉദ്ദേശിക്കുന്നു.

**4.3 സംരംഭകത്വ നയം**

ഇന്ത്യയിലെ തൊഴിലവസര സൃഷ്ടി നയങ്ങൾ കുറെ സ്വയം തൊഴിൽ പദ്ധതികളാണ്. അവയെ ചെറുകിട ഇടത്തരം സംരംഭങ്ങളുമായി വേണമെങ്കിൽ യോജിപ്പിക്കാം. ഈ നയങ്ങൾ യഥാർത്ഥത്തിൽ കുറെ സാമ്പത്തിക നടപടികളെയാണ് പ്രതിനിധീകരിക്കുന്നത്. ചെറുകിട ഇടത്തരം സംരംഭ നയങ്ങൾ ചെറിയ വ്യവസായങ്ങൾ തുടങ്ങുന്നതിലാണ് ശ്രദ്ധിക്കുക. അല്ലാതെ

സംരംഭകരെയല്ല. സംരംഭകർക്ക് ശരിയായ വിപണി ലഭിച്ചാൽ ഏതു അനിശ്ചിത സാഹചര്യത്തിലും വളർച്ചയുള്ള വ്യവസായം ആരംഭിക്കാം. സ്വയം തൊഴിൽ പദ്ധതികൾക്കു പണം നല്കുന്നതും ചെറുകിട വ്യവസായത്തിന് സാഹചര്യം സൃഷ്ടിക്കുന്നതും കൊണ്ടു മാത്രം വളർച്ചാ കേന്ദ്രീകൃത സംരംഭക വ്യവസായങ്ങൾ ഉറപ്പാക്കാനാവില്ല എന്നാണ് ലോകം മുഴുവൻ ഇപ്പോൾ വിശ്വസിക്കുന്നത്.

സംരംഭകത്വ സമ്പ്രദായത്തിലേയ്ക്കുള്ള ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പരിവർത്തനത്തിന്റെ പുരോഗതി അളക്കുന്നതും നിരീക്ഷിക്കുന്നതുമാണ് വളരെ നിർണായകമായിട്ടുള്ളത്. ഇതിനുള്ള പ്രവർത്തന ഘടന രൂപപ്പെടുത്തണം. ദേശീയ സംരംഭകത്വ നയം നടപ്പാക്കാൻ ഒരു മന്ത്രാലയം മാത്രം വിചാരിച്ചാൽ സാധിക്കില്ല. സംരംഭകത്വ വികസനത്തിനു പ്രാമുഖ്യം നല്കി വിവിധ മന്ത്രാലയങ്ങൾ ചേർന്നു വേണം ഇതു നടപ്പാക്കാൻ. പ്രാദേശിക തലത്തിൽ ഇതിനെ സഹകരണമെന്നോ, പൊതു സ്വകാര്യ മേഖലകളിലെ വിദ്യാഭ്യാസ, ധന, സാമൂഹിക സാസ്കാരിക സംഘടനകളുടെ ഏകോപനമെന്നോ സങ്കല്പിക്കാം. പ്രാദേശിക തലത്തിൽ ഉദ്യോഗസ്ഥരെയും സാമൂഹിക പ്രവർത്തകരെയും ഒരുമിച്ച് കൊണ്ടു പോകണം. അതിനു ശക്തമായ രാഷ്ട്രിയ നേതൃത്വം വേണ്ടിവരും. സംരംഭകത്വ സമ്പദ്‌വ്യവസ്ഥയെ കുറിച്ച് നല്ല ധാരണയുള്ള യുവ നേതൃത്വമാണ് ഇതിന് യോജിച്ചത്. നിർമ്മാണ മത്സരക്ഷമത ചർച്ചാവിഷയമായി വന്നിരിക്കുന്ന ഈ സമയമാണ് ദേശീയ സംരംഭകത്വ നയം അവതരിപ്പിക്കാൻ അനുയോജ്യമായ അവസരം.

ആഗോളവത്ക്കരണത്തിന്റെ ത്വരിത വ്യാപനം അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയുമായുള്ള പ്രാദേശിക ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ലയന പ്രക്രിയയെ ഉത്തേജിപ്പിച്ചിട്ടുണ്ട്. ചലനാത്മകമായ ഈ വിപണിയിൽ തന്ത്രമാണ് വ്യവസായത്തിന് പ്രധാനം. അതിനാൽ പ്രാദേശിക സംരംഭകർ സ്വന്തം ബ്രാൻഡിൽ ഉത്പ്പന്നങ്ങൾ നിർമ്മിക്കുക, അല്ലെങ്കിൽ വിദേശ പങ്കാളിത്തം ഉറപ്പാക്കുക. അങ്ങനെ മത്സരത്തെ ആശ്ലേഷിക്കുന്നതിന് സ്വയം സജ്ജരാകുക. ഒരു കടയുമായി പരമ്പരാഗതമായ ശൈലിയിൽ മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്ന പ്രാദേശികമായ ചെറുകിട ഇടത്തരം സംരംഭങ്ങൾ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താതെ അവരുടെ മത്സരക്ഷമത വർധിപ്പാക്കാൻ നോക്കുക. അങ്ങനെ വ്യവസായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, വ്യത്യസ്തമായ ബ്രാൻഡ് നിർമ്മിക്കുക, അങ്ങനെ മത്സരത്തിൽ വിജയിക്കുക.

**4.4 വിജ്ഞാന സംവിധാന വികസനം**

വിജ്ഞാനമാണ് സംരംഭക വികസനത്തിലെ നിർണായക ഘടകം എന്നാണ് സംരംഭക വികസനം, പ്രത്യേകിച്ച് ചെറുകിട, ഇടത്തരം സംരംഭങ്ങൾ സംബന്ധിച്ച നിരവധി പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വൈജ്ഞാനിക നിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്. വിജ്ഞാനം ഒരു വികസന സ്രോതസായി മാറിയിരിക്കുന്നു. ഇന്ത്യയുടെ വിജ്ഞാനശേഷി മുഴുവൻ ഉപയോഗപ്പെടുത്തുകയാണെങ്കിൽ വികസനത്തിൽ നാം ലോകത്തെ ഞെട്ടിപ്പിക്കുന്ന നാടകീയ വളർച്ച നേടും എന്നാണ് വിദഗ്ധമതം. എന്നാൽ വിജ്ഞാന ഉത്പാദനവും വിജ്ഞാന പ്രയോഗവും തമ്മിൽ ഇന്ത്യയിൽ വലിയ വിടവുണ്ട്. അത് നയതന്ത്രങ്ങളിലൂടെ നികത്തണം.

സാമ്പത്തിക വളർച്ചാ പ്രക്രിയ കൂടുതൽ വിജ്ഞാന കേന്ദ്രീകൃതമായി വരികയാണ്. ഏറ്റവും ഒടുവിലുള്ള കണക്കുകൾ പ്രകാരം 50–60 ശതമാനം വ്യവസായങ്ങളിൽ നിന്നുള്ള ഉത്പ്പന്നങ്ങളും വിവരാധിഷ്ഠിതമാണ്. ഉത്പന്നങ്ങളുടെ ഗുണമേന്മ, ചെലവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവരങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്തുകൊണ്ടാണ് ആധുനിക നിർമ്മാണ വ്യവസായങ്ങളെല്ലാം വിജയിക്കുന്നത്. പുത്തൻ തൊഴിലവസരങ്ങളുടെയും സാമ്പത്തിക പുരോഗതിയുടെയും മുഖ്യ സ്രോതസായ സേവന മേഖല അടിയന്തിരമായും വിജ്ഞാനാടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ വിവര നടത്തിപ്പ്, വിജ്ഞാന നടത്തിപ്പ് എന്നിങ്ങനെയുള്ള ഒരു സമീപനവും ആവശ്യമാണ്. ലഭിക്കുന്ന വിവരങ്ങളെ ഡാറ്റാ ബേസ് രൂപത്തിലേയ്ക്കു മാറ്റുന്നതാണ് ഇൻഫർമേഷൻ മാനേജ്മെന്റ് (വിവര നടത്തിപ്പ്). സ്വന്തം വ്യവസായത്തിന്റെ വളർച്ചയ്ക്കു വേണ്ടി മറ്റുള്ളവരിൽ നിന്ന് അറിവുകൾ ചോർത്തിയെടുക്കുന്നതാണ് നോളജ് മാനേജ്മെന്റ് (വിജ്ഞാനനടത്തിപ്പ്). ശരിയായി നടത്തിയാൽ ഇതു വളരെ നിർണായകമാണ്. പക്ഷെ ഇവ രണ്ടും ഒറ്റയ്ക്ക് നടക്കുന്ന പ്രവൃത്തികളല്ല.

വികസനം നാല് വിജ്ഞാന പ്രക്രിയകളിലൂ

ടെയാണ് നടക്കുക.

**1. വിജ്ഞാന ഉത്പാദനവും ശേഖരണവും.** ഇത് കണ്ടുപിടുത്തം, ഗവേഷണം, സാങ്കേതിക വിവര കൈമാറ്റം, സംഘടനകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ വഴിയാണ് നടക്കുക.

**2. വിജ്ഞാനവുമായി ഒത്തുപോകുക.** ചില പ്രത്യേക മേഖലകളിൽ നവീകരണത്തിലൂടെയും ആവശ്യകതയിലൂടെയും നിർവഹണ സാഹചര്യത്തിലൂടെയുമാണ് ഇതു സംഭവിക്കുക

**3.വിജ്ഞാനവ്യാപനം.** ഔപചാരിക വിവര വിനിമയ ചാലുകളിലൂടെ വിജ്ഞാന നിർമ്മാതാക്കളിൽ നിന്ന് സമൂഹത്തിന്റെ നന്മക്കായി ഉത്തരവാദിത്വമുള്ളവർ ഇതു സ്വീകിരിക്കുന്നു.

**4.വിജ്ഞാന പ്രയോഗം.** വിദഗ്ധ സ്ഥാപനങ്ങളിൽ, ഫാക്ടറികളിൽ, ക്ലാസ്മുറികളിൽ, ആശുപത്രികളിൽ തുടങ്ങി എല്ലാ പ്രവർത്തന മേഖലകളിലും ഫലത്തിനു വേണ്ടി ഇതു നടത്തുക.

ഇന്ത്യൻ പശ്ചാത്തലത്തിൽ ഈ പ്രവൃത്തി ചെയ്യുന്നത് ഗുണഭോക്താക്കളാണ്. അതിൽ തന്നെ പലതരം സാംസ്കാരിക കീഴ് വഴക്കങ്ങളുണ്ട്. ത്വരിത ഗതിയിലുള്ള വികസനത്തിനായി ഇത്തരം അറിവുകൾ സംഭരിക്കുക എന്നതാണ് ഇന്നിന്റെ വെല്ലുവിളി. സ്വകാര്യ മേഖലയിലുള്ള വൈദഗ്ധ്യത്തെ വളരെ ശ്രദ്ധാപൂർവം സ്വകാര്യ - പൊതു പങ്കാളിത്തത്തിലൂടെ തിരിച്ചു വിട്ടാൽ ഈ അവസ്ഥ മാറ്റാം.

### 4.5 അടിസ്ഥാനസൗകര്യങ്ങളുടെ പങ്ക്

ആധുനികവും സുസംഘടിതവും, വ്യാപകവുമായ അടിസ്ഥാന സൗകര്യമാണ് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുള്ള മുൻ ഉപാധി. കഴിഞ്ഞ കുറെ വർഷങ്ങളായി മന്ദഗതിയിൽ നീങ്ങുന്ന നിർമ്മാണ മേഖല മൊത്ത ആഭ്യന്തര ഉത്പാദനം 15 ശതമാനത്തിൽ നിന്ന് 25 ശതമാനമായി വർധിപ്പിക്കണം. അതിലൂടെ 100 ദശലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

വിദേശ നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും ആകർഷിക്കുമ്പോൾ അവ നമ്മുടെ തൊഴിലിലും നവീകരണത്തിലും നിർമ്മാണത്തിലും പ്രതിഫലിക്കണം. വിദേശ സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ വികസ്വര രാജ്യങ്ങളിൽ അനുയോജ്യരായ സ്വീകർത്താക്കൾ ആവശ്യമുണ്ട്. ഇവർ ആതിഥേയ രാജ്യത്തെ ഉത്പാദക സംരംഭങ്ങളാണ്. അവർ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് ആഭ്യന്തര, ബാഹ്യ വിപണികളിലേയ്ക്കുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നു. സാങ്കേതിക വിദ്യ ഏറ്റെടുക്കാൻ വിദേശത്തെ ഗവേഷണ വികസന പരീക്ഷണ ശാലയുടെ ഇവിടുത്തെ ഭാഗമായി ഒരു പരീക്ഷണശാല മാത്രം പോരാ. ഉത്പാദക യൂണിറ്റു കൂടി വേണം.

പ്രാദേശിക പങ്കാളിക്ക് വ്യവസായ മനസ് കൂടി വേണം. ലാഭത്തിൽ സാധനങ്ങൾ നിർമ്മിച്ചു വിൽക്കാനുള്ള താല്പര്യത്തിനുമപ്പുറം നല്ല സാങ്കേതിക അടിത്തറയുള്ള സ്ഥാപനം തുടങ്ങുന്നതിനുള്ള ആഗ്രഹം വേണം. അതിനാൽ ഇത്തരം സാങ്കേതിക വിദ്യകൾ മിക്കവാറും സ്വായത്തമാക്കുക സ്വകാര്യ കമ്പനികളാണ്.അതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കാരണം അവരുടെ മനസിൽ ഒരു നിശ്ചയ ദാർഢ്യമുണ്ട്. ഇത് ഞങ്ങളുടെ രാജ്യത്തും നടക്കും. ഒരു ദിവസം നിങ്ങളെക്കാൾ നന്നായി ഞങ്ങൾ നടത്തും. അവർ അത് തെളിയിക്കുകയും ചെയ്യും.

ചൈനയിൽ നിർമ്മാണ നയങ്ങൾ രൂപീകരിക്കുന്നത് ആഭ്യന്തര ശേഷികൾ ശക്തമാക്കാനാണ്. ചൈന തങ്ങളുടെ ബൗദ്ധിക സ്വത്ത് മോഷ്ടിച്ചുകളയുമോ എന്നാണ് വിദേശ കമ്പനികളുടെ ഭയം. ചൈനയിലെ ബൗദ്ധിക സ്വത്തവകാശ നയങ്ങൾ വിദേശ കമ്പനികൾക്ക് അനുകൂലമല്ലെങ്കിലും ചൈനയിൽ നല്ല വിപണിയുണ്ട്. അതാണ് വിദേശ കമ്പനികളെ അവിടെ തങ്ങാൻ പ്രേരിപ്പിക്കുന്നത്.

ആഗോള സമ്പദ് വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ ദേശീയ നിർമ്മാണ നയം പരിഷ്കരിക്കാൻ സമയമായിരിക്കുന്നു. ഇന്ത്യയുടെ ഭാവി വളർച്ചയുടെ കഥ അതിനെ അടിസ്ഥാനമാക്കിയായിരിക്കും. അടിസ്ഥാന സൗകര്യം, ഭരണം തുടങ്ങിയവയിലെ ദൗർബല്യങ്ങൾ നാം മറക്കണം. ആസൂത്രിത സമ്പദ്വ്യവസ്ഥയ്ക്ക് നയതന്ത്രം തിരിച്ചടിയാവരുത്. ഒപ്പം ചൈനയുടെ അനുകരണവുമാകരുത്. ഇതാണ് ഇന്ത്യൻ നയതന്ത്ര വിദഗ്ധരുടെ മുന്നിലുള്ള വെല്ലുവിളി. അതായത് ഇന്ത്യയുടെ നിർമ്മാണ ശേഷി വർധിപ്പിക്കുക, അതിനുമുപരി ഇന്ത്യയുടെ ശാസ്ത്ര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക.

**ചെറുകിട വ്യവസായ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറാണ് ലേഖകൻ**



# ഉത്പാദന വളർച്ച, മത്സരക്ഷമത, വെല്ലുവിളികൾ

അരൂപ് മിത്ര

സാമ്പത്തിക വളർച്ചയെ നിർണയിക്കുന്ന പ്രധാന ഘടകം വ്യവസായവത്ക്കരണമാണെന്ന് ഇന്നത്തെ ഏതു വികസിത രാജ്യത്തിന്റെയും അനുഭവ ചരിത്രം പരിശോധിച്ചാൽ മനസിലാക്കാൻ സാധിക്കും. എന്നാൽ വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം 1990 മുതൽ ഉത്പാദനം മുൻകാലങ്ങളിലേതു പോലെ വളർച്ചയ്ക്കുള്ള എളുപ്പവഴിയല്ല എന്നാണ് ഒരു വാദം. ഉത്പാദനവും വിദ്യാഭ്യാസവും തമ്മിലുള്ള രസകരമായ ചില ഇടപെടലുകളുടെ ഫലങ്ങളും അവിടെ കാണാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ തൊഴിലിന്റെ വ്യവസായവത്ക്കരണമായിരുന്നു വളർച്ചയുടെ പ്രധാന മാർഗ്ഗം എന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. തൊഴിലാളി ശക്തിയുടെ രൂപീകരണത്തിൽ മൂലധന നിക്ഷേപത്തിനുള്ള സ്വാധീനത്തിനാണ് അത് ഊന്നൽ നല്കുന്നത്. ഉപകരണ നിക്ഷേപം വഴിയുള്ള വ്യവസായവത്ക്കരണം എന്ന ഇപ്പോഴത്തെ അവകാശവാദങ്ങൾ പോലെയായിരുന്നില്ല അത്. വികസ്വര രാജ്യങ്ങളുടെ വിജയത്തിനുള്ള പ്രധാന കാരണമായി അവർ നിർദ്ദേശിക്കുന്നത് തൊഴിൽ വ്യവസായവത്ക്കരണ നയങ്ങളത്രെ.

ആഗോളവത്ക്കരണം രാജ്യങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി. തുറന്ന വിപണികൾ, വിദേശ നിക്ഷേപം, മൂലധന സമാഹരണം, സാങ്കേതിക വിദ്യ കൈമാറ്റം, തുടങ്ങി പലവിധ വളർച്ചാ കേന്ദ്രീകൃത തന്ത്രങ്ങളാണ് ഈ രാജ്യങ്ങളെല്ലാം വൻ തോതിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്തായാലും വ്യവസായ മേഖലയിലെ ഊർജ്ജസ്വലതയില്ലാത്ത ഈ തൊഴിൽ വളർച്ചയ്ക്കു കാരണം ഇറക്കുമതി ചെയ്ത മൂലധന പ്രാധാന്യമുള്ള സാങ്കേതിക വിദ്യയാണെന്നാണ് ഈ സാഹചര്യത്തിലെ പ്രധാനപ്പെട്ട ഒരു അനുമാനം. മൂലധന-തൊഴിൽ വൈദഗ്ധ്യ കേന്ദ്രീകൃതങ്ങളായ പുത്തൻ സാങ്കേതിക വിദ്യയുടെ ഇറക്കുമതി വിദഗ്ധ തൊഴിലാളികളെ വൻ തോതിൽ ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. തൊഴിലിൽ വൈദഗ്ധ്യം ഇല്ലാത്തവരെ ആർക്കും വേണ്ട.

മറ്റൊരു വാദഗതി തൊഴിൽ വിപണി നിയമങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇന്ത്യൻ പശ്ചാത്തലത്തിലുള്ള തൊഴിൽ നിയമങ്ങൾ കാലഹരണപ്പെട്ടതും തൊഴിലാളികൾക്ക് അനുകൂലവുമാണെന്നാണ് നയവൃത്തങ്ങളിൽ പരക്കെയുള്ള വിശ്വാസം. തൊഴിൽ വിപണിയുടെ കാർക്കശ്യം മൂലം സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ ഉത്പാദനത്തിനും സുസ്ഥിരമായ ആവേശം നേടാൻ സാധിക്കുന്നില്ല. സാമ്പത്തിക പരിഷ്കാരങ്ങളെ അനുകൂലിക്കുന്നവർ ഊന്നൽ നല്കുന്നത് തൊഴിൽ വിപണിയിലെ കർശന നിയന്ത്രണങ്ങൾ എടുത്ത് കളയുന്നതിനാണ്. ഇതിനു കാരണം ആഗോളവത്ക്കരണവും, ഉത്പാദന പ്രവർത്തനങ്ങളുടെ സ്ഥാനചലനവുമാണ്. ഇത് തൊഴിൽ വിപണിയിലെ വേതനം, തൊഴിൽ ഉത്പാദനക്ഷമത എന്നിവയെ ബാധിക്കുമെന്നാണ് വിദഗ്ധ മതം. അതിലും ഉപരിയായി വാണിജ്യമേഖലയിലെയും മറ്റും പരിഷ്കാരങ്ങൾ വിജയിക്കണമെങ്കിൽ തൊഴിൽ വിപണിയിലെ പരിഷ്കാരങ്ങൾ വളരെ അത്യാവശ്യമായ ഒരു മുൻ ഉപാധിയാണ്. വികസ്വര രാജ്യങ്ങളിലെ തൊഴിൽ വിപണികളിൽ ജോലി, വേതനം, നയ

ങ്ങൾ തുടങ്ങിയവയിൽ പൊതുവെ വളരെ സങ്കുചിതമായ നിലപാടുകളാണുള്ളതെന്നു വിദഗ്ധർ നിരീക്ഷിക്കുന്നുണ്ട്. ഇതിനെല്ലാം അടിസ്ഥാനം രാജ്യത്തെ തൊഴിൽ നിയമവുമാണ്. കൂടാതെ നിക്ഷേപം, ഭൂലഭ്യത, അടിസ്ഥാന സൗകര്യം, വിദഗ്ധ തൊഴിലാളികൾ തുടങ്ങി പല ഘടകങ്ങളെയും ഇതു ബാധിക്കും.

ഇനിയും ഒരു വാദഗതി, തൊഴിൽ വിതരണ മേഖലയിൽ നിന്നാണ്. തൊഴിലാളികൾ എണ്ണത്തിൽ ധാരാളമുണ്ടെങ്കിലും അവരുടെ വൈദഗ്ധ്യമില്ലായ്മയാണ് പ്രധാന പ്രശ്നം. ഇവരെ മികച്ച ഉത്പാദനമേഖലകളിൽ ഉപയോഗിക്കാൻ സാധിക്കില്ല. എവിടെങ്കിലുമൊക്കെ താല്ക്കാലികമായി ജോലിക്ക് നിയമിക്കാം അത്രമാത്രം. തൊഴിലാളികളുടെ ഗുണമേന്മ വളരെ പ്രധാനപ്പെട്ട വിഷയമാണ്. അതിന് തൊഴിലുകളിൽ വിദഗ്ധ പരിശീലനം നേടേണ്ടിയിരിക്കുന്നു. ഇത്തരം പരിശീലനം നല്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നുണ്ട്. പഠിതാക്കൾക്ക് ഡിപ്ലോമകൾ വരെ നല്കുന്ന ഇത്തരം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് കൂടുതൽ ഇടപെടലുകൾ ഉണ്ടാവണം. രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ കുറിച്ച് നാം കൂടുതൽ ചിന്തിക്കണം. ജോലിക്കിടയിൽ തന്നെ വൈദഗ്ധ്യം സമ്പാദിക്കുക എന്നതാണ് ഈ പ്രശ്നം പരിഹരിക്കാനുള്ള മറ്റൊരു പോം വഴി.

അടുത്ത പതിറ്റാണ്ടിൽ വിവിധ തലങ്ങളിൽ വൈദഗ്ധ്യവും യോഗ്യതയും ഉള്ള ഒരു വലിയ വിഭാഗം ജനത്തിന് ഇന്ത്യ തൊഴിലവസരങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നിർമ്മാണ മേഖലയിലാണ് ഈ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നു വിശ്വസിക്കുന്നത്. തൊഴിലവസരങ്ങൾക്കുപരി, നിർമ്മാണ മേഖലയുടെ വളർച്ച ഇന്ത്യയുടെ സുസ്ഥിരമായ സാമ്പത്തിക പുരോഗതിയുടെ കാഴ്ച്ചപ്പാടിൽ വളരെ നിർണായകമാണ്. അതുകൊണ്ട് ഇന്ത്യൻ നിർമ്മാണ മേഖലയുടെ യഥാർത്ഥ സാധ്യതകൾ പ്രതിഫലിപ്പിക്കാൻ, വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് നിർമ്മാണ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനുള്ള നയ സാഹചര്യം സൃഷ്ടിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച തൊഴിൽ, വ്യവസായവത്ക്കരണ നയങ്ങളുടെ പ്രാധാന്യവും ഔപചാരിക നിർമ്മാണ മേഖലയിൽ വൻ തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഇന്ത്യയ്ക്ക് സാധിക്കില്ല എന്ന വസ്തുതയും കൂടി കണക്കിലെടുക്കുമ്പോൾ ദേശീയ നിർമ്മാണ നയം ഒരു വെള്ളി രേഖയാണ്.

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെയും വൻ തോതിലുള്ള തൊഴിൽ നഷ്ടപ്പെടലിന്റെയും പശ്ചാത്തലത്തിൽ അടിയന്തര തിരുത്തൽ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഇന്ത്യയുടെ കാര്യം പരുങ്ങലിലായേക്കാം. ഈ കാഴ്ച്ചപ്പാടിൽ ദേശീയ നിർമ്മാണ നയം വാഗ്ദാനം ചെയ്യുന്നത് 100 ദശലക്ഷം പുതിയ തൊഴിലവസരങ്ങളാണ്. അത് രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തെ ഒറ്റ പതിറ്റാണ്ടു കൊണ്ട് 25 ശതമാനം വർധിപ്പിക്കുകയും ചെയ്യും. കുത്തനെ ഉയരുന്ന മൂലധന ചെലവുകൾ മൂലം നയവൃത്തങ്ങളിലെ വിദഗ്ധർ വിശ്വസിക്കുന്നത് ഈ നയത്തിന് ഇന്ത്യയുടെ നിർമ്മാണ മേഖലയുടെ വിധി മാറ്റിയെഴുതാനും സമ്പദ്ഘടനയെ മാറ്റിമറിക്കാനും സാധിക്കും എന്നാണ്. പരിസ്ഥിതി, തൊഴിൽ നിയമങ്ങൾ, നികുതികൾ തുടങ്ങിയ പ്രശ്നങ്ങളെയാണ് ഈ നയം പരിഹരിക്കുന്നത്. അതോടൊപ്പം ഒരു ദേശീയ നിർമ്മാണ നിക്ഷേപ മേഖല സൃഷ്ടിക്കണമെന്നും ഈ നയം നിർദ്ദേശിക്കുന്നു. അല്ലെങ്കിൽ നിർമ്മാണ യൂണിറ്റുകളുടെ ഒരു കൂട്ടായ്മ രൂപീകരിക്കണം. അതിലൂടെ മാത്രമെ വ്യാവസായിക വളർച്ച സാധ്യമാകൂ. ദേശീയ നിർമ്മാണ നിക്ഷേപ മേഖലകളെ കുറഞ്ഞത് 5000 ഹെക്ടറുകളെങ്കിലുമുള്ള എല്ലാ ആധുനിക സൗകര്യങ്ങളും സാങ്കേതിക വിദ്യകളുമുള്ള സമഗ്ര വ്യവസായ ടൗൺഷിപ്പുകളാക്കി വികസിപ്പിക്കും. വേണ്ടത്ര ജല ലഭ്യതയുള്ള കാർഷികേതര ഭൂമിയാകും ഇതിനായി ഏറ്റെടുക്കുക. ഇതു പൂർണമായും സംസ്ഥാന ഗവൺമെന്റുകളുടെ അധികാര പരിധിയിലായിരിക്കും. തൊഴിലാളികളെ വേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കുന്നതിന് തൊഴിലുടമയ്ക്ക് പരിപൂർണ സ്വാതന്ത്ര്യം ഉള്ള ഒരു തൊഴിൽ വിപണിയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.

ചെറുകിട, ഇടത്തര വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നു എന്നതാണ് ഈ നിർമ്മാണ നയത്തിന്റെ ഏറ്റവും വലിയ സവിശേഷത. മൊത്തത്തിൽ രാജ്യത്തിന്റെ ഉത്പാദന ക്ഷമത 16 ൽ നിന്ന് 25 ശതമാനത്തിലേയ്ക്ക് ഉയർത്താമെന്നാണ് ഈ നയം വാഗ്ദാനം ചെയ്യുന്നത്. വ്യാവസായിക തൊഴിലവസരങ്ങൾ ഇതുവരെ പ്രതീക്ഷിക്കാത്ത ഒരു തലത്തിലേയ്ക്ക് ഉയർത്താമെന്ന ദേശീയ നിർമ്മാണ നയത്തിന്റെ ലക്ഷ്യം പൂർണമായി സാക്ഷാത്ക്കരിക്കാൻ സാധിച്ചെന്നു വരില്ല. കാരണം മൊത്തം നിർമ്മാണ തൊഴിലാളികളിൽ ഒരു വിഭാഗവുമായി മാത്രമാണ് സംഘടിതരായ നിർമ്മാണ തൊഴിലാളികൾ ധാരണയിലെത്തുക. അതിനാൽ അസംഘടിത നിർമ്മാണ മേഖലയിലുള്ള തൊഴിൽ സാധ്യതകൾ പരിഗണിക്കുകയായിരിക്കും ഉപകാരപ്രദം. അതുവഴി ഈ മേഖലയിൽ നിലവാരമുള്ള തൊഴിലാളികളെ സൃഷ്ടിക്കുകയും ചെയ്യാം. ചെറുകിട ഇടത്തരം സംരംഭകർ തീർച്ചയായും പ്രവർത്തന, സാങ്കേതിക, സാമ്പത്തിക മേഖലകളിലും തൊഴിലാളികളുടെ വൈദഗ്ധ്യം വർധിപ്പിക്കുന്നതിലും പുതിയ പല തന്ത്രങ്ങളും പരീക്ഷിച്ചെന്നിരിക്കും. തൊഴിലാളി കേന്ദ്രീകൃതമായ ഭക്ഷ്യസംസ്കരണം, വസ്ത്ര നിർമ്മാണം, തുകൽ വ്യവസായം തുടങ്ങിയ മേഖലകളിലാണ് 60 ശതമാനം ചെറുകിട വ്യവസായങ്ങളും പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള തൊഴിലാളി കേന്ദ്രീകൃതമായ മേഖലകൾ അവിദഗ്ധ തൊഴിലാളികളെയാണ് കൂടുതലായി നിയമിക്കുക. ഇത്തരം മേഖലകൾക്ക് മുന്തിയ പരിഗണന നല്കുക എന്നതാണ് പുതിയ നയത്തിന്റെ ലക്ഷ്യം.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഊർജ്ജവിതരണത്തിലെ പ്രതിസന്ധികൾ, കയറ്റുമതിയിലെ വളർച്ചാരാഹിത്യം, തൊഴിലാളികളുടെ പ്രാഗത്ഭ്യമില്ലായ്മ, നവീകരണത്തിന്റെ കുറവ്, പഴഞ്ചൻ സാങ്കേതിക വിദ്യ, മാനേജ്മെന്റിന്റെ ഏകാധിപത്യ പ്രവണതകൾ തുടങ്ങിയവയാണ് ഈ മേഖലയുടെ വളർച്ചയ്ക്ക് പ്രതിബന്ധമായി നില്ക്കുന്ന പ്രശ്നങ്ങൾ. വ്യാവസായിക കയറ്റുമതിയാണ് ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെ മുഖ്യ ഘടകം. അതോടൊപ്പം വിദേശ നാണ്യ ശേഖരം വർധിപ്പിക്കുക എന്ന മറ്റൊരു ലക്ഷ്യവും ഇതിനു പിന്നിലുണ്ട്. എന്നാൽ അവിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ച് സേവനങ്ങൾ കയറ്റുമതി ചെയ്യാൻ ആവില്ലല്ലോ. അതിനാൽ ഉത്പ്പന്നങ്ങൾ കയറ്റി അയച്ച് സമഗ്ര വളർച്ച നേടാനേ സാധിക്കൂ. തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മിക്കുന്ന സാമഗ്രികൾ കയറ്റി അയക്കുമ്പോൾ സമാന്തരമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കാർഷിക മേഖലയിൽനിന്നു നിർമ്മാണ മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികൾ എത്തുന്നു. ഇതിനു കാരണം അവർ അവിദഗ്ധ തൊഴിലാളികളാണ് എന്നതിനാലത്രെ. ഉത്പ്പന്നങ്ങൾക്ക് വിപണിയിൽ ആവശ്യം ഉയരുന്നതനുസരിച്ച് കൂടുതൽ തൊഴിലാളികളെ നിയമിച്ചാൽ മാത്രമെ വേതന വർധന വേണ്ടിവരുന്നുള്ളു. കൂടുതൽ തൊഴിലാളികളെ കൂടുതൽ വേതനം നല്കി നിയമിക്കണമെങ്കിൽ അതിന് ആനുപാതികമായി ഉത്പാദനക്ഷമതയും ഉയരണം. ഈ കാഴ്ച്ചപ്പാടിൽ നോക്കിയാൽ, മൂലധനപരമായും സാങ്കേതിക വളർച്ചാപരമായും ഒരു മുന്നേറ്റം ആവശ്യമാണ്. സാങ്കേതിക പുരോഗതി മൂലധന ബന്ധിതമാണ് എന്ന് ഒരു വിശ്വാസമുണ്ട്. അപ്പോൾ തൊഴിലാളികളുടെ എണ്ണം കുറയുന്നു. എന്നാൽ നവീകരണം മൂലം ഉത്പാദന പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും കൂടുതൽ മൂലധന നിക്ഷേപം വരുന്നില്ല എന്നും ഒരു പഠനം ചൂണ്ടിക്കാണിക്കുന്നു. ചിലഘട്ടങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുമെങ്കിലും മറ്റവസരങ്ങളിൽ തൊഴിലാളികളുടെ എണ്ണം വർധിപ്പിക്കാൻ സാധ്യതയും ഉണ്ട്. വ്യാപകമായ തോതിൽ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാം. ധാരാളം പുതിയ യൂണിറ്റുകൾ ഉണ്ടാകുമ്പോൾ ഉത്പാദനവും അതനുരിച്ച് ഉയരും. ഇതെല്ലാം തൊഴിൽ സാധ്യതകളെ സ്വാധീനിക്കുന്നു. ഉയർന്ന മൂല്യമുള്ള ഉത്പ്പന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് വേറെയും പ്രശ്നങ്ങൾ ഉണ്ട്. ഉയർന്ന വിലയുള്ള ധാരാളം ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിന് തൊഴിലാളികൾ കൂടിയേ കഴിയൂ. വില കൂടിയവയാകയാൽ ഇത്തരം ഉത്പ്പന്നങ്ങളുടെ നിർമ്മാണം പരിമിതമായിരിക്കും. പക്ഷെ വികസിത രാജ്യങ്ങളിലെ വിപണികളിൽ ഇത്തരം ഉത്പ്പന്നങ്ങൾക്ക് നല്ല ഡിമാന്റുണ്ട്, എന്നും. ചില ചെറിയ നടപടികളിലൂടെ ഇത്തരം ഉത്പ്പന്നങ്ങളുടെ നിർമ്മാണം വർധിപ്പിച്ച് വിദേശ വിപണി

കൾ കീഴടക്കാനും അതുവഴി തൊഴിലവസരങ്ങൾ വർധിപ്പിക്കുക, വിദേശനാണ്യം കൂടുതൽ സമ്പാദിക്കുക തുടങ്ങിയ ഇരട്ട ലക്ഷ്യങ്ങൾ സാധിക്കാനാവും. ഇതിന് ഉദാഹരണം സിൽക്ക് തുണി ഉപയോഗിച്ചുള്ള വസ്ത്ര നിർമാണമാണ്.

ഇന്ത്യയുടെ കയറ്റുമതി ശ്രേണിയിലുള്ള ചരക്കുകൾ പ്രധാനമായും നിർമ്മാണ സാമഗ്രികൾ, (63.7 ശതമാനം), പെട്രോളിയം ഉത്പ്പന്നങ്ങൾ(20.1 ശതമാനം), കാർഷികോത്പ്പന്നങ്ങൾ (13.8 ശതമാനം), കൽക്കരി ഒഴികെയുള്ള അയിരുകൾ, ധാതുക്കൾ (1.8 ശതമാനം) എന്നിവയാണ് (സാമ്പത്തിക സർവെ 2013 -14). എന്നാൽ, ലോകത്തിലെ മറ്റു പല രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇന്ത്യയുടെ കയറ്റുമതി സുസ്ഥിരമല്ല. ഈ മേഖലയിൽ പല രാജ്യങ്ങളും നമുക്ക് കനത്ത വെല്ലുവിളി ഉയർത്തുന്നുമുണ്ട്. വസ്ത്രങ്ങളുടെ കയറ്റുമതിയിൽ നമുക്ക് കനത്ത വെല്ലുവിളി ബംഗ്ലാദേശാണ്. മറ്റൊരു രാജ്യം ചൈനയും.

ഇന്ത്യയുടെ ഇറക്കുമതി ചുങ്ക ഘടന 1990 കൾ വരെ വളരെ സങ്കീർണമായിരുന്നു. 1991 - 92 കാലഘട്ടത്തിൽ ഇത് 128 ശതമാനമായിരുന്നു. 2004 -05 ലെ ഇടക്കാല ബജറ്റിൽ ഇത് 22.4 ശതമാനത്തിലേയ്ക്ക് തലകുത്തി വീണു. ഇറക്കുമതി നിരക്കുകൾ 72.5 ശതമാനത്തിൽ നിന്ന് 18.2 ശതമാനമായി കുറഞ്ഞത് ഈ കാലയളവിലാണ്. ശരാശരി ചുങ്കനിരക്കുകൾ കുറഞ്ഞിട്ടും 0 മുതൽ 150 ശതമാനം വരെയുള്ള മറ്റ് നിരവധി താരിഫ് നിരക്കുകൾ 2004 -05 വരെ നിലനിന്നു. കാപ്പി, ചായ, മദ്യങ്ങൾ, എസൻസുകൾ, സുഗന്ധലേപനങ്ങൾ, പഞ്ചസാര, മുന്തിരി, ജൂസ്, കാറുകൾ, മോട്ടോർ സൈക്കിളുകൾ തുടങ്ങി അനേകം സാധനങ്ങളുടെ നികുതി 100 ശതമാനത്തിലും കൂടുതലായിരുന്നു. ഭക്ഷ്യ എണ്ണകൾ, ഗോതമ്പ്, അരി, മറ്റ് കാർഷിക ഉത്പ്പന്നങ്ങൾ എന്നിവയുടെ നികുതി 50-100 ശതമാനമായിരുന്നു. 2010 ലാണ് ഇറക്കുമതി ചുങ്കം 10 ശതമാനത്തിലേയ്ക്കു ചുരുങ്ങിയത്. അതിൽ ഊർജ്ജ ഉത്പാദക ഉപകരണങ്ങൾ, ഓഫീസ് മെഷീനുകൾ, ഡാറ്റാ പ്രോസസിംങ് മെഷീനുകൾ, ടെലികോം ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഗതാഗത ഉപകരണങ്ങൾ തുടങ്ങിയവയാണ് ഉൾപ്പെട്ടിരുന്നത്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി വ്യാപാരികൾ നിരവധി രേഖകൾ ഹാജരാക്കേണ്ടിയിരുന്നു. ഇത് അവർക്ക് വലിയ ഒരു വെല്ലുവിളിയായി.

2009 ലാണ് ഇന്ത്യ വിദേശ വ്യാപാര നയം പ്രഖ്യാപിച്ചത്. അപ്പോഴേയ്ക്കും ലോകമെമ്പാടും കയറ്റുമതി മാന്ദ്യത്തിലായി കഴിഞ്ഞിരുന്നു. ഇന്ത്യയുടെ ദീർഘദൂര നയം മൂലം 2020 ആകുമ്പോഴ്യ്ക്കും ആഗോള വ്യാപാരം ഇരട്ടിയാകുമെന്നാണ് കരുതുന്നത്. പ്രത്യേകിച്ച് വസ്ത്രങ്ങൾ, തുകൽ, കരകൗശല വസ്തുക്കൾ തുടങ്ങിവയ്ക്ക്. അതിന് ഗുണമേന്മയുള്ള ഇത്തരം വിവിധ തരം ഉത്പ്പന്നങ്ങൾ നാം നിർമ്മിക്കേണ്ടിയിരിക്കുന്നു. കൂടുതൽ പുതിയ കയറ്റുമതി വിപണികൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. 2007 -08 മുതൽ ഒരേ വിപണിയാണ് നമുക്കുള്ളത്. വ്യാപാരത്തിന്റെ 69 ശതമാനവും ഈ 15 മുഖ്യ വിപണികളിൽ തന്നെയാണ് ഇപ്പോഴും.

കൈമാറ്റ ചെലവുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടാസ്ക് ഫോഴ്സ് ഓൺ ട്രാൻസാക്ഷൻ കോസ്റ്റ് ഇൻ എക്സ്പോർട്സ് സ്ഥാപിതമാകുന്നത് 2009ലാണ്. ഈ മേഖലയിലെ ഏകദേശം 44 പ്രശ്നങ്ങളിൽ 21 നും ഇതോടെ പരിഹാരമായി.

ഇന്ത്യൻ ഉത്പ്പന്നങ്ങളുടെ മത്സരക്ഷമത ഉയർത്തുന്നതിന് ഒരു കൂട്ടം ആനുകൂല്യങ്ങൾ നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഉത്പാദന ക്ഷമതയിലെ വളർച്ചയാണ് പ്രധാനമായും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് ഉത്പാദനപ്രവർത്തനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കണം. പുതിയ കൂട്ടായ്മകൾക്ക് പൊതു മൂലധന നിക്ഷേപം ആയിരിക്കും മുഖ്യ പ്രശ്നം. പുതുവഴികളിലൂടെ ഇവ നേടാൻ സാധിക്കും. ഇന്ത്യൻ ഉത്പ്പന്ന കയറ്റുമതിക്ക് വെല്ലുവിളികൾ ഇങ്ങനെ നിരവധിയുണ്ട്. പക്ഷെ ഇന്ത്യക്ക് സമഗ്രമായി വളരാൻ മറ്റ് മാർഗ്ഗമില്ല. ഇവയ്ക്കെല്ലാം പരിഹാരം ഒന്നുമാത്രം നിർമ്മാണത്തിലൂടെ വളർച്ചയിലേയ്ക്ക്. അത് നമ്മുടെ ഉത്പ്പന്നങ്ങളുടെ കയറ്റുമതി ഉയർത്തും.

**ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തിൽ പ്രഫസറാണ് ലേഖകൻ**

# ഉത്പാദന മേഖലയും മാറേണ്ട തൊഴിൽ നിയമങ്ങളും

ദേവാഷിഷ് മിത്ര

**സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ സംസ്ഥാന ഗവൺമെന്റുകൾ അവരുടെ സംസ്ഥാനങ്ങൾക്ക് ബാധകമാകുന്ന വിധത്തിൽ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ഭേദഗതികൾ ചില സന്ദർഭങ്ങളിൽ തൊഴിലുടമകൾക്ക് അനുകൂലവും മറ്റ് ചിലപ്പോൾ തൊഴിലാളി അനുകൂലമായും കാണപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ തൊഴിൽ നിബന്ധനകളിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, വിദേശ പ്രത്യക്ഷ നിക്ഷേപത്തെ ആകർഷിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വ്യാപാരരംഗത്ത് കൂടുതൽ ഉദാരവത്കരണം എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തിക്കൊണ്ടാണ് എന്ന് കാണാവുന്നതാണ്.**

**തൊഴിൽ** ശക്തി സുലഭമായിട്ടുള്ള ഇൻഡ്യയിൽ, തൊഴിലധിഷ്ഠിതമായ ഉല്പാദനം നടക്കുന്നത് അസംഘടിത/രജിസ്ട്രേഷൻ ഇല്ലാത്ത ഉല്പാദന മേഖലയിലാണ്. ഇവയിൽ അത്യാധുനിക സാങ്കേതികവിദ്യ നിശ്ശേഷം ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ ഔപചാരിക മേഖലയിൽ ഉല്പാദനം മൂലധനാധിഷ്ഠിതമാണ്. ഇൻഡ്യയിൽ വലിയ ജനസംഖ്യയും സുലഭമായ തൊഴിൽ ശക്തിയും ഉണ്ടായിരുന്നിട്ടും ആഗോളവിപണിയിൽ എത്തുന്ന തൊഴിലധിഷ്ഠിത ഉല്പന്നങ്ങളിൽ ചെറിയ ഒരംശം മാത്രമാണ് ഇൻഡ്യയുടേത്. ഇതിന്റെ അടിസ്ഥാന കാരണം, തൊഴിൽ രംഗത്ത് നിലനില്ക്കുന്ന സങ്കുചിതമായ ചട്ടങ്ങളും തജ്ജന്യമായ തൊഴിൽ വിപണിയിലെ കാർക്കശ്യവും ആണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ ചട്ടങ്ങളെ മറികടക്കാനുള്ള കുതന്ത്രങ്ങൾ ഇൻഡ്യയിൽ ബിസ്സിനസ്സ് രൂപപ്പെടുത്തിക്കഴിഞ്ഞു എന്ന് കരുതുന്നവരും ഉണ്ട്. തൊഴിൽ മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളും നിയന്ത്രണങ്ങളും ഉല്പാദനമേഖലയെ ദുർബ്ബലപ്പെടുത്താൻ വഹിക്കുന്ന പങ്ക്, സാദ്ധ്യമായ/ ആവശ്യമായ പരിഷ്കാരങ്ങൾ, നയങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ പരിശോധിക്കപ്പെടുന്നത്.

### ഇൻഡ്യയിൽ നിലവിലുള്ള തൊഴിൽ നിബന്ധനകൾ

ഇൻഡ്യൻ തൊഴിൽ വിപണി തീരെ അയവില്ലാത്ത അവസ്ഥയിലാണ്. കാലോചിതമല്ലാത്തതും വളരെ സങ്കുചിത സ്വഭാവം ഉള്ളതുമായ തൊഴിൽ നിബന്ധനകൾ, ഉല്പാദകരുടെ ആവശ്യാനുസരണം/സാഹചര്യം അനുസരിച്ച് തൊഴിലാളികളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സഹായകരമല്ല. അനുയോജ്യമായ സാങ്കേതികവിദ്യ ഉൾക്കൊള്ളുന്നതിനും ഇത് തടസ്സം സൃഷ്ടിക്കുന്നുണ്ട്. 200 ൽ അധികം തൊഴിൽ നിയമങ്ങൾ നിലവിലുണ്ട്. ഇവയിൽ 52 എണ്ണം കേന്ദ്രനിയമ

ങ്ങളാണ്. മിക്കവാറും എല്ലാ തൊഴിൽ നിയമങ്ങളും കർക്കശസ്വഭാവം ഉള്ളവയാണ്. അവയിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ്നിയമം അനുസരിച്ച് 100 ൽ അധികം തൊഴിലാളികൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ, തൊഴിലാളികളെ പിരിച്ചുവിടുന്നതിനും, ലേ ഓഫ് ചെയ്യുന്നതിനും ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂർ അനുവാദം തേടേണ്ടതുണ്ട്. ഈ രീതിയിലുള്ള ഗവൺമെന്റ് അനുമതി ഒരിക്കലും ലഭിക്കാറുമില്ല. കൂടാതെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) നിയമം അനുസരിച്ച് ഓരോ പ്രത്യേക ഉല്പാദക സ്ഥാപനത്തിലും നിലവിലുള്ള തൊഴിലാളികളുടെ "ജോലി വിശദാംശങ്ങൾ" വ്യതിയാനം വരുത്തുന്നതിനും, തൊഴിലാളികൾ യൂണിറ്റിനുള്ളിൽതന്നെ സ്ഥാനചലനം ഏർപ്പെടുത്തുന്നതിനും ശക്തമായ വിലക്ക് ഏർപ്പെടുത്തുന്നുണ്ട്. ഏഴ് തൊഴിലാളികൾക്ക് ഒരു യൂണിയൻ സംഘടിപ്പിക്കാം എന്ന അനുവാദം ഒരു ഉല്പാദന യൂണിറ്റിൽ അനവധി യൂണിയൻ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത തുറന്ന് കൊടുക്കുന്നു. അനേകം യൂണിയനുകൾ നിലനിൽക്കുന്നത്, സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനെ ദുഷ്കരമാക്കുന്ന കാര്യമാണ്. ട്രേഡ് യൂണിയൻ നിയമം അനുസരിച്ച് തൊഴിൽ പ്രശ്നങ്ങളിൽ തൊഴിലാളികളെ പ്രതിനിധീകരിക്കാനുള്ള അവകാശം യൂണിയനുകൾക്ക് നൽകുന്നുണ്ട്. എന്നാൽ യൂണിയൻ രൂപീകരിക്കുന്നതിന് 7 തൊഴിലാളികൾ ആവശ്യമായതിനാൽ പല തൊഴിലുടമകളും വളരെ ചെറിയ തോതിലുള്ള യൂണിറ്റുകൾ രൂപീകരിക്കാനും നിലനിർത്താനും ബോധപൂർവ്വം ശ്രമിക്കാറുണ്ട്.

ജീവനക്കാരുടെ എണ്ണം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം, ഫാക്ടറി നിയമം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമം തുടങ്ങിയ ഇതര തൊഴിൽ നിയമങ്ങളുടെ പ്രാബല്യത്തെ സംബന്ധിച്ചും വളരെ നിർണ്ണായകമാണ്. യൂണിറ്റുകളിലെ തൊഴിലാളികളുടെ എണ്ണം നിശ്ചിത തലത്തിൽ നിന്നും താഴെ ആണ് എന്നതിൽ ഈ നിയമങ്ങൾ ഉറപ്പുനൽകുന്ന ക്ഷേമ-ആനുകൂല്യങ്ങൾ അനേകം തൊഴിൽശാലകളിൽ ലഭ്യമാകുന്നില്ല.

കോൺട്രാക്റ്റ് ലേബർ നിയമം, കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്ന വിഷയത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. തൊഴിലുടമകളെ സംബന്ധിച്ച്, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരെ ഉൾക്കൊള്ളുന്നതിലൂടെ ഉല്പാദനചെലവ് നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. എന്നാൽ സ്ഥിരം തസ്തികകൾക്ക് നഷ്ടം സംഭവിക്കുന്ന രീതിയിൽ അതിന് പകരമായി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനെ നിരുത്സാഹപ്പെടുത്തുകയാണ് നിയമത്തിന്റെ ലക്ഷ്യം. കോൺട്രാക്റ്റ് ജീവനക്കാരെ ചില പ്രത്യേക ജോലികൾക്ക് നിയമിക്കാൻ പാടില്ല എന്ന നിരോധനവും നിയമത്തിലുണ്ട്.

നമ്മുടെ ഭരണഘടനയനുസരിച്ച് വ്യവസായ ബന്ധങ്ങൾ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയം ആണ്. അതിനാൽ നിയമം കേന്ദ്രനിയമം ആയിരിക്കുമ്പോൾ തന്നെ, പല സംസ്ഥാന ഗവൺമെന്റുകളും അവരുടേതായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെന്റുകൾക്കാണ്. അതിനാൽ തൊഴിൽ നിയമങ്ങളിൽ കാണുന്ന കാർക്കശ്യം വിഭിന്ന സംസ്ഥാനങ്ങളിൽ വ്യത്യസ്ത തോതിലായിട്ടുണ്ട്.

**തൊഴിൽ നിയമ പരിഷ്കരണങ്ങളിൽ പുതിയ ഉദ്യമങ്ങൾ**

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ സംസ്ഥാന ഗവൺമെന്റുകൾ അവരുടെ സംസ്ഥാനങ്ങൾക്ക് ബാധകമാകുന്ന വിധത്തിൽ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ഭേദഗതികൾ ചില സന്ദർഭങ്ങളിൽ തൊഴിലുടമകൾക്ക് അനുകൂലവും മറ്റ് ചിലപ്പോൾ തൊഴിലാളി അനുകൂലമായും കാണപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ തൊഴിൽ നിബന്ധനകളിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, വിദേശ പ്രത്യക്ഷ

നിക്ഷേപത്തെ ആകർഷിക്കുക, അടിസ്ഥാന സൗക ര്യങ്ങൾ വികസിപ്പിക്കുക, വ്യാപാരരംഗത്ത് കൂടുതൽ ഉദാരവത്കരണം എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി ക്കൊണ്ടാണ് എന്ന് കാണാവുന്നതാണ്.

രാജസ്ഥാൻ സംസ്ഥാന സർക്കാർ ഇൻഡസ്ട്രി യൽ ഡിസ്പ്യൂട്ട് നിയമത്തിൽ അടുത്തകാലത്ത് ഭേദഗതി വരുത്തിയത് തൊഴിലാളികളെ പിരിച്ചു വിടുന്നതിനോ ലേ ഓഫ് പ്രഖ്യാപിക്കുന്നതിനോ മുന്നോടിയായി സംസ്ഥാന സർക്കാറിന്റെ മുൻകൂർ അനുവാദം വേണം എന്ന നിബന്ധന 100 തൊഴിലാളികൾ എന്നതിൽ നിന്നും കുറ ഞ്ഞത് 300 തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമെ ബാധകമാക്കേണ്ട തുള്ളൂ എന്നതിനുവേണ്ടിയാണ്. ഫാക്ടറി നിയ മത്തിൽ തൊഴിലാളികളുടെ എണ്ണത്തെ ആശ്ര യിച്ചാണ് അവയുടെ രജിസ്ട്രേഷൻ അനിവാര്യ മാകുന്നത്. ഈ സംഖ്യ ഉയർത്തുന്നതിനുള്ള ഒരു നിയമഭേദഗതിയും രാജസ്ഥാനിൽ നിലവിൽ വന്നിട്ടുണ്ട്. ഫാക്ടറി രജിസ്ട്രേഷൻ നടത്തുന്ന തിലൂടെയാണ് തൊഴിൽ സമയം, പ്രവർത്തി ദിവ സങ്ങൾ, മിനിമം പ്രായം തുടങ്ങിയ മറ്റ് പല കാര്യ ങ്ങളും നിയന്ത്രിക്കാൻ കഴിയുക. തൊഴിലാളി യൂണിയന്റെ രജിസ്ട്രേഷന് ചുരുങ്ങിയത് 15 ശത മാനം തൊഴിലാളികളുടെ പ്രാതിനിധ്യം വേണം എന്നത് 30 ശതമാനം എന്നാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ .യൂണിയൻ ബാഹു ല്യവും അതിന്റെ ഫലമായി തർക്കപരിഹാര ത്തിനും സമന്വയ രൂപീകരണത്തിനും വേണ്ടിവ രുന്ന സമയനഷ്ടവും വലിയ അളവ് വരെ പരി ഹരിക്കാൻ സാധിക്കും എന്ന് കരുതപ്പെടുന്നു. രാജസ്ഥാൻ ഗവൺമെന്റ് അപ്രന്റീസ്ഷിപ്പ് നിയ മത്തിലും ഭേദഗതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ നൈപുണ്യ വികസനത്തിനും മാന വിക മൂലധന രൂപീകരണത്തിനും അനുകൂലമായ ഒരു സാഹചര്യം സംജാതമായിട്ടുണ്ട്.

തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്ന വിഷയ ത്തിൽ കേന്ദ്രസർക്കാർ തലത്തിൽ എടുത്തു പറ യാവുന്ന പരിശ്രമങ്ങൾ അധികം ഉണ്ടായിട്ടില്ല. അതൊക്കെ സംസ്ഥാനങ്ങളുടെ കാര്യം എന്ന സമീപനം ദൃശ്യമാണ്. വളരെ കുറച്ച് കാര്യങ്ങൾ ചെയ്തിട്ടുള്ളതിൽ എടുത്ത് പറയേണ്ടത് സ്ഥാപ നങ്ങൾ 16 തൊഴിൽ നിയമങ്ങൾ കൃത്യമായി പാലി ക്കുന്നുണ്ടെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതിനു വേണ്ടി ഒരു ഏകീകൃത വെബ്പോർട്ടൽ ഏർപ്പെ ടുത്തിയിരിക്കുന്നു എന്നതാണ്. ഏത് സ്ഥാപന ങ്ങളാണ് വിശദമായ പരിശോധനക്ക് വിധേയമാ കേണ്ടത് എന്ന സൂചന നൽകാൻ കെല്പുള്ള സോഫ്റ്റ്വെയർ ഉള്ളതിനാൽ ഇൻസ്പെ ക്ടർമാർക്ക് വ്യക്തിഗതതീരുമാനങ്ങൾ എടുക്കാ നുള്ള അവസരം/സാദ്ധ്യത ഇനി ഉണ്ടാകില്ല. ഇൻസ്പെക്ടർ രാജ് ൽ നിന്നുള്ള മോചനം സംഭ വിച്ചിരിക്കുന്നു. അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഇനി പ്രസക്തിയില്ല, തിരഞ്ഞ് പിടിച്ച് ഉപദ്രവി ക്കാൻ സാദ്ധ്യമല്ല. ജോലി മാറിക്കൊണ്ടിരുന്നാലും തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് അവരെ അനുഗമിക്കുന്നതിനുള്ള സംവിധാനങ്ങളും (Provident Fund Portability) നിലവിൽ വന്നിരിക്കുന്നു. ആദ്യ തൊഴിലുകളിൽ നേടിയ പ്രോവിഡന്റ് ഫണ്ട് നഷ്ടപ്പെടുന്ന സാഹ ചര്യം ഇതൊടെ ഇല്ലാതാവുന്നു. അപ്രന്റീസ്ഷിപ്പ് നിയമത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ നൈപുണ്യ സമ്പാദനത്തിന് കൂടുതൽ സഹായ കരമാണ്. ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗ ത്തിൽ നൈപുണ്യവികസന മന്ത്രാലയം രൂപീക രിക്കുന്ന കാര്യം വ്യക്തമാക്കുന്നുണ്ട്. നൈപുണ്യ സമ്പാദനത്തിനുള്ള വിപുലമായ നടപടികളെക്കു റിച്ച് സമീപഭാവിയിൽ പ്രഖ്യാപനം/നടപടികൾ ഉണ്ടാകും എന്ന് പ്രതീക്ഷിക്കാവുന്നതാണ്.

തൊഴിലാളികൾക്ക് വിടുതൽ നൽകുന്നതിനുള്ള നിയമതടസ്സങ്ങൾ പലപ്പോഴും സംരംഭങ്ങൾ അട ച്ചുപൂട്ടി ഒഴിഞ്ഞുമാറുന്നതിന് തന്നെ, തടസ്സമാകാ റുണ്ട്. ശാസ്ത്രീയമായ "നിസ്വത" നിയമത്തിന്റെ അഭാവവും ഇതിന് കാരണമാണ്. ഈ സാഹച ര്യത്തിൽ ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ ഇൻഡ്യൻ വിപണിയിൽ കടന്നുവരാൻ മടിക്കു ന്നുണ്ട്. അതിനാൽ നിയമപരമായ സുനിശ്ചിത ത്വത്തോടെ വേഗത്തിൽ അംഗീകരിച്ചു കിട്ടുന്ന,

സുചിന്തിതമായ ഒരു നിസ്വത ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നിസ്വത നിയമപരിഷ്കാരം അനിവാര്യമാണെന്നും ഇതിന് ഉയർന്ന മുൻഗണന ലഭിക്കേണ്ടതുണ്ട് എന്നും ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

**സാമ്പത്തിക പ്രവർത്തനങ്ങളിൽ തൊഴിൽ നിബന്ധനകളുടെ സ്വാധീനം**

മുൻപ് കാണിച്ചതുപോലെ, കേന്ദ്ര തൊഴിൽ നിയമങ്ങളിൽ വ്യത്യസ്ഥ സംസ്ഥാനങ്ങൾ വ്യത്യസ്ത ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ തൊഴിൽ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിലും സംസ്ഥാനങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ദൃശ്യമാണ്. ഈ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്ന തൊഴിൽ വിപണിയിലെ കാർക്കശ്യ വ്യതിയാനങ്ങൾ ഉല്പാദന മേഖല ഉൾപ്പെടെയുള്ള സാമ്പത്തിക വ്യവഹാരങ്ങളെ ഏതെല്ലാം രീതിയിൽ സ്വാധീനിക്കുന്നു എന്നത് ഗൗരവമേറിയ ഗവേഷണ വിഷയമാണ്. പഠനങ്ങൾ ഉല്പാദക യൂണിറ്റുകളുടെ തലത്തിലോ, ഓരോ പ്രത്യേക വ്യവസായത്തിന്റെ തലത്തിലോ, അല്ലെങ്കിൽ സമഗ്രതലത്തിൽ തന്നെയോ നടത്തി, തൊഴിൽ നിയമങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങളെ സുഗമമാക്കുന്ന രീതിയിൽ മാറ്റിയെടുക്കുന്നതിലേക്ക് നയിക്കേണ്ടതുണ്ട്. അടുത്ത കാലത്ത് Dougherty, Frisancho robels and Krishna (2014) നടത്തിയ പഠനം ശ്രദ്ധേയമാണ്. OECD തൊഴിൽ സംരക്ഷണ നടപടികൾ നിലവിലുള്ള പ്ലാന്റുകളുടെ തലത്തിൽ നിന്ന് ശേഖരിച്ച ഡേറ്റ സൂചിപ്പിക്കുന്നത്, ഉല്പാദനതോത് കൂട്ടുന്നതിനും കുറയ്ക്കുന്നതിനും നിർബന്ധിതമാകുന്ന തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിൽ, കാർക്കശ്യമില്ലാത്ത തൊഴിൽ നിയമങ്ങളിലൂടെ മാത്രമേ ഉല്പാദനക്ഷമത നിലനിർത്താൻ സാധിക്കുകയുള്ളൂ എന്നാണ്. അങ്ങനെയുള്ള ഇടങ്ങളിൽ തൊഴിലാളികളുടെ ഉല്പാദനക്ഷമത യാഥാസ്ഥിതിക നിയന്ത്രിത തൊഴിൽ നിയമങ്ങൾ നൽകുന്നതിനേക്കാൾ 11-14 ശതമാനും ഉല്പാദനം നൽകുന്നതായി പഠനം എടുത്തുപറയുന്നു.

**തൊഴിൽ നിബന്ധനകളും ആഗോളവൽക്കരണവും സിദ്ധാന്തവും തെളിവുകളും**

കർക്കശമായ തൊഴിൽ നിബന്ധനകൾ തികച്ചും നിഷേധ ഫലങ്ങൾ നൽകുന്നു എന്നാണ് നാം കണ്ടത്. ഇൻഡ്യയിലെ തൊഴിലധിഷ്ഠിത വ്യവസായസ്ഥാപനങ്ങൾ വളർച്ച മുരടിച്ച് നിൽക്കുകയാണ്. അടുത്തകാലത്തുണ്ടായ വ്യാപാര, നിക്ഷേപ ഉദാരവൽക്കരണങ്ങളോ, ലൈസൻസ് നിബന്ധനകൾ ഒഴിവാക്കിയതോ ഒന്നും തന്നെ ഈ സ്ഥിതിക്ക് മാറ്റം വരുത്തിയിട്ടില്ല. ഭക്ഷണ പാനീയങ്ങൾ, വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, മറ്റ് ഗൃഹോപകരണങ്ങൾ തുടങ്ങിയ കേവല തൊഴിൽ ശക്തി ഉപയോഗപ്പെടുത്തുന്ന മേഖലകൾ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയ വരുമാനത്തിൽ ഈ മേഖലകളുടെ സംഭാവന ശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ മുന്തിയ മുതൽമുടക്ക് ആവശ്യമായ മൂലധനാധിഷ്ഠിതമായ- വാഹനങ്ങൾ, പെട്രോളിയം ശുദ്ധീകരണം, എഞ്ചിനീയറിംങ്ങ് സാധനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ, ഔഷധമേഖല, സോഫ്റ്റ്വെയർ, ധനകാര്യം മേഖലകൾ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുകയാണ്.

1990-91 മുതൽ 2007-08 വരെയുള്ള കാലയളവിൽ ഈ മേഖലകളിൽ നിന്നുള്ള കയറ്റുമതി മൊത്തം കയറ്റുമതിയുടെ 41 ശതമാനത്തിൽ നിന്നും 65 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ ശക്തിയുടെ കാര്യത്തിൽ ഏറ്റവും സമ്പന്നമായ രാജ്യം എന്ന നിലയിൽ ഉദാരവത്കരണം തൊഴിലധിഷ്ഠിത ഉല്പാദന മേഖലയുടെ വളർച്ചയിലേക്ക് സ്വാഭാവികമായി നയിക്കപ്പെടേണ്ടതായിരുന്നു. എന്ത് കൊണ്ട് ഇത് സംഭവിക്കുന്നില്ല.? മാത്രമല്ല, വസ്ത്രങ്ങളുടെ വിദേശവാണിജ്യത്തിൽ ചൈനയും, ബംഗ്ലാദേശും ഇൻഡ്യയെ പിൻതള്ളിക്കഴിഞ്ഞിരിക്കുന്നു. ചൈനയിലെ വസ്ത്ര നിർമ്മാണയൂണിറ്റുകളെല്ലാം 2000 ൽ അധികം തൊഴിലാളികളെ ഉൾക്കൊള്ളുന്നവയാണ്. ഇൻഡ്യയിലെ മിക്ക യൂണിറ്റുകളും 9 തൊഴിലാ

ളികളിൽ കുറവ് ഉള്ളവയാണ്. കൂടിയതോതിൽ പ്രവർത്തനം നടത്തുമ്പോൾ ലഭിക്കുന്ന പ്രഖ്യാപിത ഗുണങ്ങൾ ഇതു മൂലം ഇൻഡ്യൻ വസ്ത്ര നിർമ്മാണമേഖല നഷ്ടപ്പെടുത്തുകയാണ്. ഇൻഡ്യയേക്കാൾ എല്ലാക്കാര്യത്തിലും പിന്നാക്കവും എന്നാൽ അഴിമതി കൂടുതലും ഉള്ള ബംഗ്ലാദേശ് പോലും ഇപ്പോൾ വസ്ത്രനിർമ്മാണ മേഖലയിൽ ഇൻഡ്യയെ കടത്തിവെട്ടിയിരിക്കുകയാണ്. ഇൻഡ്യൻ തൊഴിൽ നിബന്ധനകളിലെ കടും പിടുത്തങ്ങളാണ് ഇതിനുള്ള മുഖ്യകാരണം.

ഇത്തരം നിയമങ്ങൾ ഉല്പാദക യൂണിറ്റുകളുടെ വലിപ്പത്തെ നിയന്ത്രിക്കുകയും ഉല്പാദന ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഉദാരവത്കരണത്തിന്റെ മൂലമന്ത്രമായ താരതമ്യാധിഷ്ഠിതമുൻകൈ ഇൻഡ്യൻ തൊഴിലധിഷ്ഠിത ഉല്പാദന മേഖലയ്ക്ക് കൈമോശം വന്നിരിക്കുന്നു എന്നതാണ് നിഗമനം.

സാങ്കേതിക വിദ്യയുടെയും ഉല്പന്നത്തിന്റെ ഡിമാന്റിന്റെയും വ്യത്യാസം അനുസരിച്ച് ഉല്പാദന ഘടകങ്ങളിൽ വ്യത്യാസം വരുക സ്വാഭാവികമാണ്, എന്നാൽ നിയന്ത്രണ സ്വഭാവമുള്ള തൊഴിൽ നിബന്ധനകൾ ഇതിന് തടസ്സമായി വരാറുണ്ട്. അന്താരാഷ്ട്ര വ്യാപാരരംഗത്ത് ഇത് പ്രശ്നമായിത്തീരുന്നു. കാരണം നമ്മോട് മത്സരിക്കുന്ന പല രാജ്യങ്ങളിലും സൗഹൃദപരമായ തൊഴിൽ നിയമങ്ങൾ ഇതിന് അനുകൂലമായിരിക്കില്ല. കൂടുതൽ സ്ഥിര ജോലിക്കാരെ നിയമിക്കുന്നതിന് പലപ്പോഴും വ്യവസ്ഥകൾ ഉണ്ടായിരിക്കില്ല. എന്നാൽ വ്യവസായ സ്ഥാപനം അനുശാസിക്കുന്ന സാങ്കേതിക നൈപുണ്യം നേടുന്നതിന് ആവശ്യമായ പരിശീലനങ്ങൾക്ക് താല്കാലിക ജീവനക്കാർ താല്പര്യം പ്രകടിപ്പിക്കാറില്ല, അവർക്ക് അതിനുള്ള സ്വാഭാവിക പ്രചോദനം ഉണ്ടായിരിക്കുകയില്ല. ഇങ്ങനെയുള്ള അനുഭവങ്ങൾ, സ്ഥാപനങ്ങളെ സംബന്ധിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുപകരം, കൂടുതൽ മൂലധനാധിഷ്ഠിതമായ ഉല്പാദന മാർഗ്ഗത്തിലേക്ക് പ്രേരിപ്പിക്കുക തന്നെ ചെയ്യും. ഇൻഡ്യയെപ്പോലെ തൊഴിൽ ശക്തി സുലഭമായ രാജ്യത്ത് ഉല്പാദനപരിശ്രമങ്ങൾ മൂലധനാധിഷ്കൃതമായി മാറുന്നത് വ്യാപാര ലാഭം ഉണ്ടാക്കുന്നതിന് സഹായകരമല്ല. നമ്മെ അഭിമുഖീകരിക്കുന്ന വൈരുദ്ധ്യം ഇതാണ്.

സുലഭമായിട്ടുള്ള ഉല്പാദന ഘടകത്തിന് ഉല്പാദന പ്രക്രിയയിൽ അതീവ സാന്ദ്രമായ ഉപയോഗപ്പെടുത്തൽ ഉണ്ടാകുമ്പോൾ മാത്രമാണ് വാണിജ്യ രംഗത്ത് താരതമ്യാധിഷ്ഠിതമായ മുൻകൈ ലഭിക്കുന്നതും, പ്രത്യേക ഉല്പാദന മേഖലകളിൽ പ്രത്യേക വൈദഗ്ധ്യവും കുത്തകയും നേടാൻ കഴിയുന്നതും. തൊഴിൽ വിപണിയിലെ അപൂർണ്ണതകൾക്ക് മുഖ്യമായ കാരണം ഉല്പാദനസൗഹൃദമല്ലാത്ത തൊഴിൽ നിബന്ധനകളാണ്. ജോലിയിൽ എടുക്കാനും വിടുതൽ നല്കാനുമുള്ള യഥേഷ്ഠ സ്വാതന്ത്ര്യം ഇല്ലായ്മ, മിനിമം വേതനം ഉൾപ്പെടെയുള്ള തൊഴിലാളി ആനുകൂല്യങ്ങൾ എന്നിവ എപ്പോഴും തൊഴിൽ സാന്ദ്രത കുറച്ചു കൊണ്ടുവരുന്നതിന് ഉല്പാദകർക്ക് പ്രേരണ നൽകുന്നുണ്ട്. തൊഴിലിൽ പ്രാവീണ്യം ഇല്ലാത്ത വെറും സാധാരണ തൊഴിലാളികളെ ഉൾക്കൊള്ളാൻ വ്യവസായസ്ഥാപനങ്ങൾക്ക് യാതൊരു താല്പര്യവും ഉണ്ടായിരിക്കില്ല, പ്രത്യേകിച്ച് ഉല്പന്നത്തിന്റെ ഡിമാൻഡിനും സാങ്കേതിക വിദ്യക്കും അടിക്കടി മാറ്റങ്ങൾ വരുന്ന പശ്ചാത്തലത്തിൽ. ഉദാഹരണത്തിന് ഇൻഡ്യയിൽ പേപ്പർ, പ്രിന്റിങ്ങ്, ലതർ, റബ്ബർ, പ്ലാസ്റ്റിക്, ലവണങ്ങൾ, ലോഹങ്ങൾ, ലോഹ ഉല്പന്നങ്ങൾ, ഇലക്ട്രിക്കൽ ഉല്പന്നങ്ങൾ, പെട്രോളിയം തുടങ്ങിയ വ്യവസായ മേഖലകളിൽ തൊഴിൽ ശക്തിയുടെ ഉപയോഗം കുറയ്ക്കുകയും യന്ത്രവൽക്കരണം ദ്രുതഗതിയിൽ ആകുകയും ചെയ്യുന്നുണ്ട്. ഇതേ മേഖലകളിൽ ചൈന ഇപ്പോഴും കൂടുതൽ തൊഴിലാളികളെ ഉപയോഗപ്പെടുത്തുന്നതായും കാണുന്നു.

വാണിജ്യ രംഗത്തെ ഉദാരവൽക്കരണത്തിന്റെ ഫലമായി അയവുള്ള തൊഴിൽ നിബന്ധനകൾ നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ തൊഴിലില്ലായ്മയുടെ നിരക്ക് കുറയുന്നുണ്ട്. തൊഴിലില്ലായ്മ

യുടെ നിരക്ക് കുറയുന്നതിന്റെ 37 ശതമാനം വാണിജ്യ ഉദാരവത്കരണത്തിന്റെ പ്രത്യക്ഷനേട്ടമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. താരതമ്യേന തൊഴിൽ ശക്തിയെ കൂടുതൽ ആശ്രയിക്കുന്ന ഇൻഡ്യൻ ഉല്പാദന മേഖലയുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നത് ഇവിടെ നിലനിൽക്കുന്ന കാലഹരണപ്പെട്ട നിഷേധാത്മക തൊഴിൽ നിബന്ധനകൾ തന്നെയാണെന്നതിന് വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുണ്ടെന്ന് അന്തിമ തീരുമാനത്തിലെത്താവുന്നതാണ്. സ്ഥാപനങ്ങൾക്ക് അവയുടെ വലിപ്പം ക്രമമായി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ തോതു വർദ്ധന പ്രദാനം ചെയ്യുന്ന സാമ്പത്തിക ഗുണങ്ങൾ കരഗതമാക്കുന്നതിനും ഇത്തരം നിബന്ധനകൾ സഹായിക്കുകയില്ല. അങ്ങനെ സുലഭമായ തൊഴിൽ ശക്തി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കൂടുതൽ പ്രിയമുള്ള മൂലധനം അതിനു പകരമായി ഉപയോഗപ്പെടുത്തേണ്ടതായും വരുന്നു.

ഇൻഡ്യയിൽ തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിന് തൊഴിലധിഷ്ഠിത ഉല്പാദന മേഖലയുടെ വളർച്ചയാണ് ആവശ്യം. നമ്മുടെ രാജ്യത്ത് സേവന മേഖല വലിയ തോതിൽ വളർച്ച പ്രാപിക്കുകയാണ്. എന്നാൽ വളർച്ചയുടെ മുഖ്യ മാദ്ധ്യമം ആയി സേവന മേഖലയെ കുടിയിരുത്താൻ പരിമിതികൾ ഏറെയുണ്ട്. സേവന മേഖലക്ക് വേണ്ടത് ഉയർന്ന വിദ്യാഭ്യാസം ഉള്ളവരെയാണ്. ഇത്തരത്തിലുള്ള ഒരു തൊഴിലാളി സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിന് ദശാബ്ദങ്ങൾ ആവശ്യമാണ്. അതിനാൽ തൊഴിൽ നിബന്ധനകൾ യാഥാർത്ഥ ബോധത്തോടെ പരിഷ്കരിക്കുകയാണ് കരണീയമായിട്ടുള്ളത്.

ആവശ്യമായ തൊഴിൽ നിയമപരിഷ്കാരങ്ങളുടെ സ്വഭാവം എന്താണ്? രാജസ്ഥാനിലേതുപോലെ നിയമത്തിൽ വരുത്തിയിട്ടുള്ള ചുരുങ്ങിയ തൊഴിലാളികളുടെ എണ്ണം 100 എന്നതിൽ നിന്നും 300 എന്ന് നിജപ്പെടുത്തുക മാത്രമല്ല, അത് ക്രമേണ വീണ്ടും വീണ്ടും ഉയർത്തിക്കൊണ്ടുവരേണ്ടതും ആകുന്നു. എന്ന് മാത്രമല്ല പ്രസക്തമായ നിബന്ധനതന്നെ എടുത്തു മാറ്റേണ്ടതും ആകുന്നു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ആരംഭിച്ചിട്ടുള്ള വെബ്പോർട്ടലിലൂടെ സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതിലൂടെ ഇൻസ്പെക്ടർ രാജ് അപ്രത്യക്ഷമാകുന്നതാണ്. ഇതിന്റെ പരിധിയിൽ കൂടുതൽ തൊഴിൽ നിയമങ്ങൾ കൊണ്ടുവരാൻ കഴിയും.

നിഷേധാത്മക തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിലൂടെ സാമ്പത്തിക രംഗത്ത് ഉല്പാദന ചെലവുകൾ കുറയ്ക്കാൻ കഴിയും, എന്നാൽ ഇത്തരം പരിഷ്കാരങ്ങൾക്ക് രാഷ്ട്രീയമായ പിൻതുണ ലഭിക്കുക എന്നത് സുഖകരമല്ല. തൊഴിലാളി സംഘടനകൾ രാജ്യത്തെ രാഷ്ട്രീയ പ്രക്രിയയുടെ തിരികുറ്റിയാണ്. എന്നാൽ പരക്കെ ധരിക്കപ്പെടുന്നതുപോലെയുള്ള ഒരു ബാലികേറാമലയല്ല ഇത്. വാണിജ്യ ഉദാരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ഔപചാരിക മേഖലയിലെ തൊഴിലാളി സംഘടനകളുടെ വിലപേശാനുള്ള ശേഷി കുറഞ്ഞു വരുന്നതിന് ഉപോൽബലകമായ ഉദാഹരണങ്ങളും തെളിവുകളും രേഖകളും വേണ്ടത്രയുണ്ട്. യൂണിയനുകളിൽ തന്നെ മഞ്ഞുരുക്കവും കൊഴിഞ്ഞുപോകലും ദൃശ്യമാകുന്നുണ്ട്. രാഷ്ട്രീയ സ്വഭാവമുള്ള എതിർപ്പുകൾ ക്രമേണ അസ്തമിക്കുകയും പരിഷ്കാരങ്ങൾക്ക് പിൻതുണ ലഭിക്കുകയും ചെയ്യും. പരിഷ്കാരങ്ങൾ ആത്യന്തികമായി തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കും എന്ന അവബോധം തൊഴിലാളികളിൽ വളർന്ന് വരികയും ചെയ്യും.

**അമേരിക്കയിലെ സൈറാക്യൂസ് യൂണിവേഴ്സിറ്റിയിൽ ഇക്കണോമിക്സ് പ്രഫസറാണ് ലേഖകൻ**

# സാങ്കേതിക വിദ്യാഭ്യാസ മേഖല: പ്രസക്തിയും വെല്ലുവിളികളും

ഡോ. എം. അബ്ദുൾ റഹ്മാൻ, ഡോ. രമേശ് ഉണ്ണികൃഷ്ണൻ

**രാജ്യത്ത് ഇന്നു പ്രവർത്തിക്കുന്ന 693 സർവകലാശാലകളിൽ ഒന്നു പോലും അന്താരാഷ്ട്ര തലത്തിൽ ആദ്യത്തെ മികച്ച 200 ന്റെ പട്ടികയിൽ വരുന്നില്ല. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത, ഹോങ്കോംങിൽ മൂന്നും സിങ്കപ്പൂരിൽ രണ്ടും ദക്ഷിണ കൊറിയയിൽ രണ്ടും തായ്വാനിൽ ഒന്നും ചൈനയിലെ ഒരു സർവകലാശാലയും ലോകത്തിലെ ഏറ്റവും മികച്ച 100 സർവകലാശാലകളുടെ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്.**

**സാങ്കേതിക വിദ്യാഭ്യാസം - ഒരു ആമുഖം**

**രാ**ജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്നത് ഇവിടുത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയാണ്. ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ മൊത്തത്തിൽ നോക്കിയാൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ സാങ്കേതിക മേഖലയിലാണ്. രാജ്യത്ത് വിവിധ തലങ്ങളിലാണ് സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നത്. വിദ്യാർത്ഥികൾ, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകർ, പാഠ്യപദ്ധതി, പഠന പാഠ്യ സഹായികൾ, വ്യവസായ സ്ഥാപനങ്ങളുമായുള്ള ബന്ധം, സേവനങ്ങൾ, തൊഴിൽ മാർഗ്ഗനിർദേശങ്ങൾ, അംഗീകാരങ്ങൾ, ഉപദേശങ്ങൾ, ഗവേഷണം, വികസനം തുടങ്ങിയവയാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വ്യവസ്ഥപ്പെടുത്തുന്നതിന് അഖിലേന്ത്യാ, സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ മാനദണ്ഡങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ആവശ്യങ്ങൾ മുൻകൂട്ടി കാണുന്നതിനും യോജിച്ച വിധത്തിലാണ് അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ നിയമം ഇവിടെ നടപ്പിലാക്കിയിരിക്കുന്നത്. ഇ- ഗവേണൻസ് വഴി ഇതിന്റെ നടത്തിപ്പിന് പൂർണമായ സുതാര്യതയും മുഴുവൻ ഗുണഭോക്താക്കൾക്കും ഉത്തരവാദിത്വവും ലഭ്യമാക്കിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പു നല്കുന്ന സ്ഥിതിവിവര കണക്കുകൾ പ്രകാരം രാജ്യത്ത് ഏകദേശം 18000 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ വിവിധ വിഷയങ്ങളിലായി ഉദ്ദേശം അഞ്ചു ലക്ഷം അധ്യാപകരും ജോലി ചെയ്യുന്നു. അതിൽ തന്നെ നിരവധി സാങ്കേതിക സ്ഥാപനങ്ങൾ ആഗോളതലത്തിൽ അംഗീകാരം ഉള്ളവയും ഉന്നത ഗുണനിലവാരം പുലർത്തുന്നവയുമാണ്. അതേസമയം

രാജ്യത്ത് ഇന്നു പ്രവർത്തിക്കുന്ന 693 സർവകലാശാലകളിൽ ഒന്നു പോലും അന്താരാഷ്ട്ര തലത്തിൽ ആദ്യത്തെ മികച്ച 200 ന്റെ പട്ടികയിൽ വരുന്നില്ല എന്നതാണ്. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത, ഹോങ്കോംങിൽ മൂന്നും സിങ്കപ്പൂരിൽ രണ്ടും ദക്ഷിണ കൊറിയയിൽ രണ്ടും തായ്‌വാനിൽ ഒന്നും ചൈനയിലെ ഒരു സർവകലാശാലയും ലോകത്തിലെ ഏറ്റവും മികച്ച 100 സർവകലാശാലകളുടെ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. ഇന്ത്യ പിന്തള്ളപ്പെട്ടതിന്റെ പ്രധാന കാരണം, നമ്മുടെ രാജ്യത്തെ ഗവേഷണ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസമേഖല ആഗോളനിലവാരത്തിനടുത്തു പോലും എത്തുന്നില്ല. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര നിർണ്ണയം കൂടുതൽ കർശനമാക്കിയിട്ടുണ്ട് എന്നൊക്കെ നമുക്ക് ന്യായീകരണങ്ങൾ ഉണ്ടാവാം. വെറുതെ ഗ്രന്ഥശാലകളും പരീക്ഷണശാലകളും നിർമ്മിച്ചു കൂട്ടിയതുകൊണ്ടു മാത്രം മികച്ച ഗവേഷണങ്ങൾ നടക്കണമെന്നില്ല. കഴിഞ്ഞ അഞ്ചു വർഷത്തെ തുടർച്ചയായ ഒൻപതു ശതമാനം വളർച്ചാനിരക്കിലൂടെ ലോകത്തിലെ ഏറ്റവും ശുഭപ്രതീക്ഷ പകരുന്ന സമ്പദ്ഘടനകളിൽ ഒന്നായി ഇന്ത്യ മുന്നേറുകയാണ്. ഇതിനു പിന്നിൽ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയാണ് ഏറ്റവും നിർണായക പങ്കു വഹിച്ചത് എന്നു പറയാതിരിക്കാനാവില്ല.

### സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരിണാമം

ഇന്ത്യയിലെ ഔപചാരിക സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ആരംഭം 19-ാം നൂറ്റാണ്ടിലാണ്. 1902 ലെ ഇന്ത്യൻ യൂണിവേഴ്സിറ്റി കമ്മിഷന്റെ നിയമനം, 1904 ലെ ഇന്ത്യൻ വിദ്യാഭ്യാസ നയ പ്രമേയം, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള 1913 ലെ ഗവർണർ ജനറലിന്റെ നയപ്രഖ്യാപനം, ബാംഗളൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഷുഗർ ഇൻസ്റ്റിറ്റ്യൂട്ട്, കാൺപൂരിലെ ടെക്സ്റ്റൈൽ ആൻഡ് ലെതർ ഇൻസ്റ്റിറ്റ്യൂട്ട്, 1905 ൽ ബംഗാളിൽ ദേശീയവിദ്യാഭ്യാസ കൗൺസിൽ, വിവിധ പ്രവിശ്യകളിൽ ഇൻഡസ്ട്രിയൽ സ്കൂളുകൾ എന്നിവ സ്ഥാപിച്ചു എന്നതാണ് സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് നടന്ന പ്രധാന നയ ഇടപെടലുകൾ.

1847 ൽ റൂർക്കിയിലെ തോംസൺ എഞ്ചിനീയറിംഗ് കോളേജ് ആണ് ഇന്ത്യയിൽ ആദ്യമായി നിലവിൽ വന്ന സാങ്കേതികവിദ്യാലയം. 1856 ൽ കൽക്കത്ത കോളേജ് ഓഫ് സിവിൽ എഞ്ചിനീയറിംഗും 1858 ൽ പൂന എഞ്ചിനീയറിംഗ് കോളേജും 1867 ൽ മുംബെയിൽ വിക്ടോറിയ ജൂബിലി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും 1908 ൽ ജാദവ്പുർ എഞ്ചിനീയറിംഗ് കോളേജും നിലവിൽ വന്നു. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് സയൻസ് 1915 ലും ബനാറസ് സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് 1917 ലും തുടക്കമിട്ടു.

കഴിഞ്ഞ 15 വർഷം മുമ്പുവരെ സാങ്കേതിക വിദ്യാഭ്യാസം പ്രത്യേകിച്ച് എഞ്ചിനിയറിംങ് വിദ്യാഭ്യാസം സംസ്ഥാന ഉടമസ്ഥതയിലോ ഗവൺമെന്റിന്റെ ധനസഹായത്തോടെയോ, ഗവൺമെന്റ് നിയന്ത്രണത്തോടെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലായിരുന്നു. അവിടെ സീറ്റുകളും പരിമിതമായിരുന്നു. അതുകൊണ്ടു തന്നെ യഥാർത്ഥ അപേക്ഷകരുടെ കണിശമായ യോഗ്യത മാത്രം മാനദണ്ഡമാക്കിയായിരുന്നു ഈ സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം നല്കപ്പെട്ടിരുന്നത്. സാങ്കേതിക മേഖലയിൽ സംഭവിച്ച ത്വരിത വികസനത്താൽ എൻജിനിയറിംങ് ബിരുദധാരികൾക്ക് അനേകമടങ്ങ് തൊഴിൽ സാധ്യതകൾ തുറന്നുകിട്ടിയെങ്കിലും ആവശ്യമായ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിച്ച് നല്കുവാൻ ഗവൺമെന്റ് നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന പരിമിതമായ എൻജിനിയറിംങ് കോളജുകൾക്കു സാധിച്ചില്ല. അതേ സമയം നിരവധി സംരംഭകർ ഇതിനെ സാമൂഹ്യപ്രതിബദ്ധതയുള്ള കച്ചവട അവസരമായി കാണുകയും അതിന്റെ ഫലമായി കൂണുകൾ പോലെ സ്വകാര്യ സ്വാശ്രയ എൻജിനിയറിംങ് കോളേജുകൾ മുളച്ചു പൊന്തുകയും ചെയ്തു. 1947 ൽ രാജ്യത്ത് ഉണ്ടായിരുന്ന എഞ്ചിനിയറിംങ്

കോളേജുകൾ വെറും 47 ആയിരുന്നു. ഇവയി ലെല്ലാം കൂടി 2500 വിദ്യാർത്ഥികൾക്കാണ് ഒരു വർഷം പ്രവേശനം ലഭിക്കുക. എൺപതുകളിൽ ഗവൺമെന്റ് സ്വാശ്രയാടിസ്ഥാനത്തിൽ സാങ്കേ തിക വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാ ളിത്തം അനുവദിച്ചു. ഇതേ തുടർന്നാണ് കഴിഞ്ഞ 25 വർഷമായി എണ്ണമറ്റ സ്വകാര്യ സ്ഥാപനങ്ങൾ ഈ മേഖലയിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കു ന്നത്. 1980 മുതൽ ഇതുവരെ ഇന്ത്യയിൽ സ്ഥാപി തമായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ പട്ടിക 1 ൽ കാണാം.

2015 ൽ വിജ്ഞാനമേഖലയിൽ ഒരു വൻശ ക്തിയും 2020 ൽ വികസിത രാജ്യവും ആയിത്തീ രുക എന്നതാണ് ഇന്ത്യയുടെ ലക്ഷ്യം. വിവരസാ

പട്ടിക ഒന്ന്

| സംസ്ഥാനം | 1980 | 1990 | 2000 | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| അന്തമാൻ നിക്കോബാർ ദ്വീപുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 1 | 1 | 1 | 1 |
| ആന്ധ്രാ പ്രദേശ് | 83 | 112 | 463 | 852 | 907 | 1111 | 1450 | 1672 | 1769 | 1813 | 1840 | 1697 | 1676 |
| അരുണാചൽ പ്രദേശ് | 2 | 2 | 3 | 4 | 5 | 5 | 5 | 5 | 5 | 5 | 5 | 3 | 7 |
| ആസ്സാം | 8 | 8 | 23 | 24 | 26 | 28 | 32 | 42 | 44 | 46 | 47 | 43 | 43 |
| ബീഹാർ | 25 | 29 | 44 | 53 | 53 | 55 | 63 | 71 | 76 | 82 | 88 | 74 | 84 |
| ചണ്ഡീഗഢ് | 3 | 3 | 10 | 13 | 13 | 13 | 14 | 14 | 14 | 14 | 14 | 12 | 12 |
| ചത്തീസ്ഗഢ് | 9 | 16 | 31 | 43 | 48 | 57 | 82 | 105 | 109 | 109 | 109 | 104 | 116 |
| ദാദ്രനഗർ ഹവേലി | 0 | 1 | 1 | 1 | 1 | 2 | 3 | 3 | 3 | 3 | 3 | 3 | 3 |
| ദാമൻ ഡ്യൂ | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| ഡൽഹി | 10 | 14 | 59 | 71 | 74 | 79 | 83 | 83 | 86 | 88 | 89 | 83 | 81 |
| ഗോവ | 2 | 4 | 11 | 15 | 15 | 16 | 16 | 16 | 16 | 17 | 18 | 17 | 17 |
| ഗുജറാത്ത് | 36 | 48 | 121 | 196 | 223 | 244 | 280 | 349 | 399 | 430 | 443 | 418 | 428 |
| ഹരിയാന | 28 | 34 | 87 | 141 | 156 | 213 | 346 | 410 | 453 | 491 | 504 | 471 | 459 |
| ഹിമാചൽ പ്രദേശ് | 8 | 10 | 13 | 17 | 21 | 32 | 42 | 63 | 72 | 79 | 80 | 78 | 78 |
| ജമ്മു കാശ്മീർ | 9 | 12 | 27 | 31 | 34 | 34 | 35 | 38 | 39 | 42 | 47 | 45 | 47 |
| ജാർഖണ്ഡ് | 15 | 16 | 32 | 41 | 41 | 45 | 49 | 52 | 57 | 61 | 61 | 53 | 59 |
| കർണാടക | 62 | 137 | 413 | 523 | 537 | 578 | 651 | 731 | 777 | 789 | 798 | 765 | 754 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കേരള | 30 | 37 | 106 | 244 | 250 | 252 | 263 | 291 | 315 | 345 | 358 | 344 | 354 |
| മദ്ധ്യപ്രദേശ് | 36 | 47 | 150 | 278 | 311 | 379 | 432 | 510 | 546 | 563 | 569 | 540 | 537 |
| മഹാരാഷ്ട്ര | 106 | 192 | 556 | 740 | 859 | 926 | 1087 | 1286 | 1461 | 1550 | 1598 | 1520 | 1538 |
| മണിപ്പൂർ | 0 | 0 | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 2 |
| മേഘാലയ | 1 | 1 | 1 | 3 | 3 | 4 | 4 | 5 | 5 | 5 | 6 | 6 | 6 |
| മിസോറാം | 0 | 1 | 2 | 3 | 3 | 4 | 4 | 4 | 4 | 4 | 4 | 4 | 3 |
| നാഗാലാന്റ് | 0 | 0 | 0 | 0 | 0 | 3 | 3 | 3 | 3 | 3 | 3 | 2 | 3 |
| ഒറീസ്സ | 19 | 25 | 98 | 134 | 145 | 164 | 210 | 277 | 293 | 299 | 304 | 287 | 295 |
| പുതുച്ചേരി | 5 | 8 | 15 | 18 | 18 | 20 | 23 | 26 | 30 | 31 | 32 | 29 | 32 |
| പഞ്ചാബ് | 21 | 25 | 80 | 178 | 189 | 209 | 262 | 313 | 354 | 386 | 402 | 381 | 382 |
| രാജസ്ഥാൻ | 37 | 46 | 103 | 174 | 199 | 232 | 284 | 335 | 467 | 484 | 504 | 468 | 460 |
| സിക്കിം | 0 | 0 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 |
| തമിഴ്നാട് | 88 | 160 | 578 | 784 | 817 | 900 | 1046 | 1220 | 1328 | 1382 | 1422 | 1378 | 1355 |
| ത്രിപുര | 4 | 4 | 5 | 7 | 7 | 8 | 8 | 8 | 9 | 9 | 9 | 4 | 8 |
| ഉത്തർപ്രദേശ് | 93 | 111 | 287 | 428 | 470 | 537 | 688 | 879 | 1039 | 1101 | 1143 | 1057 | 1067 |
| ഉത്തരാഖണ്ഡ് | 17 | 21 | 49 | 69 | 85 | 93 | 119 | 148 | 165 | 175 | 182 | 170 | 163 |
| വെസ്റ്റ് ബംഗാൾ | 37 | 40 | 111 | 167 | 178 | 183 | 201 | 223 | 238 | 247 | 258 | 237 | 247 |
| ആകെ | 794 | 1165 | 3487 | 5260 | 5696 | 6434 | 7793 | 9191 | 10185 | 10662 | 10949 | 10302 | 10322 |

ങ്കേതിക മേഖലയുൾപ്പെടെയുള്ള സേവനവിഭാഗത്തിന് മികച്ച സാങ്കേതിക പരിശീലനം ലഭിച്ച മനുഷ്യവിഭവം ആവശ്യമുണ്ട്. അതുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസമാണ് രാജ്യപുരോഗതിയുടെ ആണിക്കല്ല്. ഇന്ത്യയിൽ ഇന്ന് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 11,000 സ്ഥാപനങ്ങളും അവയിലെല്ലാം കൂടി പന്ത്രണ്ട് ലക്ഷം ബിരുദ വിദ്യാർത്ഥികളും ഉണ്ട്. നിശ്ചിത യോഗ്യതകൾ ഇല്ലാത്ത അധ്യാപകർ, നിലവാരം കുറഞ്ഞ ക്ലാസുകൾ, മോശമായ ഹാജർനില, വിദ്യാർത്ഥികളുടെ കൂട്ടത്തോടെയുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങിയവ ഈ മേഖലയെ ഇപ്പോൾ ജീർണിപ്പിക്കുകയാണ്. പഠിച്ചിറങ്ങുന്നവർ തന്നെ മത്സരക്ഷമത ഇല്ലാത്തവരാകയാൽ ആവശ്യപ്പെടുന്ന നൂതന സാങ്കേതിക പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ രാജ്യത്തെ വ്യവസായമേഖല വിട്ടുവീഴ്ച്ചകൾക്കു തയാറാകുന്നു. ഇന്നത്തെ ലോകത്തിൽ വിജയിക്കണമെങ്കിൽ തൊഴിൽ മേഖലയിൽ പ്രത്യേക വൈദഗ്ധ്യം സമ്പാദിച്ചിരിക്കണം. സങ്കീർണ ഉപകരണങ്ങളുടെ രൂപകല്പന, പ്രവർത്തനം, നിയന്ത്രണം എന്നിവയിൽ അറിവു മാത്രം പോരാ, സംഭാഷണത്തിലും, ആശയവിനിമയത്തിലും വൈദഗ്ധ്യം കൂടി തൊഴിലാളിക്ക് ഉണ്ടായിരിക്കണം.

### സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം

കേരളത്തിൽ ആദ്യത്തെ എൻജിനിയറിംങ് കോളേജ് 1939 ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും

1957 -ൽ മാത്രമാണ് സാങ്കേതികവിദ്യാഭ്യാസ വകുപ്പ് സ്ഥാപിതമാകുന്നത്. 1939 ൽ ഒരു കോളേജും 21 സീറ്റുകളും ആയിരുന്നെങ്കിൽ 2014 ൽ ആ സ്ഥാനത്ത് 161 കോളേജുകളും 63200 സീറ്റുകളുമാണ് ഉള്ളത്. വൈവിധ്യമാർന്ന ബിരുദ കോഴ്സുകളാണ് ഓരോ സ്ഥാപനങ്ങളും പരിശീലിപ്പിക്കുന്നത്. കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ഒരു കുതിച്ചു ചാട്ടമാണ് കാണുന്നത്. 2000 -നു മുമ്പ് വെറും 19 സ്ഥാപനങ്ങൾ മാത്രമായിരുന്നു. അതാണ് 161 ലേയ്ക്ക് കുതിച്ചത്. സംസ്ഥാനത്ത് 99 സ്ഥാപനങ്ങളിലായി 7493 എംടെക് സീറ്റുകളും 161 എഞ്ചി. കോളേജിലായി 63200 ബിടെക് സീറ്റുകളും 68 പോളിടെക്നിക്കുകളിലായി 19364 ഡിപ്ലോമ സീറ്റുകളും നിലവിലുണ്ട്. മാനേജ്മെന്റ് രംഗത്ത് 73 സ്ഥാപനങ്ങളിലായി 6780 എംബിഎ സീറ്റുകളും 10 സ്ഥാപനങ്ങളിൽ 1110 പിജിഡിഎം സീറ്റുകളുമുണ്ട്. 54 എംസിഎ കോളേജുകളിലായി 3262 സീറ്റുകളും 6 ഹോട്ടൽ മാനേജ്മെന്റ് സ്ഥാപനങ്ങളിലായി 420 ബിരുദ കോഴ്സുകളും 8 ആർക്കിടെക്ച്ചർ കോളേജുകളിലായി 464 ബി ആർക്ക് സീറ്റുകൾക്കും എഐസിടിഇ അംഗീകാരമുണ്ട്. ഫാർമസി മേഖലയിൽ 33 കോളേജുകളിലായി 3360 സീറ്റുകളും നിലവിലുണ്ട്.

രസകരമായ മറ്റൊരു വസ്തുത സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ കേരളത്തിൽ സ്വകാര്യ മുതൽ മുടക്ക് 6000 കോടി രൂപയുടേതാണ് എന്നതത്രെ. വാർഷിക വിനിമയം 2000 കോടിയും. കേരളത്തിലെ വിവിധ എൻജിനിയറിംങ് കോളേജുകളെ ഗവൺമെന്റ് ഉടമസ്ഥതയിൽ ഉള്ളവ, ഗവൺമെന്റ് ധനസഹായം ഉള്ളവ, ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ, സർവകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങൾ, ന്യൂനപക്ഷ ഉടമസ്ഥതയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ, ട്രസ്റ്റ് / വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ എന്നിങ്ങനെ വർഗീകരിക്കാം. മുൻ വർഷങ്ങളിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളായിരുന്നു സ്വകാര്യ കോളേജുകളേക്കാൾ കൂടുതൽ. കാരണം സാങ്കേതിക വിദ്യാഭ്യാസ വിഷയത്തിൽ അധികം സ്വകാര്യ നിയന്ത്രണം സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വർധിച്ചു വന്ന സാധ്യതമൂലം ഈ വിപണി വികസിക്കുകയും അത് അനന്തമായ ഒരു തലത്തിലേയ്ക്ക് എത്തുകയും ചെയ്തു.

ആദ്യമൊക്കെ ഉണ്ടായിരുന്ന കോളേജുകളിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ തുടങ്ങി അടിസ്ഥാന എൻജിനിയറിംങ് കോഴ്സുകൾ മാത്രമായിരുന്നു പരിശീലിപ്പിച്ചിരുന്നത്. എന്നാൽ സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തോടെ, ഈ കോഴ്സുകളും വൈവിധ്യവത്ക്കരിക്കപ്പെട്ടു. പുതിയ ശാഖകൾ, അവയിൽ വിദഗ്ധ പരിശീലനങ്ങൾ എന്നിവയും കടന്നു വന്നു. പുതുതലമുറയിൽപെട്ട മിക്ക സ്ഥാപനങ്ങളിലും ഇല്ക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംങ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകളാണ് പ്രധാനമായും പഠിപ്പിക്കുന്നത്.

നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ബിരുദധാരികൾക്ക് മുന്തിയ വ്യവസായങ്ങളിൽ നല്ല ജോലി ലഭിക്കാൻ ആവശ്യമായ കഴിവോ അറിവോ ശേഷിയോ കാണുന്നില്ല. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ പല തരത്തിലുള്ള പ്രശ്നങ്ങളും ഞെരുക്കുന്നതായി അനുഭവപ്പെടുന്നു. വിവിധ ഘടകങ്ങൾ അതിനെ പിന്നോട്ടു വലിക്കുന്നു. കേരള ഹൈക്കോടതി തന്നെ ഇത്തരം സ്ഥാപനങ്ങളിലെ നിലവാരം കുറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ച് പരാമർശിക്കുകയും ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് സംസ്ഥാനത്തെ സ്വാശ്രയ എൻജിനിയറിംങ് കോളേജുകളിൽ മിന്നൽ പരിശോധന നടത്തി അവിടെ ജോലി ചെയ്യുന്ന അധ്യാപകരുടെ യോഗ്യതയും സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തണമെന്നു നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. നിയുക്ത കമ്മിറ്റി സ്ഥാപനങ്ങൾ പരിശോധിക്കുകയും അവ

യുടെ അടിസ്ഥാന സൗകര്യങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തെങ്കിലും അധ്യാപക തസ്തികകൾ, വേതന വ്യവസ്ഥകൾ എന്നിവയിൽ ഞെട്ടിപ്പിക്കുന്ന വിവരങ്ങളായിരുന്നു ഗവൺമെന്റിനു നല്കിയത്. സ്ഥാപനങ്ങളിൽ ഗവേഷണ ബിരുദമുള്ള അധ്യാപകർ വളരെ വിരളമായിരുന്നു. സർക്കാർ കോളേജുകളിൽ നിന്നു വിരമിച്ച പ്രഫസർമാരായിരുന്നു മിക്ക സ്ഥാപനങ്ങളുടെയും താക്കോൽ സ്ഥാനങ്ങളിൽ. അവർക്കൊപ്പം കുറെ പുത്തൻ എൻജിനിയറിംങ് ബിരുദധാരികളും. ഞെട്ടിക്കുന്ന മറ്റൊരു വസ്തുത, സംസ്ഥാനത്തെ മൊത്തം സർവകലാശാലകളിലെയും വിജയ ശതമാനം 50 ൽ താഴെ മാത്രമാണ് എന്നതാണ്. ഈ മോശപ്പെട്ട പ്രകടനത്തിനു കാരണം, ഭൂരിപക്ഷം വിദ്യാർത്ഥികളും എൻജിനിയറിംങ് കോളേജുകളിൽ ചേരുന്നത് സ്വന്തം താല്പര്യപ്രകാരമല്ല, എന്നതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നിരവധി സീറ്റുകൾ തുടക്കം മുതൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്. എൻജിനിയറിങ് പഠനം ആദ്യമൊക്കെ സമൂഹത്തിൽ വലിയ മാന്യതയുള്ളതും സാമ്പത്തിക സുരക്ഷിതത്വമുള്ളതുമായിരുന്നു. അതുകൊണ്ടു തന്നെ സമർത്ഥരായ കുട്ടികൾ ആദ്യം തെരഞ്ഞെടുക്കുന്നതും അതായിരുന്നു. പഠിച്ച് പാസായാൽ നല്ല ജോലി ഉറപ്പുണ്ടായിരുന്നതുകൊണ്ട് മാതാപിതാക്കളും കുട്ടികളെ അതിനു പ്രേരിപ്പിച്ചിരുന്നു. എന്നാൽ നിലവാരം കുറഞ്ഞ സ്ഥാപനങ്ങളിൽ നിന്നു പഠിച്ചിറങ്ങി തൊഴിൽരഹിതരായി നടക്കുന്ന പുത്തൻ എൻജിനിയറിംങ് ബിരുദധാരികൾ അത്തരം സ്ഥാപനങ്ങളുടെ നിലവാരമില്ലായ്മയെ സമൂഹത്തിനു മുന്നിൽ ഒന്നുകൂടി വ്യക്തമാക്കികൊടുക്കുന്നു. ഭൂമിശാസ്ത്രാടിസ്ഥാനത്തിലാണ് എൻജിനിയറിംങ് കോളേജുകൾ ഇപ്പോൾ സ്ഥാപിക്കപ്പെടുന്നത്. ഗ്രാമങ്ങളിലെ കുട്ടികൾക്കും അതുമൂലം എൻജിനിയറിംങ് പഠിക്കാൻ അവസരം ലഭിക്കുന്നുണ്ട്. പല വിദ്യാർത്ഥികൾക്കും അവരുടെ കഴിവുകൾ അനുസരിച്ച് വളരാൻ ഇത് വിഘാതമായി. കോളേജിനോടു അനുബന്ധിച്ചു തന്നെ താമസവും ഭക്ഷണവും ലഭ്യമാക്കണം എന്ന വ്യവസ്ഥ കേരളത്തിൽ ചുരുക്കം സ്ഥാപനങ്ങൾക്കു മാത്രമെ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളു. സാങ്കേതിക സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വളർച്ച, പരിശീലിക്കുന്ന വിദ്യാർത്ഥികളുടെസംഖ്യ, തൊഴിൽ വിപണിയിലേയ്ക്കുള്ള അവരുടെ വരവ്, അവർക്കുള്ള ജോലിസാധ്യത ഇതെല്ലാം വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ടവ തന്നെ. പരിശീലനം കഴിഞ്ഞ് പുറത്തിറങ്ങുന്നവരുടെ നിലവാരം അവർക്കു ലഭിച്ച പരിശീലനത്തെയും അത് അവരെ എങ്ങനെ മാറ്റി എന്നതിനെയും ആശ്രയിച്ചാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കുന്നത് പ്രവേശനം നല്കുന്ന വിദ്യാർത്ഥികളുടെ നിലവാരം, പ്രതിവർഷം അവിടെ നിന്നു പഠിച്ചിറങ്ങുന്ന കുട്ടികളുടെ എണ്ണം, വാർഷിക വിജയ ശതമാനം, ജോലി ലഭിച്ചവർ, അവരുടെ വേതനം, കാമ്പസിൽ നിന്നുള്ള റിക്രൂട്ട്മെന്റ്, അധ്യാപകരുടെ നിലവാരം, പ്രസിദ്ധീകരണങ്ങൾ, ഗവേഷണങ്ങൾ, പേറ്റന്റ്, പുറത്തുനിന്നുള്ള അധ്യാപകർ, തൊഴിൽ സംഘടനകളിലെ അംഗത്വം, ഫലപ്രദമായ അധ്യാപക അധ്യയന സംവിധാനങ്ങൾ, ബാഹ്യമായ ധനസഹായങ്ങൾ, സ്വയം വിലയിരുത്തലും അംഗീകാരവും, പൂർവ്വവിദ്യാർത്ഥികളുടെ പങ്കാളിത്തം എന്നിവയാണ്.

### നിലവാരം ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ പരിശോധിക്കുമ്പോൾ രണ്ടു പ്രധാന പ്രതിഭാസങ്ങളാണ് കാണാൻ സാധിക്കുന്നത്. തൊഴിൽ മേഖലയിൽ വർധിക്കുന്ന ഒഴിവുകളും പഠിച്ചിറങ്ങുന്ന ബിരുദധാരികളുടെ യോഗ്യതയില്ലായ്മയുമാണ് അവ. ഇതു കുറച്ചു കൂടി ആഴത്തിൽ പഠിച്ചാൽ ഇതിന് പല കാരണങ്ങൾ കാണാനാവും. പരശ്വനാഥ് ചാരിറ്റബിൾ സൊസൈറ്റിയും അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലും തമ്മിലുള്ള കേസിൽ ഒരു അക്കദമിക്ക് കലണ്ടർ തയാറാക്കാൻ സുപ്രീം കോടതി ഉത്തരവായി. അതനുസരിച്ച് എല്ലാ സർവ

കലാശാലകൾക്കും കൗൺസിൽ ഈ നിർദ്ദേശം കൈമാറി. അദ്ധ്യയന ദിനങ്ങൾ പലതും വിവിധ കാരണങ്ങളാൽ അതിനു ലഭിക്കാതെ പോകുന്നുണ്ട്. വിദ്യാർത്ഥി സമരം, ഹർത്താലും പൊതു പണിമുടക്കും, പാഠ്യേതര പ്രവർത്തനങ്ങൾ, കൂടുതൽ അവധി ദിനങ്ങൾ എന്നിവ മൂലം പ്രവൃത്തി ദിനങ്ങളുടെ എണ്ണം 50 ശതമാനമായി കുറയുന്നു. ഇവ നിരീക്ഷിച്ച ശേഷം ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയാണ്. യോഗ്യതയുള്ള അധ്യാപകരെ മാത്രം നിയമിക്കുക, ഗുണനിലവാര പരിശോധന കൃത്യമാക്കുക, കാമ്പസിൽ ഇംഗ്ലീഷ് നിർബന്ധമാക്കുക, വിദ്യാർത്ഥി കേന്ദ്രീകൃത പഠനം പ്രോത്സാഹിപ്പിക്കുക, ലോകപ്രശസ്ത സ്ഥാപനങ്ങളുമായി പഠന മേഖലയിൽ പങ്കാളിത്തം ഉറപ്പാക്കുക, വ്യവസായ സ്ഥാപനങ്ങളുമായി ഫലപ്രദമായ സമ്പർക്കം സ്ഥാപിക്കുക, പാഠ്യപദ്ധതി പരിഷ്കരിക്കുക, പ്രവേശനം ഒറ്റത്തവണമാത്രമായി ക്ലിപ്തപ്പെടുത്തുക, കാമ്പസിലെ രാഷ്ട്രീയം ക്ലാസുകളെ ബാധിക്കുന്നില്ല എന്ന് ഉറപ്പാക്കുക, പരീക്ഷകൾ ഒന്നിച്ചു നടത്തി ഫലം പ്രസിദ്ധീകരിക്കുക, ഇന്റേൺഷിപ്പ് നിർബന്ധമാക്കുക എന്നിവയാണിവ.

**ഉപസംഹാരം**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കിടയിൽ സാക്ഷരത, പ്രാഥമിക വിദ്യാഭ്യാസം, സാമൂഹ്യ മനുഷ്യവിഭവ വികസനം തുടങ്ങിയ കാര്യങ്ങളിൽ അഹങ്കരിക്കുന്ന നാടാണ് കേരളം. വിദ്യാഭ്യാസ കാര്യത്തിൽ നമ്മുടെ പ്രകടനം വളരെ മെച്ചമാണ്. കേരള മോഡൽ എന്ന അംഗീകാരം പോലും ഇക്കാര്യത്തിൽ നേടാൻ നമുക്കു കഴിഞ്ഞു. പുതിയ തലമുറയിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പ്രസക്തിയും വെല്ലുവിളിയും എന്ന വിഷയം കേരളത്തെ ഉദാഹരണമാക്കിയാണ് ഇവിടെ ചർച്ച ചെയ്തത്. ഏതൊരു വികസ്വര രാജ്യത്തിന്റെയും പ്രാഥമിക ഊന്നൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്തായിരിക്കും. കാരണം അതിലൂടെ മാത്രമെ ആ രാജ്യത്തിന്റെ എല്ലാ മേഖലകളുടെയും വികസന പ്രവർത്തനത്തിനു നേതൃത്വം നല്കേണ്ട എൻജിനിയർമാരെ പരിശീലിപ്പിക്കാൻ സാധിക്കുകയുള്ളു. അതിവേഗം ആഗോളവത്ക്കരിക്കപ്പെടുന്ന ലോകത്തിൽ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനം നിർണായകമായി പരിശോധിക്കേണ്ടിയിരിക്കുന്നു. സാങ്കേതികമായി ഉന്നത വിദ്യാഭ്യാസം ലഭിച്ച, നമ്മുടെ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ടു നയിക്കാൻ പ്രാപ്തിയുള്ള, ആളുകളുണ്ടാവണം. അങ്ങിനെയെങ്കിൽ കുറഞ്ഞ കാലത്തിനുള്ളിൽ പ്രതിഭകളെ പുറം ലോകത്തിനു നല്കാൻ നമുക്കു സാധിക്കും. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും, അടിസ്ഥാനസൗകര്യങ്ങളുടെയും, സേവനമേഖലയുടെയും നിലവാരം പരിശോധിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. പഠിപ്പിക്കുന്ന കോളേജുകൾ എന്ന നിലയിൽ നിന്ന് ഗവേഷണം നടത്തുന്ന കോളേജുകൾ എന്ന തലത്തിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറണം. അതിനുള്ള നേതൃത്വം ഏറ്റെടുക്കേണ്ടത് സമൂഹമാണ്. വിദ്യാർത്ഥികളുടെ ശാക്തീകരണം സെക്കണ്ടറി ക്ലാസുകൾ മുതൽ ആരംഭിക്കണം. അല്ലാതെ നിലവാരം ഉയർത്തുക അസാധ്യമാണ്. ഇവിടെ ചർച്ച ചെയ്ത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം ഉയരുമെന്ന് ഈ ലേഖകർ വിശ്വസിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും - വ്യവസായസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ദൃഢമാകണം. അപ്പോൾ രാജ്യമെമ്പാടുമുള്ള മുന്തിയ വ്യവസായ സ്ഥാപനങ്ങൾ, സാങ്കേതിക യോഗ്യതയുള്ളവരെ അന്വേഷിച്ച് കേരളത്തിലേയ്ക്കു വരും.

**ലേഖകരായ അബ്ദുൾ റഹ്മാൻ കേരള സാങ്കേതിക സർവ്വകലാശാല പ്രോ. വൈസ് ചാൻസലറും രമേശ്. എ.ഐ.സി.ടി.ഇ. ഡയറക്ടറുമാണ്.**

# 2014-15 സാമ്പത്തിക സർവെ : വിശകലനം

**അഷിമ ഗോയൽ**

**അ**നേകം ചെറിയ ചുവടുവയ്പുകളുടെ സങ്കലനത്തിലൂടെ ശക്തിയേറിയ പരിഷ്കാരങ്ങൾ സാദ്ധ്യമാകുന്നു എന്ന ശുഭാപ്തി വിശ്വാസം പ്രകടമാക്കുന്നതാണ് സാമ്പത്തിക സർവ്വെ. ഇന്നത്തെ സാഹചര്യത്തിൽ ഉല്പാദനക്ഷമത, സാദ്ധ്യതയും ലഭ്യമായ നിപുണതകൾക്കനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കെല്പുള്ള അടിസ്ഥാന സൗകര്യ വികസനം, പ്രത്യേകിച്ച് നിർമ്മാണ മേഖലയാണെന്ന ബോദ്ധ്യവും ഈ സർവ്വെ പ്രതിഫലിപ്പിക്കുന്നുണ്ട്. അതിനാൽ ധനകമ്മി ഒരളവുവരെ അനുവദിച്ചുകൊണ്ട് സ്വകാര്യ മേഖലക്ക് പ്രോത്സാഹജനകമായ രീതിയിൽ നിക്ഷേപം നടത്തുകയും, അതോടൊപ്പം ജൻധൻ പദ്ധതി - ആധാർ-മൊബൈൽ ത്രിമാന സമ്മേളനത്തിലൂടെ JAM അവശവിഭാഗങ്ങളുടെ കണ്ണീരൊപ്പുകയും എന്നതാണ് കരണീയമായിട്ടുള്ളത്. സർക്കാരിന്റെ രാഷ്ട്രീയ വിശ്വാസപ്രമാണങ്ങളുമായി വളരെ പൊരുത്തപ്പെടുന്ന കാര്യങ്ങളാണിവ; അതിനാൽ തന്നെ ബഡ്ജറ്റിൽ ഇവ ദൃശ്യമായിട്ടുണ്ട്.

8 ശതമാനം വളർച്ചാ നിരക്ക് എന്നത് വളരെ സ്വീകാര്യമാണ്. പരിഷ്കരിച്ച ജി.ഡി.പി. സംഖ്യകളിൽ എത്തിച്ചേരുന്നതിന് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സ്ഥാപനങ്ങളെയും മേഖലകളെയും സംബന്ധിച്ച വിപുലമായ സ്ഥിതി വിവരശേഖരം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ കണക്കുകൾ ഏകദേശ അനുമാനിത അക്കങ്ങളെ പിൻതള്ളി കളഞ്ഞിരിക്കുന്നു. അതിനാൽ കണക്കുകൾ ഇപ്പോൾ കൂടുതൽ ആശ്രയോഗ്യമായിട്ടുണ്ട്. അനുബന്ധസ്ഥിതി വിവരങ്ങൾ വിരൽ ചൂണ്ടുന്നത് ഇപ്പോൾ ആലസ്യത്തിലുള്ള പല മേഖലകളും വായ്പയിലൂടെയും നിക്ഷേപത്തിലൂടെയും തൊട്ടുണർത്തിയാൽ തെളിഞ്ഞുകത്താൻ ക്ഷമതയുള്ളവയാണ് എന്നതിന്റെ സ്ഥിരീകരണത്തിലേക്കാണ്.

സാമ്പത്തിക സർവ്വെയുടെ പ്രവചനങ്ങൾക്ക് അതീതമായ വളർച്ചാ സാദ്ധ്യതയാണ് യഥാർത്ഥത്തിൽ നിലവിലുള്ളത്. സ്ഥാപനങ്ങൾ നേരിടുന്ന ബാലൻസ് ഷീറ്റ് പരിമിതികളും ബാങ്കുകളുടെ സാമ്പത്തിക മാന്ദ്യവും സാമ്പത്തിക സർവ്വെ വിലയിരുത്തുന്ന അത്ര ഗുരുതരമല്ല. ഈ സ്ഥിതി മാറ്റിയെടുക്കാനുള്ള കരുത്ത് JAM കൂട്ടായ്മക്ക് ഉണ്ട്, സമ്പദ് വ്യവസ്ഥയെ കൂടുതൽ ഉല്പാദനോന്മുഖമാക്കാൻ ഇതിലൂടെ സാധിക്കുന്നതാണ്. എന്നാൽ സാമ്പത്തിക സർവ്വെയും ബഡ്ജറ്റും പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ വേണ്ടത്ര ഉറപ്പ് നൽകുന്നില്ല എന്നത് നിരാശാജനകമാണ്.

സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുന്നതിന് പൊതു നിക്ഷേപത്തിലൂടെ പശ്ചാത്തലമൊരുക്കുക എന്നതാണ് സർവ്വെയുടെ ആപ്തവാക്യം. എന്നാൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന മൂലധന ചെലവിന്റെ വർദ്ധന ജി.ഡി.പിയുടെ 0.30 ശതമാനം മാത്രമാണ്. ധനകമ്മി 4.1 എന്ന നിശ്ചിത പരിധിയിൽ നിലനിർത്തുന്നതിനായി മൂലധന ചെലവ് താഴ്ത്തി കെട്ടിയിരിക്കുകയാണ്- രണ്ടക്കതലത്തിലേക്ക് ഉയർത്തും എന്നാണ് മുൻപ് വാഗ്ദാനം ചെയ്തിരുന്നത് എന്നതും അനുസ്മരണീയമാണ്. മൂലധന ചെലവ് ബഡ്ജറ്റിൽ വർദ്ധിപ്പിച്ചത് കേവലം 2.5% മാത്രമാകുന്നു. ഇത് മുൻബഡ്ജറ്റുകളിലും അനുവർത്തിച്ചിട്ടുള്ള രീതിയാണ്. ഗവൺമെന്റിന്റെ നിക്ഷേപ ശേഷി പരിമിതമാണെന്ന കാലാകാലമായുള്ള ധാരണ തിരുത്തി എഴുതപ്പെട്ടിട്ടില്ല. ഭരണ രീതിയിൽ ആണ് ആദ്യം

മാറ്റം സംഭവിക്കേണ്ടത്.

ഗവൺമെന്റിന്റെ ഉപഭോഗ സ്വഭാവമുള്ള ചെലവിനങ്ങൾ സമ്പദ് വ്യവസ്ഥയിൽ നിഷേധാത്മക സ്വാധീനങ്ങൾ ചെലുത്തുമെന്നതിനാൽ, അവയെ നിയന്ത്രിക്കാനുള്ള ചെറിയ പരിശ്രമങ്ങൾ പോലും സ്വാഗതം ചെയ്യപ്പെടണം. ഇന്ത്യയിൽ സാമ്പത്തിക സംരംഭങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഗവൺമെന്റിന്റെ ആദ്യത്തെ കടമ.

സ്വകാര്യ മേഖലയുടെ നിക്ഷേപത്തിന് എന്തെല്ലാം പരിമിതികളാണുള്ളത്. സ്വകാര്യസ്ഥാപനങ്ങൾ ഇപ്പോൾ തന്നെ സാമ്പത്തിക ഞെരുക്കം നേരിടുന്നു എന്നതാണ് സാമ്പത്തിക സർവ്വേ വെളിപ്പെടുത്തൽ. ഇത് പൂർണ്ണമായും അംഗീകാരിക്കാവുന്നതല്ല. കഴിഞ്ഞ ദശകത്തിന്റെ മദ്ധ്യഘട്ടത്തിലാണ് സ്വകാര്യകമ്പനികൾ കലവറയില്ലാതെ നിക്ഷേപം നടത്തിയത്. ആ സന്ദർഭത്തിലെ കമ്പനികളുടെ ഋണ അനുപാതം ഇപ്പോഴും ഏതാണ്ട് അതേ നിലയിൽ തന്നെയാണ്. കടബാദ്ധ്യത വർദ്ധിച്ചിട്ടില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഏറ്റവും കൂടുതൽ വിപണനം നടത്തിയ 50 ഉല്പാദക സ്ഥാപനങ്ങളുടെ അനുഭവത്തിൽ നിന്നാണ് ഈ നിഗമനത്തിൽ എത്തിയത്. അടിസ്ഥാന സൗകര്യ മേഖലയിൽ പ്രവർത്തിക്കുന്ന മുന്നോക്ക നിരയിലുള്ള 50 സ്ഥാപനങ്ങളും സമാനമായ അനുഭവം തന്നെയാണ് പങ്കുവയ്ക്കുന്നത്. നിരവധി കമ്പനികൾ കഴിഞ്ഞ ദശകത്തിൽ വൻതോതിൽ ധന സമൃദ്ധി കൈവരിച്ചിട്ടുള്ളതായും കാണാൻ കഴിയുന്നുണ്ട്.

ബോംബെ സ്റ്റോക്ക് എക്സേഞ്ചിലെ 500 പ്രമുഖ സ്ഥാപനങ്ങളുടെ ഋണ-ഓഹരി അനുപാതത്തെ സംബന്ധിച്ച വിപുലമായ ഡേറ്റയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ കമ്പനികളുടെ ഋണ ബാദ്ധ്യത അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് കൂടുതൽ തന്നെയാണ് എന്ന് സ്ഥാപിക്കുന്നു. വായ്പകളുടെ മുഖ്യ ശ്രോതസ്സ് ബാങ്കുകളാണ് എന്നത് വിസ്മരിക്കരുത്. കൂടാതെ ഇന്ത്യൻ ഓഹരി വിപണിയിലെ വൻ കുതിപ്പുകൾ ഋണ ഭാരം ലഘൂകരിക്കുന്നത് നിയമേന സഹായകരമായി തീരാറുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കാതെ, സർവ്വേ സ്വകാര്യസ്ഥാപനങ്ങൾ പരമ്പരാഗത സാമ്പത്തികശാസ്ത്രത്തിൽ പറയുന്നതു പോലെ 'നീർകുമിള' പരുവത്തിൽ ദുർബ്ബലാവസ്ഥയിലാണെന്ന് വിശ്വസിപ്പിക്കുകയാണ്. വായ്പാ ജി.ഡി.പി. അനുപാതം 2000 ങ്ങളിൽ 35.5 ശതമാനമായിരുന്നു എന്നും 2013-ൽ അത് 51 ശതമാനമായിരിക്കുന്നു എന്ന സ്ഥിതിവിവരകണക്കും അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ഇത് ചൈനയിൽ 150ഉം അമേരിക്കയിൽ 190 ആകുന്നു.! ഇന്ത്യയിലെ വായ്പാ വർദ്ധന നിരക്ക് മറ്റ് ഇടത്തരം രാജ്യങ്ങളെ അപേക്ഷിച്ച് പിന്നിലാണ് എന്നതാണ് മറ്റൊരു വസ്തുത. നമ്മുടെ കമ്പനികൾ ബാങ്കുകളെ ക്രമാതീതമായി ആശ്രയിക്കുന്നില്ല എന്നും, അവയ്ക്ക് മോശമല്ലാത്ത വിപണി ലഭിക്കുന്നുണ്ട് എന്നും സർവ്വേ എടുത്തു പറയുന്നു. ഇന്ത്യയുടെ സമീപകാല സാമ്പത്തിക മുന്നേറ്റത്തിൽ വർദ്ധമാനതോതിലുള്ള വായ്പകൾ നിർണ്ണായകമായിരുന്നില്ല. ഇതേ കാലയളവിൽ ചൈനയിലും ജപ്പാനിലും ക്രെഡിറ്റ് മേഖല ദ്രുതവളർച്ച നേടിയതായി മനസ്സിലാക്കാൻ കഴിയും.

റിസർവ് ബാങ്കിന്റെ ഡേറ്റ ആയിരക്കണക്കിന് കമ്പനികളിൽ നിന്നും ശേഖരിക്കപ്പെടുന്നു. കമ്പനികളുടെ അടച്ചുതീർത്ത ഓഹരി മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് RBI എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തിയിരുന്നത്. ഈ സ്ഥിതി വിവരത്തിന് മുൻകാലങ്ങളിൽ വലിയ അംഗീകാരം ഉണ്ടായിരുന്നു. ഇപ്പോൾ $MCA_{21}$ ഡേറ്റാ ബേസ് രൂപപ്പെടുത്തിയിട്ടുള്ളത് 5 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയിട്ടാണ്. പരിഷ്കരിച്ച ദേശീയ സ്ഥിതിവിവരം അനുസരിച്ച് 2011-12 ലെ ഭൂരിപക്ഷം ഉല്പാദക വ്യവസായ സ്ഥാപനങ്ങളുടെയും മിച്ചവും നിക്ഷേപവും മുൻപ് 2014-15 ന്റേതായി വെളിപ്പെടുത്തിയ എസ്റ്റിമേറ്റുകളെക്കാൾ വളരെക്കൂടുതലാണ്. രാജ്യത്തെ മൊത്തം കോർപറേറ്റ് മിച്ചധനത്തിന്റെ ദേശീയ തരള വരുമാനത്തിനോടുള്ള അനുപാതം 9.7 ആയിരുന്നു 2012-13 ൽ. മുൻപ് ഇത് 6.1 മാത്രമായിരുന്നു. കോർപറേറ്റ് മൂലധന സ്വരൂപണത്തിന്റെ അനുപാതത്തിലും ഇതു

പോലെ 9.2 ൽ നിന്നും 13.5 ലേക്കുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കണക്കുകൾ വ്യക്തമാക്കുന്നത്, പരപ്രേരണയില്ലാതെ തന്നെ നിക്ഷേപത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് കടന്നുവരാൻ നമ്മുടെ കോർപറേറ്റ് മേഖലക്ക് കഴിവുണ്ട് എന്നു തന്നെയാണ്.

മുടങ്ങികിടക്കുന്ന പ്രോജക്ടുകളാണ് യഥാർത്ഥ പ്രശ്നം, എന്നാൽ ഈ രംഗത്ത് ആശാസ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ് സാമ്പത്തിക സർവ്വേ പ്രകടമാക്കുന്നത്. സ്വകാര്യ മേഖലയിലെ പൂർത്തീകരിക്കപ്പെടാത്ത പ്രോജക്ടുകൾക്ക് പിന്നിൽ സർക്കാർ തലത്തിലെ നിയന്ത്രണങ്ങളെക്കാൾ മുന്നിട്ടു നിൽക്കുന്ന കാരണം അതാത് ബിസിനസ് രംഗത്തുണ്ടാകുന്ന മാന്ദ്യമാണെന്നും സർവ്വേ വിശദീകരിക്കുന്നുണ്ട്. 2011-ൽ സ്തംഭനം നേരിട്ടത് സേവന മേഖലയിലുള്ള സംരംഭങ്ങൾക്കായിരുന്നു എങ്കിൽ 2012-നാലാം പാദം മുതൽ 2014 ഒന്നാം പാദം വരെയുള്ള കാലയളവിൽ സ്തംഭനം സംഭവിച്ചത് ഉല്പാദക മേഖലയിലെ സംരംഭങ്ങൾക്കായിരുന്നു. ഈ പ്രവണതയുടെ തീവ്രതയ്ക്ക് ഇപ്പോൾ ശമനം കണ്ടുതുടങ്ങിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ വർദ്ധിച്ച നിക്ഷേപത്തിനുള്ള അവസരം വരുന്നു എന്ന് കരുതാം.

സാമ്പത്തിക സർവ്വേ ഉയർത്തിക്കാണിക്കുന്ന മറ്റൊരു ആശങ്ക ബാങ്കുകൾ നേരിടുന്ന ദ്വിമുഖ സമ്മർദ്ദങ്ങളാണ്. ഇന്ത്യയുടെ ഇപ്പോഴത്തെ വളർച്ചയുടെ പശ്ചാത്തലത്തിൽ വിപണിയും ബാങ്കിംങ്ങ് മേഖലയും സ്വാഭാവികമായ ഉണർവ്വ് ഉൾക്കൊള്ളുകയാണല്ലോ വേണ്ടത്. ഇവിടെ നാം ഒരു വൈരുദ്ധ്യം കാണുന്നുണ്ട്. സ്വകാര്യബാങ്കുകളുടെ സ്ഥിതി മൊത്തം വായ്പയുടെയും നിക്ഷേപത്തിന്റെയും വിഷയങ്ങളിൽ 2007- മുതൽ 20% എന്ന അവസ്ഥയിൽ വഴിമുട്ടി നിൽക്കുകയാണ്. സ്വകാര്യ ബാങ്കുകളുടെ ആസ്തി വളരെ താരതമ്യേന കൂടുതൽ ഉല്പാദനക്ഷമമായി വിന്യസിക്കപ്പെട്ടിരിക്കുകയാണ് എന്നു കൂടി ഓർമ്മിക്കേണ്ടതുണ്ട്. സ്തംഭന വിധേയമായ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾക്ക് ഫണ്ട് നൽകിയ പൊതുമേഖലാ ബാങ്കുകളാണ് വൻപിച്ച തിരിച്ചടി ഏറ്റുവാങ്ങിയത്. ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികളിൽ 70% ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രശ്നങ്ങളിൽ നിന്നും സംഭവിച്ചിട്ടുള്ളതാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതോടെ ബാങ്കുകൾ പുനരുജ്ജീവിക്കപ്പെടേണ്ടതാണ്. സർവ്വേ നൽകുന്ന സൂചനയും അങ്ങനെതന്നെയാണ്. ഈ വിഷയത്തിലാണ് ഗവൺമെന്റ് അതീവ ശ്രദ്ധാലു ആകേണ്ടത്. കൽക്കരിപ്പാടങ്ങളുടെ അലോക്കേഷൻ തൃപ്തികരമായി നിർവ്വഹിക്കപ്പെടുമ്പോൾ, മുടങ്ങികിടക്കുന്ന വൈദ്യുതി പദ്ധതികൾ പൂർത്തീകരിക്കപ്പെടും. ഇതിന്റെ ഫലമായി വൈദ്യുതി നിർണ്ണായകഘടകമായ ഇതര പ്രോജക്ടുകൾക്ക് അത് ഗുണകരമായി ഭവിക്കും.

ഇന്ത്യൻ ബാങ്കിംങ് രംഗത്ത് പൊതു, വിദേശ സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ സഹവർത്തിത്വം ആണ് ഉള്ളത്. ഒരേ തന്ത്രം എല്ലാ ബാങ്കുകളുടെയും കാര്യത്തിൽ പ്രയോജനപ്പെടണം എന്നില്ല. നിലവിൽ സ്വകാര്യബാങ്കുകൾ കൂടുതൽ ആരോഗ്യകരമായി പ്രവർത്തിക്കുന്നെങ്കിൽ, ലോകം സാമ്പത്തിക മാന്ദ്യത്തിൽ കൂടി കടന്നുപോയ നാളുകളിൽ നമ്മുടെ പൊതുമേഖല ബാങ്കുകളാണ് തിളങ്ങിനിന്നത്. ആ സമയത്ത് സ്വകാര്യ ബാങ്കുകളിൽ നിന്നും നിക്ഷേപ പലായനം സംഭവിച്ചു. ബാങ്കുകളുടെ താരതമ്യ മാത്സര്യക്ഷമതയും കാലാകാലങ്ങളിൽ മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ സമഗ്ര ബാങ്കിംങ്ങ് മേഖലയുടെ സുസ്ഥിരത ലക്ഷ്യമാക്കിയുള്ള തന്ത്രങ്ങളാണ് ആവശ്യമായിട്ടുള്ളത്.

ഇതര രാജ്യങ്ങളിലെ ബാങ്കുകളെ അപേക്ഷിച്ച് ഇൻഡ്യൻ ബാങ്കുകൾ പൊതുവെ ആരോഗ്യകരമായ അവസ്ഥയിലാണ്. നമ്മുടെ രാജ്യത്തെ നിയന്ത്രണസംവിധാനങ്ങൾ മാതൃകാപരമാണ്. ബാങ്കുകളുടെ ആസ്തി (വായ്പകൾ) ബാങ്കുകളുടെ സ്വന്തം മൂലധനവുമായി വളരെ കർക്കശമായ അനുപാതത്തിൽ നിബന്ധിതമാണ്. ബേസൽ 111 അനുശാസിക്കുന്ന നിബന്ധനകളിൽ പ്രധാനം, ബാങ്കുകളുടെ വായ്പ അനുവദിക്കാനുള്ള സ്വാതന്ത്ര്യത്തിന് പരിധികൾ നിർണ്ണയിക്കപ്പെടണം എന്ന

താണ്. അതിനുള്ള അടിസ്ഥാനം ബാങ്കുകൾ ഏറ്റെടുക്കുന്ന നഷ്ടസാദ്ധ്യതയെ മുൻനിർത്തി ആസ്തികളുടെ മൂല്യം പുനർനിർണ്ണയിക്കപ്പെടണം എന്നതും, അങ്ങനെയുള്ള ആസ്തികൾ (വായ്പകൾ) മൂലധനവുമായി ബന്ധപ്പെടുത്തിയിരിക്കണം എന്നതുമാണ്. ലെഹ്മാൻ ബ്രദേഴ്സ് മൂലധനത്തിന്റെ 30 മടങ്ങും ബീർ സ്റ്റേൺസ് മൂലധനത്തിന്റെ 33 മടങ്ങും വായ്പകൾ അനുവദിക്കാം എന്ന മാനദണ്ഡമാണ് കൈക്കൊണ്ടിരുന്നത്. ബേസൽ III പ്രകാരം മൊത്തം വായ്പയുടെ 3 ശതമാനം ഓഹരി മൂലധനമായി ഉണ്ടായിരിക്കണം. വായ്പ അനുവദിക്കാനുള്ള സ്വാതന്ത്ര്യം 33.3 മടങ്ങാകുന്നു. എന്നാൽ ഇപ്പോൾ ഇൻഡ്യൻ റിസർവ് ബാങ്ക് 4.5 ശതമാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതായത് 22 മടങ്ങ് വരെ വായ്പ അനുവദിക്കാം. ഇൻഡ്യയിലെ പല ബാങ്കുകളും ഇതിനേക്കാൾ കൂടുതൽ കരുതലോടെയുള്ള അനുപാതങ്ങളാണ് സ്വയം ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഇൻഡ്യയിലെ ബാങ്കുകൾ തികച്ചും സുരക്ഷിതമായ മേഖലയിലാണെന്ന് സാമ്പത്തിക സർവ്വേ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പൊതുമേഖല ബാങ്കുകളുടെ മൂലധനം പുഷ്ടിപ്പെടുത്തുന്നതിനായി ഈ ബഡ്ജറ്റിൽ ഗണ്യമായ ഫണ്ട് വകയിരുത്തിയിട്ടില്ല. മൂലധനത്തിന്റെ നിശ്ചിതമടങ്ങ് വായ്പകൾ നല്കാം എന്ന മാനദണ്ഡം ഏർപ്പെടുത്തിയതിന് ശേഷം മൂലധനം വർദ്ധിപ്പിക്കാൻ ബഡ്ജറ്റ് അലോക്കേഷൻ നൽകുന്ന രീതി യുക്തി ഭദ്രമല്ല എന്ന് പറയേണ്ടി വരും. ബഡ്ജറ്റിലെ സാർത്ഥകസമീപനങ്ങളും ഇതര നിയന്ത്രണ തന്ത്രങ്ങളും പകരം വച്ചുമാറാവുന്നവയാണോ അതോ അനുപൂരകങ്ങളാണോ എന്നത് അന്താരാഷ്ട്രചർച്ചയ്ക്ക് വിധേയമാകട്ടെ. ആരോഗ്യകരമായ നടപടിക്രമങ്ങൾ ഉരുത്തിരിയുന്നതിനും വിദേശബാങ്കുകളുടെ പുരോഗതിക്കും അത് സഹായകരം ആയിതീരുകയും ചെയ്യട്ടെ.

ബാങ്കുകൾ നേരിടുന്ന ദ്വിമുഖ സമ്മർദ്ദത്തെക്കുറിച്ച് പരാമർശിക്കപ്പെടുകയുണ്ടായി. ഇതും തെറ്റിദ്ധാരണാജനകമായ കാര്യമല്ലേ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ ഇരുപതുവർഷമായി – നിർബ്ബന്ധിത തരള അനുപാതം 21.5 ശതമാനമാണ്. എന്നാൽ ബാങ്കുകൾ സ്വമേധയാ, അവരുടെ സ്വന്തം തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ – 25 ശതമാനം നീക്കിവയ്ക്കുന്നുണ്ട്. ഇത് നിയമം ആവശ്യപ്പെടുന്നതിലും കൂടുതലാണ്. സ്വന്തം തീരുമാനവുമാണ്. അതിനാൽ ബാങ്കുകൾ സമ്മർദ്ധവിധേയമാണ് എന്ന് ധരിക്കാൻ നിവർത്തിയില്ല.

സമ്പദ്‌വ്യവസ്ഥയുടെ വികസ്വരവീര്യം പൂർണ്ണമായി ഉൾക്കൊള്ളാൻ സർവ്വേക്ക് കഴിഞ്ഞിട്ടില്ല. JAM നെ ഒരു കേവല പുനർവിതരണ സംവിധാനമായിട്ട് ഒതുക്കി കാണുന്നില്ലേ? ദരിദ്രവിഭാഗങ്ങൾക്ക് വായ്പ നൽകുന്ന ഒരു ഉപാധി എന്നതിലേറെ ആയി, അവരുടെ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ പ്രയത്നങ്ങൾ ഫലവത്താക്കി മാറ്റുന്ന രീതിയിലുള്ള രീതിയിലുള്ള ധനകാര്യസേവനങ്ങളുടെ വികസ്വര രൂപമായിട്ട് JAM നെ കാണേണ്ടതാണ്. അതിന്റെ സുസ്ഥിരത സംശയാതീതമാണ്. കാരണം ബാങ്കിംങ്ങ് സേവനങ്ങളുടെ കിരണങ്ങൾ പതിച്ചിട്ടില്ലാത്ത ഒരു വിസ്തൃത മേഖലയാണ് നിലവിലിലുള്ളത്. ഭാവനാപൂർണ്ണമായി ഏറ്റുവാങ്ങാൻ വലിയ ഒരു വിപണി കാത്തുനിൽക്കുകയാണ്.

ഉപഭോക്താവിന്റെ ആവശ്യങ്ങളും JAM ത്രിശക്തി വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും ഐക്യരൂപമുള്ളവയാണ്. ജൻധൻ ഓവർഡ്രാഫ്റ്റ്, ഇൻഷുറൻസ് ഇവ ഏർപ്പാടാക്കുന്നു, ആനുകൂല്യങ്ങൾ നേരിട്ട് ലഭ്യമാക്കുന്നു. റൂപേ ക്രെഡിറ്റ് കാർഡ് നൽകുന്നു. ജൻധൻ പദ്ധതി പ്രകാരം തുറക്കപ്പെടുന്ന ബാങ്ക് അക്കൗണ്ടുകൾ വിപുലമായ ബാങ്കിംഗ് സേവനങ്ങൾ തുറന്നുകൊടുക്കുകയാണ്. ഇത് ഉപഭോക്താവിന് എന്നതുപോലെ ബാങ്കിംങ്ങ് മേഖലയ്ക്കും വളർച്ചയ്ക്കുള്ള വഴി കാട്ടിയാണ്. വൈവിധ്യവൽക്കരണങ്ങളിൽ അവർ ശ്രദ്ധിക്കേണ്ടതാണ്. മൊബൈൽ ഫോണുകളുടെ തീഷ്ണവ്യാപനം ബാങ്കുകൾക്കു നൽകുന്ന ബിസിനസ്സ് സാദ്ധ്യതകൾ സീമയില്ലാത്തതാണ്. പല വികസ്വരരാജ്യങ്ങളും ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കഴിഞ്ഞു. ഇൻഡ്യ പിന്നിലായി പോയി എന്നുമാത്രം.

14-ാം ധനകാര്യകമ്മീഷന്റെ ശുപാർശകളും വളർച്ചയ്ക്ക് പ്രേരണനൽകുന്നവയാണ്. എന്നാൽ ഇത് കേന്ദ്രഗവണ്മെന്റിന്റെ ധനകാര്യരംഗത്ത് പുതുതായി സൃഷ്ടിക്കുന്ന പരിമിതികളെക്കുറിച്ചാണ് സർവ്വേ വ്യാകുലപ്പെടുന്നത്. എന്നാൽ കേന്ദ്രഗവണ്മെന്റ് ശുപാർശകളുടെ ദൂരവ്യാപകമായ ഗുണഫലങ്ങൾ വിലയിരുത്തി, അവയെ അംഗീകരിക്കുന്നതാണ് നാം കാണുന്നത്. ധനകാര്യകമ്മീഷന്റെ ഉത്ഭവം ഭരണഘടനയിൽ നിന്നാണ്. രാജ്യത്താകമാനം പൊതുസേവനങ്ങൾ സമതുലിതമായി ലഭ്യമാക്കുന്നതിനും കേന്ദ്രീകൃത ആസൂത്രണത്തിന്റെ ദൂഷ്യഫലമായി ഉണ്ടാകുന്ന പ്രാദേശിക പ്രസക്തി കുറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും കേന്ദ്ര ഇടപെടലുകൾ കുറച്ച് കൊണ്ടുവരുന്നതിനും സർവ്വോപരി സംസ്ഥാനങ്ങളെ ശാക്തീകരിക്കുന്നതിനും ഉതകുന്നവയാണ് ധനകാര്യകമ്മീഷന്റെ ശുപാർശകൾ.

രാജ്യത്തിന്റെ മൊത്തത്തിലുള്ള ധനകമ്മി, പ്രത്യേകിച്ച് റവന്യൂകമ്മി താഴ്ത്തികെട്ടുന്നതിനും പ്രാദേശികതലത്തിലെ ശേഷികൾ സൃഷ്ടിക്കുന്നതിനും റവന്യൂ വർദ്ധിപ്പിക്കുന്നതിനും ഉള്ള പരിശ്രമങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഇതിലേക്കായി ജനങ്ങൾ സമൂർത്തമായ സേവനങ്ങൾ ലഭ്യമാക്കണം. എല്ലാ കാര്യങ്ങളും ജനങ്ങളെ വ്യക്തമായി ബോദ്ധ്യപ്പെടുത്താൻ കഴിയണം. ചില സംസ്ഥാനങ്ങളിൽ സമീപകാലത്ത് നടന്ന തെരഞ്ഞെടുപ്പ് ഫലങ്ങൾ വിരൽ ചൂണ്ടുന്നത് സദ്ഭരണത്തെ മാത്രമെ ജനത അംഗീകരിക്കുകയുള്ളൂ എന്നതിലേക്കാണ്. ധനകാര്യ കെട്ടുറപ്പ് കൈവരിക്കുന്നതിൽ ഏതാനും സംസ്ഥാനങ്ങൾ കേന്ദ്രഗവണ്മെന്റിനെ പിന്നിലാക്കിയിരിക്കുകയാണ്. ധനകാര്യ കെട്ടുറപ്പും ചെലവുകളുടെ ഘടനയും തുല്യ പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളാണ്, രണ്ടിലും മേന്മ വർദ്ധിപ്പിക്കണം.

പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം കുറയുന്നതിന്റെ ഒരു പ്രധാന കാരണം വ്യത്യസ്ത തലങ്ങളിലുള്ള ഗവണ്മെന്റുകളുടെയും ഇതര നിർവ്വഹണസംവിധാനങ്ങളുടെയും ഏകോപനവും പാരസ്പര്യവും ഇല്ലാതെയുള്ള പ്രവർത്തനങ്ങൾ മൂലമാണ്. 14-ാം ധനകാര്യകമ്മീഷൻ ഈ സാഹചര്യത്തെ വിലയിരുത്തുകയും സംസ്ഥാനങ്ങൾക്ക് മതിയായ തോതിൽ പ്രവർത്തന സ്വാതന്ത്ര്യം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യം, ശുചിത്വം, ജലം എന്നീ വിഷയങ്ങൾ പൂർണ്ണമായി സംസ്ഥാനങ്ങളുടെ ചുമതലയിലാക്കിയിട്ടുണ്ട്. ഈ മൂന്ന് രംഗങ്ങളിലെ ഗുണമേന്മ തകർച്ച ശിശുക്കളുടെ ആരോഗ്യത്തെയും പൊതുജനാരോഗ്യത്തെ മുഴുവനായും പ്രതികൂലമായി ബാധിക്കുന്നു. ഇത് നമ്മുടെ മാനവിക വിഭവത്തെ ഭയാനകമായ തോതിൽ ശുഷ്കിപ്പിക്കുന്നു. ഈ സ്ഥിതി മറികടക്കുന്നതിന് സംസ്ഥാനങ്ങൾ അഹോരാത്രം പ്രയത്നിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ ഈ രംഗങ്ങളിൽ നിലനിന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒട്ടുമുക്കാലും നിറുത്തലാക്കിയതായി കാണാം. സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി വിഹിതം ഉറപ്പാക്കിയിട്ടുള്ളതിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് നൽകി വരാറുള്ള പദ്ധതി വിഹിതം 20-40 ശതമാനത്തിൽ ഒതുക്കിയിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാനങ്ങൾക്ക് അവരുടേതായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഈ മേഖലകളിൽ പദ്ധതികൾ നടത്തുന്നതിനുള്ള നിപുണത സംസ്ഥാനങ്ങൾ കൈവരിക്കേണ്ടത് ആവശ്യമാണ്. ഈ വിഷയത്തിൽ അന്തർസംസ്ഥാന കൗൺസിലുകൾ സക്രിയമാക്കി, ആശയവിനിമയത്തിനും സഹകരണത്തിനുമുള്ള വേദികൾ ഒരുക്കാൻ കഴിയണം. കേന്ദ്രസർക്കാറിന്റെ തലത്തിലും മന്ത്രാലയങ്ങൾ പുനസംഘടിപ്പിക്കുകയും നിർവ്വഹണം സുഗമമാക്കാൻ ഉതകുന്ന പരിഷ്കാരങ്ങൾ നടപ്പാക്കുകയും ആവശ്യമാണ്.

പദ്ധതി നിർവ്വഹണം ഫലപ്രദമാക്കാൻ ഉതകുന്ന രീതിയിൽ ഭരണ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. ഭരണത്തിന്റെ ആദ്യവർത്തിൽ ഈ ദിശയിലേക്കുള്ള ചുവടുവയ്പുകൾ ഒന്നും ഉണ്ടായിട്ടില്ല. സർവ്വേയിലോ ബഡ്ജറ്റിലോ ഇത്തരം പരിപാടികൾ പരാമർശിക്കപ്പെട്ടിട്ടില്ല. സർവ്വേയിൽ അംഗീകൃത കാർഷികവിപണി

സമിതികളുടെ വൈകല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ വിഷയത്തെ യുക്തിസഹമായ പാരമ്യത്തിലേക്ക് എത്തിക്കുന്നില്ല. അതിന് പകരം, ഗ്രാമ പ്രദേശങ്ങളിൽ വേതന തകർച്ചയുണ്ടെന്നും അതിനാൽ ഗ്രാമങ്ങളിൽ കൂടുതൽ ധനം ചെലവഴിക്കപ്പെടണം എന്നും ഉള്ള അപകടകരമായ നിർദ്ദേശം വച്ചിരിക്കുകയാണ്. ഇത്തരം ചെലവിനങ്ങളാണ് സമീപ ഭൂതകാലങ്ങളിൽ നാണ്യപെരുപ്പത്തിന് ഹേതുവായത്. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ വർദ്ധിച്ച വേതനം ഉറപ്പാക്കുന്നത് വർദ്ധിച്ച ഉല്പാദനക്ഷമതയിലൂടെ മാത്രമാണ്. ഗ്രാമങ്ങളിൽ ചെലവഴിക്കപ്പെടുന്ന ഫണ്ടിന്റെ വലിപ്പമല്ല അതിന്റെ ഘടനയാണ് നിർണ്ണായകമായിട്ടുള്ളത്. ഉദാഹരണത്തിന് സുരക്ഷിതവും മേന്മയേറിയതുമായ റെയിൽവേ സേവനങ്ങൾ ഗ്രാമീണ ഭാരതത്തിനും സാധാരണമനുഷ്യർക്കും വളരെ പ്രയോജനകരമായിരിക്കും. അതിലേക്കുള്ള ചില നൂതന ആശയങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

മുൻ കാലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ ധനവ്യയം ഗ്രാമീണ വേതന നിലവാരത്തെ ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. ഈ പാത തുടരണം എന്നാണ് സർവ്വേ ആവശ്യപ്പെടുന്നത്. ഭവനനിർമ്മാണത്തിന് മുൻഗണന നൽകാവുന്നതാണ്. സ്മാർട്ട് സിറ്റി എന്നാൽ ആൾതാമസമില്ലാത്ത ഫ്ളാറ്റുകളുടെ കൂട്ടമല്ല. പഴയ നഗരങ്ങളെ പരിഷ്കരിക്കുവാൻ പ്രയാസമാണ്. അതുപോലെ പുതിയ ടൗൺഷിപ്പുകളിലേക്ക് ജനങ്ങളെ സമ്പൂർണ്ണമായി ആകർഷിക്കുവാനും ബുദ്ധിമുട്ടുകളുണ്ട്. ആഞ്ഞടിക്കുന്ന പരിഷ്കാരങ്ങളെക്കാൾ ക്രമീകമായ പുരോഗതി എന്നതാണ് പ്രായോഗികം.

ദുരപദിഷ്ടവും സുതാര്യതയില്ലാത്തതുമായ നികുതി സമ്പ്രദായത്തിന്റെ പേരിലാണ് ഗവൺമെന്റ് വിമർശിക്കപ്പെടുന്നത്. ഇത് മാറ്റി എഴുതേണ്ടതാണ്. എന്നാൽ അതിന്റെ പേരിൽ കോർപറേറ്റുകളെയും വിദേശ നിക്ഷേപസ്ഥാപനങ്ങളെയും നികുതി ബാദ്ധ്യതയിൽ നിന്നും ഒളിച്ചോടാൻ അനുവദിക്കേണ്ടതില്ല. ഇപ്പോൾ ജി-20 OECD എന്നീ സംഘടനകൾ പര്യാലോയിക്കുന്ന നികുതി പരിഷ്കാരങ്ങൾ (Base erosion and profit sharing) ഇൻഡ്യയ്ക്കും സ്വീകരിക്കാവുന്നതാണ്. നികുതി ആവർത്തനം ഒഴിവാക്കുന്നത് ലക്ഷീകരിച്ചു കൊണ്ടുള്ള ടാക്സ് ട്രീറ്റുകൾ ഇപ്പോൾ സാധാരണമാണ്. എന്നാൽ ഇത്തരം ട്രീറ്റുകൾ ആഭ്യന്തരസംരംഭങ്ങളെയും സർക്കാർ പദ്ധതികളെയും പ്രതികൂലമായി ബാധിക്കില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

OECD യുടെ പുതിയ സർവ്വെ പ്രകാരം ഉപഭോഗ നികുതിയുടെ അതിപ്രസരം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന രാജ്യമാണ് ഇൻഡ്യ. ഈ ബഡ്ജറ്റ് ഈ ദുരവസ്ഥക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. GST നടപ്പാക്കുന്നതിലൂടെ ഇതിന് പരിഹാരം ഉണ്ടായേക്കാം. GST ഇപ്പോഴും വാഗ്ദാനം മാത്രമായി നിലകൊള്ളുകയാണ്. മുൻ ഗവൺമെന്റിന് വീഴ്ച പറ്റിയത്, വിദേശ നിക്ഷേപത്തെ അതിരുകടന്ന് ആശ്രയിച്ചതും സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് ഗ്രാമീണ ആഭിമുഖ്യ പദ്ധതികൾക്ക് പ്രാധാനം നൽകിയതും ആണ്. എന്നാൽ ആഭ്യന്തരപരിഷ്കാരങ്ങളിൽ ശ്രദ്ധ പതിപ്പിച്ചതും ഇല്ല. പുതിയ സർക്കാരും അറിഞ്ഞോ അറിയാതെയോ ഇതേ ശൈലി ആവർത്തിക്കുകയാണോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

വരും വർഷങ്ങളിൽ നിർവ്വഹണത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം. ഭൂതകാലവീഴ്ചകൾ ഒഴിവാക്കപ്പെടട്ടെ. ബഡ്ജറ്റും സർവ്വേയും പരിഷ്കാരോന്മുഖമായ നിരവധി ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. പരീക്ഷിക്കപ്പെടേണ്ടവയാണ് അവയെല്ലാം. വിജയിച്ചാൽ, സദ്ഫലങ്ങളുടെ വസന്തത്തിലേക്ക് അത് നയിക്കുകതന്നെ ചെയ്യും.

**ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് റിസേർച്ചിൽ പ്രഫസറാണ് ലേഖിക**

# മെയ്ക്ക് ഇൻ ഇന്ത്യ : ആഗോള ഉത്പാദന ശൃംഖലകളിലെ പങ്കാളിത്തം

സി. വീരമണി

**2011 ൽ ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 48.9 ശതമാനവും ജോലി ചെയ്ത കാർഷികമേഖല ഇന്ത്യയുടെ ജി.ഡി.പി യിൽ 2011–13 കാലത്ത് 18.1 ശതമാനം മാത്രമെ സംഭാവന ചെയ്തുള്ളു. കാർഷിക രംഗത്തെ ഇത്തരത്തിൽ അമിതമായി ആശ്രയിക്കുന്നത് ആശാസ്യമല്ലെന്ന് മാത്രമല്ല ഇന്ത്യയിൽ ദാരിദ്ര്യം തുടരുന്നതിന് പ്രധാന കാരണവുമാണ്.**

**ഉ**ത്പാദന മേഖലയുടെ ത്വരിതഗതിയിലുള്ള വികസനം നമ്മുടെ സാമ്പത്തിക നയത്തിന്റെ പ്രധാന ലക്ഷ്യമായിരുന്നു. 1956 ൽ രണ്ടാം പഞ്ചവത്സര പദ്ധതി മുതൽ അടുത്തിടെ പ്രഖ്യാപിച്ച മെയ്ക്ക് ഇൻ ഇന്ത്യ വരെ ഇന്ത്യയിൽ നയരൂപീകരണത്തിന് നായകത്വം വഹിച്ചവർ ഇവിടുത്തെ ഉത്പാദന മേഖല വികസിക്കേണ്ടതിന്റെ ആവശ്യം എടുത്തു കാട്ടിയിട്ടുണ്ട്. എന്തുകൊണ്ട് ഉത്പാദനം എന്നത് സ്വാഭാവികമായി ഉയരുന്ന ചോദ്യമാണ്. രാജ്യങ്ങളുടെ സാമ്പത്തിക വികസനത്തിൽ വ്യവസായവൽക്കരണത്തിനുള്ള പങ്ക് ലോകത്തിന്റെ പല ഭാഗത്തുള്ള ഉദാഹരണങ്ങളിലൂടെ തെളിഞ്ഞുകഴിഞ്ഞതാണ്. കയറ്റുമതിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വ്യവസായവൽക്കരണം സുസ്ഥിരമായ തൊഴിലവസര സൃഷ്ടിക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും നിർണ്ണായകമാണെന്ന് കിഴക്കനേഷ്യൻ രാജ്യങ്ങളുടെ അനുഭവം തെളിയിക്കുന്നു. ഇന്ത്യയെപോലുള്ള രാജ്യങ്ങളിൽ തൊഴിലാളികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഉത്പാദനം കുറഞ്ഞ ചെലവിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വൻ സാധ്യത തുറന്നു നൽകുന്നു.

1980 കൾക്കുശേഷം ഇന്ത്യയുടെ ജി.ഡി.പി വളർച്ചാ പ്രകടനത്തിൽ മാറ്റം ദൃശ്യമായി തുടങ്ങി. എന്നിരുന്നാലും കാർഷിക മേഖലയിൽ നിന്നും അധികമായി വരുന്ന തൊഴിലാളികളെ കാർഷികേതര മേഖലകളിലേക്ക് മാറ്റുന്നത് മന്ദഗതിയിലാണ്. 2011 ൽ ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 48.9 ശതമാനവും ജോലി ചെയ്ത കാർഷികമേഖല ഇന്ത്യയുടെ ജി.ഡി.പി യിൽ 2011 –13 കാലത്ത് 18.1 ശതമാനം മാത്രമെ സംഭാവന ചെയ്തുള്ളു. കാർഷിക രംഗത്തെ ഇത്തരത്തിൽ അമിതമായി ആശ്രയിക്കുന്നത് ആശാസ്യമല്ലെന്ന് മാത്രമല്ല ഇന്ത്യയിൽ ദാരിദ്ര്യം തുടരുന്നതിന് പ്രധാന കാരണവുമാണ്. തൊഴിലാളികളെ കാർഷിക രംഗത്ത് നിന്ന് തൊഴിലിന് പ്രാമുഖ്യമുള്ള ഉത്പാദന രംഗത്തേക്ക് മാറ്റുന്ന പരമ്പരാഗത വളർച്ചാ രീതിയാണ് ചൈനയും മറ്റ് കിഴക്കനേഷ്യൻ രാജ്യങ്ങളും പിന്തുടർന്നത്. എന്നാൽ ഇന്ത്യയാകട്ടെ പുരോഗതിയുടെ അന്തിമ ഘട്ടത്തിലുള്ള സേവന മേഖലയിലേക്ക് നേരിട്ട് ചുവട്

മാറി മധ്യത്തിലുള്ള വ്യവസായവൽക്കരണത്തെ വിട്ടു കളഞ്ഞിരിക്കുന്നു എന്ന് പറയാം.

### ഇന്ത്യയുടെ ഉത്പാദന മേഖലയുടെ വളർച്ചയും ഘടനയും: ചില പോരായ്മകൾ

പ്രധാനമായും വിദഗ്ധ തൊഴിലാളികൾ ആവശ്യമുള്ള സേവന രംഗത്തെ ആശ്രയിച്ചുള്ളതാണ് ഇന്ത്യയുടെ വളർച്ചാഗാഥ. 2011-13 കാലത്ത് നമ്മുടെ ജി.ഡി.പി യിൽ ഉത്പാദന മേഖലയുടെ പങ്ക് 17.8 ശതമാനം മാത്രമായിരുന്നു. ഇന്ത്യയുടെ ജി.ഡി.പി യിൽ ഉത്പാദന മേഖലയുടെ വിഹിതം പ്രവചിച്ചതിലും കുറവാണെന്ന് അന്താരാഷ്ട്ര താരതമ്യ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. അതേ സമയം ചൈനയുടെ കാര്യത്തിൽ സ്ഥിതി നേർ വിപരീതവുമാണ്. ഇന്ത്യയുടെ കയറ്റുമതി ഉത്പന്നങ്ങളിൽ ഉത്പാദന മേഖലയുടെ പങ്ക് 1992 ൽ 73.5 ശതമാനമായിരുന്നത് 2012 ൽ 65 ശതമാനമായി കുറഞ്ഞു. അതേ സമയം ചൈനയിൽ 2012 ൽ ജിഡിപിയിൽ 32 ശതമാനവും കയറ്റുമതി ഉത്പന്നങ്ങളിൽ 94 ശതമാനവും ഉത്പാദന മേഖലയാണ് സംഭാവന ചെയ്തത്.

ഉത്പാദന മേഖലയിൽ തന്നെ ഇന്ത്യ വൈദഗ്ധ്യവും മൂലധനവും താരതമ്യേന കൂടുതൽ ആവശ്യമുള്ള പ്രവൃത്തികളിലാണ് പ്രാവിണ്യം പ്രകടിപ്പിക്കുന്നത്. മരുന്നുകൾ, രാസപദാർത്ഥങ്ങൾ തുടങ്ങി വിദഗ്ധ തൊഴിലാളികളെയും വാഹനങ്ങൾ, സ്പെയർ പാർട്ടുകൾ തുടങ്ങി അധിക മൂലധനവും ആവശ്യമുള്ള മേഖലകളാണ് ഇന്ത്യയുടെ കയറ്റുമതി രംഗത്ത് വളർച്ച പ്രകടമാക്കുന്നത്. 1993 നും 2010 നും ഇടയിൽ മൂലധന അധിഷ്ഠിത ഉത്പന്നങ്ങൾ 25 ശതമാനത്തിൽ നിന്ന് 54 ശതമാനമായി ഇരട്ടിയിലധികം വർദ്ധിച്ചപ്പോൾ തൊഴിലധിഷ്ഠിത മേഖലയുടെ വിഹിതം 30 ൽ നിന്നും 15 ശതമാനമായി കുറയുകയാണ് ചെയ്തത്. ചൈനയിലെ തൊഴിലധിഷ്ഠിത വളർച്ചയുടെ സ്ഥാനത്ത് ഇന്ത്യയിലെ ഉത്പാദന മേഖല മൂലധന അധിഷ്ഠിതമായ പാതയാണ് പിന്തുടർന്നത്.

### ആഗോള ഉത്പാദന ശൃംഖലയുടെ വളർച്ച

താരിഫ് തട്ടുകളിൽ ലോക വ്യാപകമായി ഉണ്ടായ കുറവും സാങ്കേതിക വിദ്യയുടെ ചിറകിലേറി ഗതാഗത വാർത്താവിനിമയ ചെലവുകൾ ഇടിഞ്ഞതും പല വ്യവസായങ്ങളിലും ഉത്പാദന പ്രക്രിയ വേഗത്തിലാക്കി. നിർമ്മാണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ പല രാജ്യങ്ങളിലായി നടത്തുന്ന സ്ഥിതി സംജാതമായി. ലോക വ്യാപാരത്തിന്റെ സ്വഭാവങ്ങളിലും രീതിയിലും 1980 കൾക്കുശേഷം മാറ്റമുണ്ടായി. ഉത്പാദന പ്രക്രിയയിൽ നിശ്ചിത ഘട്ടങ്ങളിൽ പ്രാവീണ്യംനേടിക്കൊണ്ട് രാജ്യങ്ങൾ കൂടുതലായി വ്യാപാരങ്ങളിൽ ഏർപ്പെട്ടു. യന്ത്രഭാഗങ്ങൾ, വസ്തുക്കൾ എന്നിവയുടെ വ്യാപാരം അന്തിമ ഉൽപ്പന്നത്തെ അപേക്ഷിച്ച് അതിവേഗത്തിൽ വളർന്നു.

ഒരു പ്രമുഖ നിർമ്മാണ സ്ഥാപനവും വിവിധ രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന അതിന്റെ ഘടക വിതരണക്കാരും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം വിശകലനം ചെയ്യാനുള്ള ഒരു ഉപാധിയായാണ് ആഗോള ഉത്പാദനശൃംഖലയെന്ന സങ്കൽപ്പം വികസിച്ചത്. ആഗോള ഉൽപ്പാദനശൃംഖലയുടെ വളർച്ചയെന്നാൽ അന്തിമ ഉൽപ്പന്നത്തിന്റെ കയറ്റുമതി/ഇറക്കുമതി മാത്രമല്ല അതിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന ഘടക ഉത്പാദനം കൂടിയാണ്. ഓരോ രാജ്യവും അതിന്റെ താരതമ്യ മുൻതൂക്കത്തെ ആസ്പദമാക്കി ഉത്പാദനപ്രക്രിയയുടെ ഒരു ഘട്ടത്തിൽ പ്രാവീണ്യംനേടുന്നു.

ഇലക്ട്രോണിക്, ഓട്ടോമൊബൈൽസ് തുടങ്ങി ചില വ്യവസായങ്ങളിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിർമ്മാണപ്രക്രിയ വിഭിന്ന ഘട്ടങ്ങളായി തിരിക്കാൻ പറ്റും. അത്തരം വ്യവസായങ്ങളിൽ ഉത്പാദനപ്രക്രിയ ചെറുതും പ്രത്യേകതയാർന്നതുമായ ഭാഗങ്ങളുടെ നിർമ്മാണത്തിലേക്ക് വിഭജിക്കാൻ കഴിയുകയും ചെയ്യും. ഓരോ രാജ്യത്തും കുറഞ്ഞ ചെലവിൽ ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിലാകും ഇത്തരം വിഭജനം. ഉൽപ്പാദനത്തിന്റെ ഭൂമിശാസ്ത്രപരമായ വിഭജനം ഘടകങ്ങളെ അടിസ്ഥാനമാക്കിയ

വ്യാപാരത്തിന് വഴിതുറക്കും. ചൈനയെപ്പോലെ കുറഞ്ഞ ചെലവിൽ മാനവവിഭവശേഷി ലഭ്യമായ രാജ്യങ്ങൾ കുറഞ്ഞ വൈദഗ്ദ്ധ്യം മാത്രം ആവശ്യമായ പ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ കൂടതൽ മൂലധനവും വൈദഗ്ദ്ധ്യവും ആവശ്യമായ പ്രവർത്തനങ്ങളിൽ അവ യഥേഷ്ടം ലഭ്യമായിടത്തേക്ക് മാറുന്നു. അങ്ങനെ ഗവേഷണവികസനം പോലെ വൈദഗ്ദ്ധ്യത്തേയും വിജ്ഞാനത്തേയും അടിസ്ഥാനമാക്കിയ ഉത്പാദനപ്രക്രിയ അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ കേന്ദ്രീകരിക്കുമ്പോൾതന്നെ അവരുടെ ഉത്പാദനം മുഴുവനായോ ഭാഗങ്ങളായോ ചൈന, വിയറ്റ്നാം തുടങ്ങി കുറഞ്ഞ വേതനമുള്ള രാജ്യങ്ങളിൽ നടത്തുന്നു.

ഉത്പാദന ശൃംഖലകളുടെ വികസനം വ്യാപകമാണെങ്കിലും കിഴക്കൻ ഏഷ്യയിലും ചൈനയിലും അത് സവിശേഷ ശ്രദ്ധനേടി. തങ്ങളുടെ ആഭ്യന്തര വ്യവസായങ്ങളെ ആഗോള ഉൽപ്പാദന ശൃംഖലകളുമായി കോർത്തിണക്കിക്കൊണ്ടുള്ള കയറ്റുമതി പ്രോത്സാഹനനയങ്ങളാണ് ചൈന 1990കൾ മുതൽ നടപ്പിലാക്കിയത്. കിഴക്കനേഷ്യയെപ്പോലെ വരില്ലെങ്കിലും യൂറോപ്പിലും വടക്കൻ അമേരിക്കയിലും ശക്തമായ ഉത്പാദന ശൃംഖലകളുണ്ട്.

ചൈനയുടെ മൊത്തം കയറ്റുമതിയിൽ യന്ത്രസാമഗ്രികളുടെ വർദ്ധിച്ചുവരുന്ന വിഹിതമാണ് ആഗോള ഉത്പാദന ശൃംഖലകളിൽ ആ രാജ്യത്തിന്റെ പങ്കാളിത്തം ഉയരാൻ കാരണം. 2010 ൽ യന്ത്രസാമഗ്രികളും ഗതാഗത സജ്ജീകരണങ്ങളും ചൈനീസ് കയറ്റുമതിയുടെ 52 ശതമാനവും സംഭാവന നൽകി. ഈയിനത്തിൽ ലോകത്തിൽ തന്നെ 20 ശതമാനം വിഹിതവും ചൈനീസ് കമ്പനികൾ സ്വന്തമാക്കി. പ്രാദേശിക തലത്തിലും ആഗോള തലത്തിലുമുള്ള ഉത്പാദന ശൃംഖലകളുമായി നടത്തിയ സംയോജനമാണ് ചൈനീസ് യന്ത്ര കയറ്റുമതി ത്വരിത ഗതിയിൽ വളരാൻ ഇടയാക്കിയത്.

ഇറക്കുമതി ചെയ്ത ഘടകങ്ങളുടെയും ഭാഗങ്ങളുടെയും ബലത്തിൽ ചൈന ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ കൂട്ടിയിണക്കി വിപണിയിലെത്തിക്കുന്നതിൽ ആഗോളാടിസ്ഥാനത്തിൽ തന്നെ കേന്ദ്ര സ്ഥാനമാണ് വഹിക്കുന്നത്. കിഴക്കൻ ഏഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഘടകങ്ങളും ഭാഗങ്ങളും കൂട്ടിയിണക്കി അന്തിമ ഉത്പന്നമാക്കി അമേരിക്കയിലേക്കും യൂറോപ്പിലേക്കും കയറ്റുമതി ചെയ്യുകയാണ് ചൈനീസ് രീതി. ഇറക്കുമതി ചെയ്യുന്ന അസംസ്കൃത വസ്തുക്കളെ ആശ്രയിച്ചുള്ള സംസ്കരണവും കൂട്ടിയിണക്കലും ആയതിനാൽ ഈ രീതിയിൽ യൂണിറ്റ് അടിസ്ഥാനത്തിൽ ആഭ്യന്തര മൂല്യവർധന പൊതുവെ അത്ര വലുതല്ല. അതേസമയം തന്നെ ഈ പ്രവൃത്തി വൻ തോതിലുള്ളതായതിനാൽ മൊത്തം ആഭ്യന്തര മൂല്യവർധനയും തന്മൂലമുള്ള തൊഴിലവസര സൃഷ്ടിയും വലുതാണ് താനും.

**ആഗോള ഉത്പാദന ശൃംഖലകളിൽ ഇന്ത്യയുടെ പങ്ക്**

മൂലധനം, വൈദഗ്ധ്യം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഉല്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രത്യേകത മൂലം പ്രാദേശിക, ആഗോള ഉത്പാദന വ്യവസായ ശൃംഖലകളുമായി യോജിച്ചല്ല ഇന്ത്യയുടെ നില്പ്.

ചൈനയിലും കിഴക്കൻ ഏഷ്യയിലും കയറ്റുമതി വളരാൻ മുഖ്യ പങ്ക് വഹിച്ച ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയയിൽ വലിയ തോതിൽ പങ്ക് ചേരാൻ ഇന്ത്യ തയ്യാറായിട്ടില്ല. പല വൻകിട ബഹുരാഷ്ട്ര കമ്പനികളും ഇന്ത്യയിൽ നിർമ്മാണ ശാലകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് പ്രധാനമായും ആഭ്യന്തര വിപണി ലക്ഷ്യമാക്കിയുള്ളതാണ്. അതേസമയം മോട്ടോർ വാഹന വ്യവസായത്തിൽ ഇന്ത്യ ആഗോള ഉത്പാദന ശൃംഖലകളുമായി ചേർന്നാണ് നിൽക്കുന്നതെന്ന് പഠനങ്ങൾ കാണിക്കുന്നു. ചില കമ്പനികൾ ഇന്ത്യയിൽ അവയുടെ നിർമ്മാണ ശാലകൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ചിലവ ആഗോള വിപണിയിലേക്കുള്ള അവരുടെ കയറ്റുമതി കേന്ദ്രമായും ഇന്ത്യയെ മാറ്റി വരികയാണ്. 2000 നുശേഷം ഇന്ത്യയിൽ നിന്നുള്ള കാർ കയ

റ്റുമതി കാർ ഘടകഭാഗങ്ങളുടെ കയറ്റുമതിയെ അപേക്ഷിച്ച് കൂടുതൽ വേഗത്തിലാണ് വളരുന്നത്. മൊത്തത്തിൽ പറഞ്ഞാൽ, കാർ കയറ്റുമതിയിൽ ഇന്ത്യ വളർച്ച നേടിയെങ്കിലും ഇലക്ട്രോണിക് - ഇലക്ട്രിക്കൽ ഉല്പന്നങ്ങൾ പോലുള്ള വസ്തുക്കളുടെ വ്യാപാരത്തിൽ നാമ മാത്രമായ പങ്കാളിത്തം മാത്രമെ നേടാനായിട്ടുള്ളൂ.

**ആഗോള ഉത്പാദന ശൃംഖലകളിൽ ഇന്ത്യയുടെ നിറം മങ്ങിയ പങ്കാളിത്തത്തിന് കാരണം?**

തൊഴിൽ കേന്ദ്രീകരിച്ചുള്ള വ്യവസായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാത്ത നയങ്ങൾ മൂലം മറ്റു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യ അതിന്റെ ആഭ്യന്തര ഉത്പാദന മേഖലയെ ആഗോള ഉത്പാദന കണ്ണികളുമായി കൂട്ടിയിണക്കാൻ തയ്യാറായിരുന്നില്ല. ഇറക്കുമതിക്ക് പകരം എന്ന നയം മൂലധനം, വൈദഗ്ധ്യം എന്നിവയിൽ ഊന്നിയുള്ള ഉത്പാദനത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കി. 1991 ൽ തുടക്കമിട്ട സാമ്പത്തിക ഉദാരവത്ക്കരണവും ഇതിന് അറുതി വരുത്തിയില്ല. തടസ്സങ്ങൾ ലഘൂകരിച്ച് വിപണി ഉദാരവൽക്കരിക്കാൻ പരിഷ്കരണ നടപടികൾ സഹായിച്ചുവെങ്കിലും തൊഴിൽ, ഭൂമി വിപണികൾ ഇപ്പോഴും പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കും ഇടയിലാണ്. ഇവിടുത്തെ പഴക്കം ചെന്ന തൊഴിൽ നിയമങ്ങൾ ഉയർത്തുന്ന തടസ്സങ്ങൾ ഏറെ തൊഴിലാളികളെ ആവശ്യമായ പ്രവർത്തനമേഖലകൾ തിരഞ്ഞെടുക്കുന്നതിൽ നിന്ന് സംരംഭകരെ തടയുന്നു. തൊഴിൽ രംഗത്ത് ഗവൺമെന്റിന്റെ ഇടപെടൽ വേതന ഘടനയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്.

ചൈനയുടെ ഉത്പാദന മേഖലയെ ആഗോള തലത്തിൽ നിർമ്മാണ ശൃംഖലകളുമായി ഇണക്കി ചേർക്കുന്നതിൽ വിദേശ നിക്ഷേപം നിർണ്ണായകമായി. ചൈനയിലെ ഉത്പാദന രംഗത്തേക്ക് ഒഴുകുന്ന വിദേശ നിക്ഷേപം അധികവും കയറ്റുമതി ലക്ഷ്യമിട്ടാണ്. അതേസമയം, ഇന്ത്യയിൽ കയറ്റുമതിക്ക് പകരം ആഭ്യന്തര വിപണി ലക്ഷ്യമിട്ടാണ് നേരിട്ടുള്ള വിദേശ നിക്ഷേപം എത്തുന്നത്. ചുരുക്കത്തിൽ ചൈനയിൽ സംഭവിക്കുന്നതിന്റെ വിപരീതമാണ് ഇവിടെയെത്തുന്ന വിദേശ നിക്ഷേപം നൽകുന്നത്. ഒന്നാമതായി 1991 ൽ ഇളവ് നൽകിയതിന് ശേഷവും ഇന്ത്യയിലെ താരിഫ് നിരക്കുകൾ കൂടിയതലത്തിലായിരുന്നതിനാൽ -2007 വരെ-വിദേശ കമ്പനികൾക്ക് പ്രത്യേക കിഴിവുകൾ നൽകിവന്നു. അല്ലാത്തപക്ഷം നിക്ഷേപ ലക്ഷ്യസ്ഥാനം എന്ന നിലയിൽ ഇന്ത്യ അനാകർഷകമാകുമായിരുന്നല്ലോ.

രണ്ടാമതായി, കർശന തൊഴിൽ നിയമങ്ങൾ, പരിമിതമായ അടിസ്ഥാന സൗകര്യ ലഭ്യത, അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം, ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ, വ്യാപാരം നടത്തുന്നതിലെ തടസ്സങ്ങൾ തുടങ്ങിയവ മൂലവും കയറ്റുമതിയെ അടിസ്ഥാനമാക്കിയുള്ള ഉത്പാദന പ്രക്രിയയക്ക് ഇവിടെ പ്രോത്സാഹനം ലഭിച്ചില്ല. വ്യവസായം ആയാസ രഹിതമായി നടത്തുന്നതിനുള്ള അന്തരീക്ഷം വിശദമാക്കുന്ന സൂചികകളിൽ ഇന്ത്യയുടെ സ്ഥാനം മേഖലയിലെ, പ്രത്യേകിച്ച് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ, അപേക്ഷിച്ച് താഴെയാകാൻ കാരണം മേൽപ്പറഞ്ഞ തടസ്സങ്ങളാണ്. ലോകബാങ്ക് ഇക്കൊല്ലം പുറത്തിറക്കിയ സൂചികയനുസരിച്ച് ഇന്ത്യയുടെ സ്ഥാനം 189 രാജ്യങ്ങളിൽ 142 മാത്രമാണ്. ചൈനയുടേത് ഏറെ മുകളിൽ 90 ഉം. മോട്ടോർ വാഹനം, ഫാർമസ്യൂട്ടിക്കൽസ് പോലുള്ള മൂലധന-വൈദഗ്ധ്യ അധിഷ്ഠിത വ്യവസായങ്ങൾ വൈദ്യുതി ലഭ്യതയിലെ തടസ്സങ്ങൾ മറികടക്കാൻ ചെലവേറിയ സ്വന്തം വൈദ്യുത സ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരുന്നു. കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതും അതേ സമയം ലാഭ സാധ്യത കുറഞ്ഞതുമായ സ്ഥാപനങ്ങൾക്ക് ഈ മാർഗം താങ്ങാവുന്നതല്ല.

**മുന്നോട്ടുള്ള മാർഗം**


തൊഴിലാളികളുടെ കുറവും വേതന വർധനവും മറ്റും മൂലം ഒരു ചെലവ് കുറഞ്ഞ നിർമ്മാണ കേന്ദ്രം എന്ന ചൈനയുടെ പ്രതിഛായ അതിവേഗം മാറുകയാണ്. ഇതിന് പകരമായി അടിസ്ഥാനവസ്തുക്കളുടെ നിർമാണ

ത്തിൽ നിന്നും കൂടുതൽ പരിഷ്കൃത ഉത്പാദന മാർഗങ്ങളിലേക്ക് ചൈന ശ്രദ്ധ തിരിച്ചു വരികയാണ്. വേതനം ഉയർന്നതോടെ തൊഴിലാളികളെ കൂടുതലായി ആശ്രയിച്ച് പ്രവർത്തിക്കുന്ന ചൈനീസ് സ്ഥാപനങ്ങൾ വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങിയ ചെലവ് കുറഞ്ഞ സ്ഥലങ്ങളിലേക്ക് മാറാനും ശ്രമം തുടങ്ങി. ഇത്തരത്തിൽ ഉയരുന്ന പ്രധാന ചോദ്യം ഇതാണ്. ലോകത്തിന്റെ അടുത്ത പണിശാലയായി മാറാൻ ഇന്ത്യക്ക് കഴിയുമോ?

തൊഴിലവസര സൃഷ്ടിയിൽ ഉത്പാദന മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ നമ്മുടെ പ്രധാനമന്ത്രി അടുത്തിടെ ഇന്ത്യയിലെ ഉത്പാദന മേഖലയെ ഉത്തേജിപ്പിക്കാൻ ലക്ഷ്യമിട്ട് മെയ്ക്ക് ഇൻ ഇന്ത്യ' പ്രചാരണത്തിന് തുടക്കമിട്ടു. നിർമ്മാണ വ്യവസായങ്ങളിലെ വർധിച്ചുവരുന്ന ആഗോള ഉത്പാദന ശൃംഖലകളുടെ പശ്ചാത്തലത്തിൽ വേണം ഇത്തരം നവീന ആശയങ്ങളെ വിലയിരുത്താൻ. ആഭ്യന്തര വ്യവസായങ്ങളെ ആഗോള നിർമ്മാണ ശൃംഖലകളുമായി സംയോജിപ്പിക്കുന്നത് മെയ്ക്ക് ഇൻ ഇന്ത്യയുടെ അവശ്യ ഘടകമാകണം. വിവിധ വ്യവസായങ്ങളുടെ ആഗോള ശൃംഖലകളിൽ സ്വതന്ത്രമായി തിരയാനും അവസരങ്ങൾ തിരിച്ചറിയാനും സംരംഭകരെ അനുവദിക്കുന്ന അന്തരീക്ഷം സംജാതമാക്കുന്നതിന് വേണം പ്രാധാന്യം നൽകാൻ. ഇറക്കുമതി ചെയ്ത ഘടകങ്ങളെയും ഭാഗങ്ങളെയും ആശ്രയിച്ച് പല മേഖലകളിലും അന്തിമ ഉല്പന്നം നിർമ്മിക്കുന്ന പ്രധാന കേന്ദ്രമാകാൻ ഇന്ത്യക്ക് വൻ സാധ്യതയാണ് ഉള്ളത്. എന്നാൽ, അന്തിമ ഉല്പന്നത്തിന് താരിഫ് സംരക്ഷണം നൽകാനുള്ള പ്രേരണയെ ചെറുക്കേണ്ടത് സുപ്രധാനമാണ്. കാരണം കാര്യക്ഷമതയില്ലായ്മയുടെ പിറവിക്ക് അത് വഴിയൊരുക്കും. ആഭ്യന്തര, വിദേശ, സംയുക്ത സംരംഭങ്ങൾക്ക് തുല്യ അവസരങ്ങൾ ഉറപ്പ് വരുത്തണം. ലോകമെങ്ങും നിന്നുള്ള ഉത്പാദകരോട് കയറ്റുമതി വിപണിയിൽ മത്സരിക്കുന്നതുപോലെ ആഭ്യന്തര വിപണിയിലും ഉല്പന്നങ്ങൾ മത്സരക്ഷമമാകണം.

ഉചിതമായ സാമൂഹ്യ സുരക്ഷാകവചങ്ങളോട് കൂടിയ വഴക്കമുള്ള തൊഴിൽ വിപണി തൊഴിൽ പ്രാമുഖ്യമുള്ള ഉത്പാദന മേഖല ഇന്ത്യയിൽ വളരാൻ അനിവാര്യമാണ്. രാജസ്ഥാൻ പോലെയുള്ള സംസ്ഥാനങ്ങളിൽ അടുത്തിടെ വരുത്തിയ തൊഴിൽ നിയമ പരിഷ്കരണങ്ങളും വ്യവസായം തുടങ്ങുന്നത് ആയാസരഹിതമാക്കാനുള്ള നടപടികളും ശരിയായ ദിശയിലേക്കുള്ള ചുവടുകൾ തന്നെയാണെന്നതിൽ തർക്കമില്ല.

**മുംബൈയിലെ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് റിസർച്ചിൽ അസോ. പ്രഫസറാണ് ലേഖകൻ**




അറിവാണ് ശക്തി

യോജന

വായിക്കുക...
വരിക്കാരാവുക





# നിയമ സഹായവും ദേശീയ നിയമ സേവന അതോറിറ്റിയും

മനോജ് കുമാർ സിൻഹ

**ആമുഖം**

**നീ**തി ലഭിക്കുക എന്നതാകുന്നു ഏറ്റവും അടിസ്ഥാനപരമായ മനുഷ്യാവകാശം. അത് ലഭ്യമാക്കാതെ എന്തു മനുഷ്യാവകാശത്തെ കുറിച്ചു പറഞ്ഞാലും അതെല്ലാം വെറും കടലാസിൽ മാത്രം ഒതുങ്ങുന്നതാകുന്നു. പൗര രാഷ്ട്ര അവകാശങ്ങളെ കുറിച്ചുള്ള അന്താരാഷ്ട്ര ഉടമ്പടിയുടെ ഖണ്ഡിക 14(3)(ഡി) ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"അയാളുടെ സാന്നിധ്യത്തിൽ തന്നെ വിസ്തരിക്കപ്പെടാനും സ്വയമോ തെരഞ്ഞെടുക്കുന്ന നിയമസഹായത്തോടുകൂടിയോ എതിർ ന്യായങ്ങൾ അവതരിപ്പിക്കാനും ഉള്ള അവകാശം എല്ലാവർക്കും ഉണ്ട്; അയാൾക്ക് നിയമ സഹായം ഇല്ലെങ്കിൽ അയാളെ വിവരം അറിയിക്കണം. അത് അയാളുടെ അവകാശമാകുന്നു; മാത്രവുമല്ല അയാൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുകയും വേണം. ഏതു കേസിൽ ആയാലും അതാണ് നീതി. അയാൾക്ക് അതിനു പ്രതിഫലം നല്കാനുള്ള ശേഷിയില്ലെങ്കിൽ അതു വാങ്ങേണ്ടതുമില്ല."

നിയമ സഹായത്തിനുള്ള ഈ സംവിധാനം ആർട്ടിക്കിൾ 14(3) പ്രകാരം എല്ലാവർക്കും അവകാശപ്പെട്ടതാകുന്നു. അതിനാൽ ഈ രാജ്യത്ത് എല്ലാവരും സമന്മാരാണ് എന്ന ആശയമനുസരിച്ച് നീതിന്യായ വ്യവസ്ഥിതിയിൽ എല്ലാവർക്കും നിയമസഹായം ആവശ്യപ്പെടാവുന്നതാണ്. അതിന് ആരും മടിക്കേണ്ടതില്ല.

സൗജന്യ നിയമസഹായത്തിനുള്ള അവകാശത്തെ ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശമായി എടുത്തുപറയുന്നില്ല. പക്ഷെ നിർദ്ദേശക തത്വങ്ങളിൽ ഖണ്ഡിക 39 (എ)യിൽ സൗജന്യ നിയമ സഹായത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ഇപ്രകാരമാണ്. രാജ്യത്ത് നീതിന്യായ

സംവിധാനം തുല്യ അവസരങ്ങളുടെ അടിസ്ഥാനത്തിൽ നീതി നിർവഹണം കൃത്യമായി നടത്തുന്നു എന്ന് ഉറപ്പാക്കണം. പ്രത്യേകിച്ച് യുക്തമായ നിയമ നിർമ്മാണത്തിലൂടെയോ പദ്ധതികളിലൂടെയോ സൗജന്യ നിയമസഹായം ലഭ്യമാക്കണം. പണത്തിന്റെയോ മറ്റ് എന്തിന്റെയെങ്കിലുമോ കുറവു മൂലം ഒരു പൗരനും നീതി നിഷേധിക്കപ്പെടാൻ പാടില്ല.

ഭരണഘടനയുടെ 21-ാം വകുപ്പു പ്രകാരം പാവങ്ങൾക്കും അർഹരായവർക്കും നിയമസഹായത്തിനുള്ള അവകാശം വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് എന്ന് സുപ്രീം കോടതി നിരീക്ഷിക്കുന്നു. എം എച്ച് ഹോസ്കോട്ടും മഹാരാഷ്ട്ര സംസ്ഥാനവുമായി നടന്ന കേസിൽ പൗരന്മാർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുക എന്നത് ഭരണഘടനയുടെ 21-ാം വകുപ്പിന്റെ അവിഭാജ്യ ഘടകമായിട്ടാണ് സുപ്രീം കോടതി നിരീക്ഷിക്കുന്നത്. ഈ കേസിൽ ജസ്റ്റീസ് കൃഷ്ണയ്യർ ഇങ്ങനെ നിരീക്ഷിക്കുന്നു:

തടവിനു വിധിക്കപ്പെട്ട ഒരു ജയിൽപുള്ളിക്ക് അപ്പീലിനുള്ള ഭരണഘടനാപരമായ അവകാശം നിർവഹിക്കാൻ സാധിക്കാത്ത അവസ്ഥയിൽ ഭരണ ഘടനയുടെ 21, 39 (എ) വകുപ്പുകൾ പ്രകാരം (കോടതി) അധികൃതർ അയാൾക്ക് ഒരു അഭിഭാഷകനെ അനുവദിച്ചാൽ മാത്രമെ അത്തരത്തിൽ തടവിൽ കഴിയുന്ന ഒരു വ്യക്തിയോട് പൂർണ നീതി പുലർത്താൻ സാധിക്കൂ.

ബീഹാർ ഗവൺമെന്റും ഖത്രിയുമായി നടന്ന മറ്റൊരു കേസിൽ സുപ്രീം കോടതി ചൂണ്ടിക്കാട്ടിയത്, കുറ്റാരോപിതനായ ഒരു വ്യക്തിക്ക് യഥാർത്ഥ നീതി ലഭിക്കുന്നതിനു വേണ്ട അടിയന്തര ഘടകമാണ് സൗജന്യ നിയമസഹായത്തിനുള്ള അവകാശം. അതിനാൽ പണം ഇല്ലാത്തവരും കഴിവില്ലാത്തവരും കുറ്റാരോപിതരുമായ പാവപ്പെട്ടവർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുക എന്ന ഭരണഘടനാപരമായ ഉത്തരവാദിത്വത്തിൽ നിന്ന് സംസ്ഥാന അധികാരികൾക്ക് ഒഴിഞ്ഞുമാറാൻ ആവില്ല. അതിനാൽ കുറ്റാരോപിതനായ വ്യക്തിക്ക് ആവശ്യമായ എല്ലാ നിയമ സഹായങ്ങളും സൗജന്യമായി നല്കാൻ സംസ്ഥാന ഭരണകൂടത്തിന് ഭരണഘടനാപരമായ ബാധ്യത ഉണ്ട്. കേന്ദ്ര ഗവൺമെന്റും ഷീല ബാർസും തമ്മിൽ നടന്ന കേസിലും 14,21, 39 (എ) വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന സൗജന്യ നിയമസഹായം ലഭ്യമാക്കാനുള്ള ഭരണഘടനാപരമായ ബാധ്യത സുപ്രീം കോടതി വ്യക്തമാക്കുന്നുണ്ട്. ഈ കേസിലാണ് ചില അഭിഭാഷകർ സ്വീകരിച്ച നിലപാടുകളിൽ ജസ്റ്റീസ് ഭഗവതി കോടതിയുടെ അതൃപ്തി അറിയിച്ചത്. പാവപ്പെട്ടവരെ സഹായിക്കാൻ അഭിഭാഷകർക്ക് കടമയുണ്ട് എന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞു.

ആരാണ് സമൂഹത്തിലെ പാവപ്പെട്ടവർ, നിരക്ഷരർ, അവഗണിക്കപ്പെടുന്നവർ എന്ന് അഭിഭാഷകർ കണ്ടെത്തണം. കുറ്റാരോപണമോ, അറസ്റ്റോ, തടവോ പോലുള്ള ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ എന്തു ചെയ്യണം എവിടെ പോകണം അല്ലെങ്കിൽ ആരെ സമീപിക്കണം എന്ന് അവർക്ക് അറിയില്ലായിരിക്കാം. ഇത്തരത്തിലുള്ള വ്യക്തികളുടെ രക്ഷയ്ക്കുപകരം അവരെ ചൂഷണം ചെയ്യാനും അവരെ ഇരകളാക്കാനും അഭിഭാഷകർ തുനിയുമ്പോൾ അഭിഭാഷകവൃത്തിയുടെ മഹത്വം നഷ്ടപ്പെടുകയും ഈ രാജ്യത്തെ ജനകോടികൾക്ക് അഭിഭാഷകരിലുള്ള വിശ്വാസം നഷ്ടപ്പെടുകയും അത് ആത്യന്തികമായി ഇവിടുത്തെ നിയമ വാഴ്ച്ചയെയും ജനാധിപത്യത്തെയും തകർക്കുകയും ചെയ്യും.

സുഖദാസ്/അരുണാചൽ ഗവൺമെന്റ് കേസിൽ ഒരു പടികൂടി കടന്ന് സൗജന്യ നിയമസഹായം നല്കുക എന്ന സംസ്ഥാന ഗവൺമെന്റിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തം സുപ്രീം കോടതി ഓർമ്മിപ്പിക്കുന്നുണ്ട്. പാവപ്പെട്ട ഒരാൾ അയാളുടെ അവകാശമായ നിയമസഹായം ആവശ്യപ്പെടുന്നില്ല എങ്കിൽ പോലും അതു സൗജന്യമായി ലഭ്യമാക്കുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാകുന്നു. കുറ്റാരോപിതന് അയാൾ ആവശ്യപ്പെടുന്നില്ലെങ്കിൽ പോലും അത് നിഷേധിക്കുന്നത് കോടതിയിലെ നിയമവിചാരണയ്ക്കു വിരുദ്ധമായ പ്രവൃത്തിയാ

ണ്.സാമ്പത്തിക കുറ്റകൃത്യങ്ങൾ, വ്യഭിചാരം, ശിശുപീഡനം തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് നിയമസഹായം നല്കേണ്ടതില്ല എന്ന വാദം പോലും കോടതി തള്ളിക്കളയുന്നു. ഓരോ കുറ്റാരോപിതനും കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിഷ്കളങ്കനാണ് എന്നതത്രെ കോടതിയുടെ അനുമാനം. അതുകൊണ്ട് കുറ്റാരോപിതർ ആരായിരുന്നാലും കുറ്റം എന്തായിരുന്നാലും അയാൾക്ക് സൗജന്യ നിയമ സഹായം ലഭിച്ചേ മതിയാകൂ. ഇന്ത്യൻ ഭരണഘടന വകുപ്പ് 21 പ്രകാരം നിയമസഹായത്തിനുള്ള അവകാശവും വേഗത്തിലുള്ള വിചാരണയും മനുഷ്യാവകാശത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്.

**നിയമസഹായ സേവന നിയമം**

ഭരണഘടനയുടെ 39 എ വകുപ്പു പ്രകാരമാണ് നിയമസഹായ സേവന നിയമം 1987 പ്രാബല്യത്തിൽ വന്നത്. രാജ്യവ്യാപകമായി നിയമം മൂലം നിയമസഹായ പദ്ധതി നടപ്പാക്കുന്നതിനാണ് ഇത്. 1995 നവംബർ 9-നാണ് ഈ നിയമം നടപ്പിൽ വന്നത്. 1995 ഡിസംബർ 5ന് ദേശീയ നിയമ സേവന അതോറിറ്റി നിലവിൽ വന്നു. ഏറ്റവും ഫലപ്രദവും ചെലവു കുറഞ്ഞതുമായ രീതിയിൽ നിയമ സേവന പദ്ധതികളും നയപരിപാടികളും ആസൂത്രണം ചെയ്യുന്നതിനാണ് ദേശീയ നിയമ സേവന അതോറിറ്റി സ്ഥാപിച്ചത്. ദേശീയ, സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ അതോറിറ്റി സ്ഥാപിച്ചുകൊണ്ടാണ് നിയമത്തിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചത്. സുപ്രിം കോടതി ചീഫ് ജസ്റ്റീസ് ആയിരിക്കും ഈ അതോറിറ്റിയുടെ രക്ഷാധികാരി. സുപ്രിം കോടതിയിൽ നിന്നു വിരമിച്ച ഒരു ജഡ്ജിയായിരിക്കും അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ.

ദേശീയ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കു വിധേയമായി എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന നിയമ സേവന അതോറിറ്റി രൂപീകരിച്ച് ജനങ്ങൾക്ക് സേവനം ലഭ്യമാക്കണം. കൂടാതെ സംസ്ഥാന തലങ്ങളിൽ ലോക്അദാലത്തുകൾ നടത്തി പരാതികൾ പരിഹരിക്കണം. സംസ്ഥാന അതോറിറ്റിയുടെ അധ്യക്ഷൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് ആയിരിക്കും. അദ്ദേഹം തന്നെയാണ് മുഖ്യ രക്ഷാധികാരിയും. ഹൈക്കോടതിയിൽ സേവനം അനുഷ്ഠിക്കുന്നതോ വിരമിച്ചതോ ആയ ഒരു ജഡ്ജിയാണ് എക്സിക്യുട്ടീവ് ചെയർമാൻ. ജില്ലാ തലത്തിൽ രൂപീകരിക്കുന്ന അതോറിറ്റി ജില്ലകൾ തോറും നിയമസഹായ പരിപാടികൾ ആസൂത്രണം ചെയ്യണം. അതോറിറ്റിയുടെ അധ്യക്ഷൻ ജില്ലാ ജഡ്ജിയാണ്. താലൂക്കു തലത്തിലും ഇതേ മാതൃകയിൽ നിയമ സഹായ കമ്മിറ്റികൾ രൂപീകരിക്കുകയും നിയമ സഹായങ്ങൾ ലഭ്യമാക്കുകയും ലോക് അദാലത്ത് സംഘടിപ്പിച്ച് പരിഹാരങ്ങൾ തേടുകയും ചെയ്യണം. ആ മേഖലയിലെ സീനിയർ സിവിൽ ജഡ്ജിയായിരിക്കും താലൂക്ക് കമ്മിറ്റിയുടെ അധ്യക്ഷനും എക്സ്- ഓഫീഷ്യോ ചെയർമാനും.

ഈ നിയമത്തിന്റെ മുഖ്യ ലക്ഷ്യം സമൂഹത്തിലെ ദരിദ്രരും ദുർബലരുമായ ആളുകൾക്ക് സൗജന്യ നിയമ സഹായം നല്കുക എന്നതാണ്. നിയമ സേവനങ്ങൾ എന്തൊക്കെയാണ് എന്ന് നിയമത്തിന്റെ ഖണ്ഡിക 2(1) (സി)യിൽ നിർവചിച്ചിട്ടുണ്ട്. കോടതിയിലോ ട്രൈബ്യൂണലിലോ നിയമ ഉപദേശം നല്കുക എന്നതാണ് പ്രധാന സേവനം. സമൂഹത്തിലെ ദരിദ്രരും ദുർബലരുമായ വിഭാഗങ്ങൾക്ക് സൗജന്യ നിയമ സഹായം നല്കുക എന്നതാണ് ദേശീയ തലത്തിൽ ഈ അതോറിറ്റിയുടെ ഉത്തരവാദിത്തം. കൂടാതെ നിയമ ക്യാമ്പുകൾ നടത്തുക, ലോക് അദാലത്തുകൾ നടത്തി തർക്കങ്ങൾ പരിഹരിക്കുക, നിയമകാര്യങ്ങളിൽ സാമൂഹ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നല്കുക, സർവകലാശാലകൾ, ലോ കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമ പഠന ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കുക എന്നിവയും ഈ അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങളാണ്. ഇത്തരത്തിലുള്ള നിയമ സഹായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേന്ദ്ര, സംസ്ഥാന, ജില്ലാ അതോറിറ്റികൾ വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഈ നിയമത്തിന്റെ വകുപ്പ് 12 പ്രകാരം

നിയമസഹായത്തിനുള്ള അർഹതയ്ക്ക് മാന ദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകൾ പരിശോ ധിച്ച് അർഹരായവരെ പരിഗണിക്കും. അവർക്ക് ഗവൺമെന്റ് ചെലവിൽ നിയമ സഹായങ്ങൾ അനുവദിക്കും. കോടതി ഫീസും കേസുമായി ബന്ധപ്പെട്ട മറ്റു ചെലവുകളും ഗവൺമെന്റാണ് വഹിക്കുക. ഇപ്രകാരം സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിന് നാഷണൽ ലീഗൽ സർവീസ് അതോറിറ്റി പ്രത്യേക ചട്ടങ്ങൾ (2010) ക്രോഡീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർണായക കേസുകളിൽ മുതിർന്ന അഭിഭാഷകരെ ഗവൺമെന്റിൽ നിന്ന് അവരുടെ പ്രതിഫലം നല്കി നിയോഗിക്കും.

ലീഗൽ സർവീസ് അതോറിറ്റി ആക്ട് 1987 പ്രാബല്യത്തിലായതോടെ നിയമസഹായം നല്കുന്നതിന്റെ ഘടനയിൽ ഒരു വ്യവസ്ഥ വന്നി ട്ടുണ്ട്. കോടതികളിലുള്ള വ്യവഹാരങ്ങൾക്ക് നിയമ സഹായം നല്കുന്നതു കൂടാതെ അതോ റിറ്റി രാജ്യമെമ്പാടും ലോക് അദാലത്തുകൾ വഴി ബദൽ തർക്ക പരിഹാര പരിപാടിയും നടത്തി വ രുന്നു. ദേശീയ പ്രാദേശികതല സമ്മേളനങ്ങൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ച് നിയമ ബോധവത്ക്കര ണം നടത്തുന്നതും അതോറിറ്റിയുടെ പ്രവർത്ത നത്തിൽ പെടുന്നു. നിരക്ഷരത മൂലം സ്വന്തം അവ കാശങ്ങളെ കുറിച്ച് അവബോധമില്ലാത്ത രാജ്യത്തെ വലിയ ഒരു വിഭാഗം ജനങ്ങളിൽ എങ്ങനെ നിയമസഹായം എത്തിക്കും എന്ന താണ് അതോറിറ്റി നേരിടുന്ന വെല്ലുവിളി. ഇവർക്ക് വീട്ടുപടിക്കൽ നിയമസഹായം എത്തി ക്കുക എന്നതാണ് അതോറിറ്റി ഇപ്പോൾ നടപ്പാ ക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന് സമീപത്തുള്ള ലോ കോളേജുകൾ പോലുള്ള നിയമ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളു ടെയും സഹായ സഹകരണം ആവശ്യമുണ്ട്. നിയമപരിധിയിൽ ഉള്ളവർക്കു പോലും നിയമ ത്തിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നില്ല.

**ഉപസംഹാരം**

നീതി എല്ലാവർക്കും ഒരുപോലെ ലഭ്യമാ ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തി രിക്കുന്ന ലോക് അദാലത്തിന് ഈ നിയമം വിശു ദ്ധമായ ഒരു പരിവേഷവും ചൈതന്യവുമാണ് നല്കിയിരിക്കുന്നത്. എല്ലാ രാജ്യ രാജ്യാന്തര മനു ഷ്യാവകാശ സംഘടനകളും ആവശ്യപ്പെടുന്നത് സമൂഹത്തിലെ പാവപ്പെട്ടവർക്കും അവഗണിക്ക പ്പെട്ടവർക്കും പൊതു സമൂഹത്തിന്റെ ചെലവിൽ നീതി ലഭ്യമാക്കുക എന്നതാണ്. എന്നാൽ ഭരണാ ധികാരികൾ ഇക്കാര്യത്തിൽ മൗനം അവലംബി ച്ചാൽ ഈ വിഭാഗങ്ങൾക്കുള്ള അവകാശങ്ങൾ വെറും വ്യാമോഹമായി മാത്രം ശേഷിക്കും. നിയമ സഹായത്തിനായി ആവശ്യമുള്ളത്ര ധനസ ഹായം ഗവൺമെന്റിൽ നിന്നു നല്കണം. അന്താ രാഷ്ട്ര തലത്തിൽ 2012 ൽ ഐക്യരാഷ്ട്ര സഭ ശിക്ഷാനിയമത്തിൽ നിയമ സഹായത്തിനുള്ള യുഎൻ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. നിയമസഹായവുമായി ബന്ധപ്പെട്ട ആദ്യത്തെ അന്താരാഷ്ട്ര മാർഗ്ഗനിർദ്ദേശങ്ങളാണിത്. നിയമ സഹായത്തിനുള്ള അവകാശമാണ് ഫലപ്രദമായ നീതി ഉറപ്പാക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഖണ്ഡിക 21 മനുഷ്യാവകാശങ്ങളെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്. പക്ഷെ എല്ലാത്തിനെയും കുറിച്ച് ഇവിടെ സൂചിപ്പിക്കുക മാത്രമെ ചെയ്യു ന്നുള്ളു. ഇന്ത്യൻ നീതിന്യായ വകുപ്പാകട്ടെ, നിയ മത്തെ പാവപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവ രുടെയും സഹായത്തിനായി ലഭ്യമാക്കുന്നതി നാണ് ശ്രമിക്കുന്നത്.

**ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോയുടെ ഡയറക്ടറാണ് ലേഖകൻ**

# പുനർജാഗരൺ ബോധവൽക്കരണ പ്രചരണ പരിപാടി

അനിൽകുമാർ പി.വൈ.




**ജനസംഖ്യയുടെ പകുതിയിലേറെ യുവാക്കളാൽ സമ്പന്നമാണ് ഇന്ത്യ. ഭാവിഭാഗധേയം നിർണ്ണയിക്കുന്നതിൽ ഈ യുവത്വത്തെ രാജ്യത്തിന്റെ മുഖ്യധാരാ സാമൂഹിക മുന്നേറ്റത്തിൽ പങ്കാളികളാക്കുക എന്നത് ശ്രമകരമാണ്. വിവിധ ചിന്താധാരകൾ, ആശയസംഹിതകൾ, ബഹുസ്വരത, വേഷം, ഭാഷ, ആചാരം എന്നിങ്ങനെ ഇന്ത്യയുടെ നാനാത്വങ്ങളെ കൂട്ടിയോജിപ്പിക്കുന്ന കണ്ണികളാകേണ്ടവരാണ് ഇന്ത്യൻ യുവത്വം.**

**യു**വാക്കളെയും യൂത്ത് ക്ലബ്ബുകളെയും സാമൂഹിക, സന്നദ്ധ പ്രവർത്തനങ്ങളിലും ഇന്ത്യയുടെ വികസന പരിപാടികളിലും സജീവമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രത്യേക പ്രചരണ പരിപാടിയാണ് പുനർജാഗരൺ. 2015 മാർച്ച് 19 ന് ഗവർണ്ണർ പി. സദാശിവം ഉദ്ഘാടനം ചെയ്തതോടെ കാമ്പയിൻ കേരളത്തിലും ആരംഭിച്ചു. രണ്ട് മാസക്കാലം നീണ്ടു നിൽക്കുന്ന പരിപാടി തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് നടക്കുന്നത്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ കീഴിലുള്ള നെഹ്റു യുവകേന്ദ്ര സംഘടൻ ആണ് പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. പണ്ഡിറ്റ് ദീൻ ദയാൽ ഉപാദ്ധ്യയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2014 ഒക്ടോബർ 2 ന് തുടക്കമിട്ട പരിപാടി 2015 സെപ്റ്റംബർ 25 ന് മഥുര (ഉത്തർ പ്രദേശ്) യിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി 5,000 ത്തോളം യുവാക്കൾ ഒത്തു ചേരുന്ന യുവജന കൺവൻഷനോടെയാണ് സമാപിക്കുന്നത്. കാമ്പയിന്റെ ഭാഗമായി ഇന്ത്യയുടെ നാല് ഭാഗങ്ങളിൽ നിന്നായി ആരംഭിക്കുന്ന പുനർജാഗരൺ പ്രചരണ വാഹനം സെപ്റ്റംബർ 25 ന് മഥുരയിലെത്തും. തുടർന്നാണ് യുവജന കൺവൻഷൻ.

വടക്കു കിഴക്കൻ സംസ്ഥാനമായ അരുണാ

ചൽ പ്രദേശിലെ റോയിംഗ്, ജമ്മു-കാശ്മീരിലെ ലേ, ഗുജറാത്തിലെ ഓഖ, തമിഴ്നാട്ടിലെ കന്യാകുമാരി എന്നിവിടങ്ങളിൽ നിന്നുമാണ് പ്രചരണ വാഹനങ്ങൾ പുറപ്പെടുന്നത്. ഈ നാല് പ്രചരണ വാഹനങ്ങളും ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലൂടെയും കടന്നാണ് മഥുരയിലെത്തുക. ഇതിന് മുന്നോടിയായാണ് ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ പുനർജാഗരൺ കാമ്പയിൻ സംഘടിപ്പിച്ചു വരുന്നത്. ഒരു ജില്ലയിൽ നൂറു കേന്ദ്രങ്ങളാണ് പ്രചരണ പരിപാടികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. നൂറു ജില്ലകളിൽ നൂറു കേന്ദ്രങ്ങളിലൂടെ പതിനായിരം ഗ്രാമങ്ങളിൽ പുനർജാഗരൺ പരിപാടിയിലൂടെ 50 ലക്ഷത്തിലധികം യുവാക്കളുടെ പുതുനിരയെ കണ്ടെത്തി സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കത്തക്ക വിധത്തിലുമാണ് പരിപാടികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. നെഹ്റു യുവകേന്ദ്ര സംഘദന്റെ കേരള സോണും നെഹ്റു യുവകേന്ദ്ര തിരുവനന്തപുരം, കൊല്ലം ജില്ലകളുമാണ് കേരളത്തിൽ നേതൃത്വം നൽകുന്നത്.

നെഹ്റു യുവകേന്ദ്രയോടൊപ്പം നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർപ്സ്, ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് എന്നിവയുടെ സഹകരണവും പരിപാടിക്ക് ഉറപ്പാക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ യൂത്ത് ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ, സ്വയം സഹായ സംഘങ്ങൾ, ആശ അങ്കണവാടി പ്രവർത്തകർ എന്നിവരാണ് പുനർജാഗരണിന്റെ സംഘാടകർ.

### പ്രചരണ പരിപാടി

പുനർജാഗരൺ പരിപാടിയിൽ ഏറെ ശ്രദ്ധേയമായ മുഖ്യ പരിപാടി യുവാക്കളുടെ അയൽപക്ക പാർലമെന്റ് (Neighbourhood Youth Parliament) ആണ്. യുവാക്കളുടെ കർമ്മശേഷിയെ ഗ്രാമീണ മേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ ഗ്രാമപഞ്ചായത്തും യുവാക്കളും യുവ സംഘടനകളും എങ്ങനെ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കാം, യുവാക്കളുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ അവതരിപ്പിക്കാൻ പൊതു വേദി എന്ന നിലയിലും പങ്കാളിത്ത ജനാധിപത്യ ശാക്തീകരണത്തിലൂടെ വികസന പരിപ്രേക്ഷ്യം അവതരിപ്പിക്കുകയുമാണ് ഈ യുവപാർലമെന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. പുതുതായി യൂത്ത് ക്ലബ്ബുകൾക്ക് ഈ പാർലമെന്റിൽ വച്ച് തന്നെ സ്പോട്ട് അഫിലിയേഷൻ നൽകിക്കൊണ്ട് യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ദേശീയ ഐക്യത്തിന്റെയും ദേശീയോദ്ഗ്രഥനത്തിനുമുള്ള പ്രചരണങ്ങൾ, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ നൽകുന്ന ലഘുലേഖകളുടെ വിതരണം, കലാ-സാംസ്കാരിക പരിപാടികൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് പുനർജാഗരൺ പരിപാടിയിൽ സംഘടിപ്പിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതികളായ സ്വച്ഛ് ഭാരത് അഭിയാൻ, പ്രധാനമന്ത്രി ജൻധൻ യോജന, സൻസദ് ആദർശ് ഗ്രാമയോജന, ഡിജിറ്റൽ ഇന്ത്യ, സ്കില്ലിംഗ് ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ, ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമീണ അടിസ്ഥാന സൗകര്യ ഫണ്ട്, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, ദേശീയ ആരോഗ്യ ദൗത്യം എന്നിവയെകുറിച്ചുള്ളതാണ് ലഘുലേഖ. ഒപ്പം സംസ്ഥാന സർക്കാരിന്റെ ജനകീയ പദ്ധതികളായ ശ്രുതി തരംഗം, അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി, കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ, വയോമിത്രം പദ്ധതി, സേവാഗ്രാം-ഗ്രാമകേന്ദ്രങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങളും ലഘുലേഖയിൽ പ്രതിപാദിക്കുന്നുണ്ട്.

### നെഹ്റു യുവകേന്ദ്ര സംഘദൻ

ജനസംഖ്യയുടെ പകുതിയിലേറെ യുവാക്കളാൽ സമ്പന്നമാണ് ഇന്ത്യ. ഭാവി ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഈ യുവത്വത്തെ രാജ്യത്തിന്റെ മുഖ്യധാരാ സാമൂഹിക മുന്നേറ്റത്തിൽ പങ്കാളികളാക്കുക എന്നത് ശ്രമകരമാണ്. വിവിധ ചിന്താധാരകൾ, ആശയസംഹിതകൾ, ബഹുസ്വരത, വേഷം, ഭാഷ, ആചാരം എന്നിങ്ങനെ ഇന്ത്യയുടെ നാനാത്വങ്ങളെ കൂട്ടിയോജിപ്പിക്കുന്ന കണ്ണികളാകേണ്ടവരാണ് ഇന്ത്യൻ യുവത്വം. ഈ കണ്ണികളെ കോർത്തിണക്കുന്ന ചാലകശക്തിയാണ് നെഹ്റു യുവകേന്ദ്ര.

### നെഹ്റു യുവ കേന്ദ്ര എന്ത്? എന്തിന്?

യുവാക്കളെ ഇന്ത്യയുടെ ക്രിയാത്മക

നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാക്കിക്കൊണ്ട് അവരുടെ വ്യക്തിത്വ വികസനവും സന്നദ്ധ പ്രവർത്തനങ്ങളിൽ ആഭിമുഖ്യവും നൈപുണിയും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1972-ൽ ആരംഭിച്ച ലോകത്തെ ഏറ്റവും വലിയ യുവജന പ്രസ്ഥാനമാണ് നെഹ്റു യുവ കേന്ദ്ര. 1987 ൽ കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമായി നെഹ്റുയുവകേന്ദ്ര സംഘടന മാറി. ഇന്ന് ആഗോളതലത്തിൽ തന്നെ ഗ്രാമഗ്രാമാന്തരങ്ങളിൽ ശക്തമായ അടിത്തറയുള്ള ഏറ്റവും വലിയ സാമൂഹിക, സന്നദ്ധ സംഘടനയാണ് നെഹ്റു യുവകേന്ദ്ര.

ഗ്രാമീണതലത്തിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ് ശൃംഖലയാണ് നെഹ്റു യുവകേന്ദ്രയുടെ ആത്മാവ്. ഇൻഡ്യയിൽ 2.5 ലക്ഷത്തോളം യുവജന സന്നദ്ധ സംഘടനകൾ നെഹ്റു യുവകേന്ദ്രയുമായി അഫിലിയേറ്റുചെയ്ത് പ്രവർത്തിക്കുന്നു. കേരളത്തിലാകട്ടെ ഇത് 9,000 ലധികം വരും. 15-29 വയസ്സുകാരിൽ സന്നദ്ധ പ്രവർത്തനം, സ്വയം സമർപ്പണ മനോഭാവം, ദേശീയത, സാമൂഹിക പങ്കാളിത്തം എന്നീ അടിസ്ഥാന തത്വങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള വഴികാട്ടിയായി നെഹ്റു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**പ്രവർത്തനങ്ങൾ**

- ☐ യൂത്ത് ക്ലബ്ബ് വികസന പരിപാടി
- ☐ സാമൂഹ്യ വികസന യുവ നേതൃപരിശീലന പരിപാടി
- ☐ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടി
- ☐ കായിക വികസന പരിപാടി
- ☐ നൈപുണി വികസന പരിശീലന പരിപാടി
- ☐ നാടൻ കലാ സാംസ്കാരിക സംരക്ഷണ പ്രചരണ പരിപാടി
- ☐ ദേശീയ അന്തർദേശീയ ദിനാചരണങ്ങൾ
- ☐ യൂത്ത് ക്ലബ്ബിനും യുവ സാമൂഹ്യ പ്രവർത്തകർക്കും ജില്ലാ-സംസ്ഥാന-ദേശീയതല അവാർഡുകൾ,അംഗീകാരങ്ങൾ
- ☐ യുവകൃതി - യുവാക്കളുടെ സർഗ്ഗശേഷി വളർത്താനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാനും ഗ്രാമീണ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുവാനും വർഷംതോറും വിപണനമേളകൾ സംഘടിപ്പിക്കുവാനും സൗകര്യമൊരുക്കുന്ന പദ്ധതി
- ☐ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ
- ☐ ആദിവാസി യുവജന വിനിമയ പരിപാടി
- ☐ യുവജന വിനിമയ പരിപാടി
- ☐ നാഷണൽ യൂത്ത് കോർപ്സ് (NYC)
- ☐ വർഷം തോറും 12,000 യുവാക്കളെ തെരഞ്ഞെടുത്ത് രണ്ടു വർഷം നെഹ്റു യുവകേന്ദ്രയിൽ മുഴുവൻ സമയ സന്നദ്ധസേവനത്തിന് സൗകര്യമൊരുക്കുന്ന പദ്ധതി
- ☐ 30 ദിവസത്തെ പരിശീലനവും മാസം തോറും 2,500 രൂപ വീതം ധനസഹായവും സന്നദ്ധ പ്രവർത്തകർക്ക് ലഭിക്കുന്നു
- ☐ നെഹ്റു യുവകേന്ദ്രക്കും യൂത്ത് ക്ലബ്ബുകൾക്കുമിടയിലെ കണ്ണിയായി ഇവർ പ്രവർത്തിക്കുന്നു.

**പുനർജാഗരണ ശ്രമദാനം പരിപാടി** യൂത്ത് ക്ലബ്ബ് അംഗങ്ങൾ സന്നദ്ധസേവന വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനു വേണ്ടി നെഹ്റു യുവകേന്ദ്ര ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പരിപാടിയാണ് ഒരു വർഷത്തിൽ 100 മണിക്കൂർ ശ്രമദാനത്തിനായി ഏർപ്പെടുക എന്നത്. നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്ത ഏതൊരു യൂത്ത് ക്ലബ്ബ് അംഗത്തിനും ഇതിൽ പങ്കാളിയാകാവുന്നതാണ്. യൂത്ത് ക്ലബ്ബിൽ അംഗമായ ഓരോ വ്യക്തിക്കും ഒരു വർഷത്തിൽ (ജനുവരി-ഡിസംബർ ചുരുങ്ങിയത് 100 മണിക്കൂർ ശ്രമദാനത്തിൽ പങ്കാളിയാകുന്നു. പൊതു അവധി ദിനങ്ങളും ശ്രമദാനത്തിന് പ്രയോജനപ്പെടുത്തുന്നു. സ്വച്ഛ് ഭാരത് (ശുചിത്വ ഭാരതം) പരിപാടിക്ക് ശ്രമദാനം മുൻഗണന നൽകുന്നു പൊതു സ്ഥാപനങ്ങളിൽ സ്ഥാപനമേധാവിയുടെ അനുമതിയോടെ സ്ഥാപന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ശ്രമദാന-ശുചീകരണം വിജയകരമായി നടപ്പിലാക്കുന്നു. ഒരു വർഷത്തിൽ മികച്ച ശ്രമദാന-ശുചീകരണ പ്രവർത്തനങ്ങൾക്ക് നെഹ്റു യുവകേന്ദ്രയുടെ അംഗീകാരം ലഭിക്കും. ഇതിനായി പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പുനർ ജാഗരൺ പ്രചരണ പരിപാടിയിലൂടെ നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തന പരിപാടികൾ ഗ്രാമീണ തലങ്ങളിൽ എത്തിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**ലേഖകൻ നെഹ്റു യുവകേന്ദ്രയുടെ മുൻ സംസ്ഥാനതല ഉപദേശക സമിതി അംഗമാണ്.**

# കണ്ടൽക്കാടുകൾ: തണ്ണീർത്തടങ്ങളുടെ സംരക്ഷകർ

ഡോ. ഷീജാകുമാരി കൊടുവഴന്നൂർ



**ഏകദേശം അരനൂറ്റാണ്ടു മുൻപ് വരെ കേരളീയ തീരങ്ങളിൽ 700 ചതുരശ്ര കിലോമീറ്റർ വരെ കണ്ടൽ വനങ്ങളുടെ ഹരിത സാന്നിദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ കണ്ടൽവനങ്ങളുടെ വിസ്തൃതി പതിനേഴു ചതുരശ്രകിലോമീറ്ററിലും താഴെയായി ചുരുങ്ങിയിരിയ്ക്കുന്നു.**

നനവേറിയ മണ്ണിൽ വേരുറപ്പിച്ചു വളരുന്ന, ഏകദേശം ഒരേ ഉയരമുള്ള സസ്യജാലം! അവയുടെ വേരുകൾക്കിടയിൽ സുരക്ഷിതമായ സൂതീഗൃഹം കണ്ടെത്തിയ മത്സ്യങ്ങൾ, ജലോപരിതലത്തോടു ചേർന്നു കിടക്കുന്ന വൃക്ഷശാഖകൾക്കിടയിൽ വിശ്രമിച്ചും ഇടയ്ക്കിടെ ജലത്തിലേയ്ക്ക് ഊളിയിട്ടു മത്സ്യക്കൊയ്ത്തു നടത്തിയും സ്വസ്ഥജീവിതം നയിയ്ക്കുന്ന നീർനായ്ക്കൾ, മരച്ചില്ലകൾക്കിടയിൽ കൂടുകൂട്ടിയ വിവിധയിനം പക്ഷികൾ... "പ്രകൃതിയിലെ സൂപ്പർമാർക്കറ്റുകൾ" എന്നറിയപ്പെടുന്ന കണ്ടൽ വനങ്ങളിലെ കാഴ്ചകളാണിവ. ലവണ ജലത്തിൽ പരസഹായമില്ലാതെ കൊച്ചുനിത്യഹരിതവനങ്ങൾ തീർക്കുന്ന കണ്ടൽച്ചെടികൾ ഉഷ്ണമേഖലയിലെ നദീമുഖങ്ങൾ, ഡെൽറ്റകൾ, അഴിമുഖങ്ങളിലെ ചെളിത്തിട്ടകൾ, തീരപ്രദേശങ്ങൾ, ചതുപ്പു പ്രദേശങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിലാണ് കാണപ്പെടുന്നത്.

കേരളത്തിൽ നൂറ്റാണ്ടുകൾക്കു മുൻപു തന്നെ കണ്ടൽക്കാടുകൾ തഴച്ചു വളർന്നിരുന്നതായി രേഖകളുണ്ട്. പതിനേഴാം നൂറ്റാണ്ടിൽ ഹെന്റിംഗം വാന്റീഡ് എന്ന ശാസ്ത്രജ്ഞൻ എഴുതിയ 'ഹോർത്തുസ് മലബാറിക്കസ്' (Hortus Malabaricus) എന്ന പുസ്തകത്തിൽ, മലബാർ മേഖലയിലെ കണ്ടൽ സസ്യങ്ങളെക്കുറിച്ച് വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അഴിമുഖങ്ങളും കായൽ പരപ്പുകളുമൊക്കെയായി ജല സാന്നിദ്ധ്യം ഏറെയുള്ള സംസ്ഥാനമായ കേരളം കണ്ടൽക്കാടുകളുടെ വളർച്ചയ്ക്ക് ഏറെ അനുയോജ്യമാണ്. അതിനാൽ തന്നെ, ഏകദേശം അരനൂറ്റാണ്ടു മുൻപ് വരെ കേരളീയ തീരങ്ങളിൽ 700 ചതുരശ്ര കിലോമീറ്റർ വരെ കണ്ടൽ വനങ്ങളുടെ ഹരിത സാന്നിദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ കണ്ടൽവനങ്ങളുടെ വിസ്തൃതി പതിനേഴു ചതുരശ്രകിലോമീറ്ററിലും താഴെയായി ചുരുങ്ങിയിരിയ്ക്കുന്നു. വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴികെ കേരളത്തിലെ മറ്റെല്ലാ ജില്ലകളിലും കണ്ടൽചെടികളുടെ സാന്നിദ്ധ്യം കാണാമെങ്കിലും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന പഴയ മലബാറിലാണ് ഇവ കൂടുതലായി കാണപ്പെടുന്നത്.

ലോകത്താകമാനം 80 രാജ്യങ്ങളിലായി ഏകദേശം 1.4 കോടി ഹെക്ടർ കണ്ടൽ വനമുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ 6740 ചതുരശ്ര കി.മീ മാത്രമേ കണ്ടൽവനങ്ങളുള്ളൂ വിസ്തീർണ്ണത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കണ്ടൽ വനമേഖലയായ സുന്ദർബൻസിലുള്ള 4200 ചതുരശ്ര കി.മീ കണ്ടൽക്കാടുകളും, രണ്ടാം സ്ഥാനത്തുള്ള തമിഴ്നാട്ടിലെ പിച്ചവാരം കണ്ടൽവനവും ഇതിലുൾപ്പെടുന്നു.

നിത്യഹരിത വനങ്ങളുടെ സവിശേഷതകളെല്ലാം കണ്ടൽക്കാടുകൾക്കുണ്ടെങ്കിലും, ജീവശാസ്ത്രപരമായ ഒട്ടേറെ പ്രത്യേകതകളിലൂടെ ഇവ തനിമ പുലർത്തുന്നു. ലവണ ജലത്തിൽ അതിജീവനം സാധ്യമായ കുറച്ചു സസ്യകുടുംബങ്ങളാണ് കണ്ടൽവനങ്ങളിൽ ഉള്ളത്. ഒരേയിടത്തു വളരുന്ന കണ്ടൽ സസ്യങ്ങൾ മിക്കതും ഒരേ സ്പീഷീസിൽ ഉൾപ്പെട്ടതോ തമ്മിൽ ബന്ധമുള്ള സ്പീഷീസുകളിൽ ഉൾപ്പെട്ടതോ ആയിരിയ്ക്കും. സാധാരണയായി കൂട്ടമായി വളരുന്ന ഇവയിലെ വളർച്ചയെത്തിയ വൃക്ഷങ്ങൾ ഏകദേശം ഒരേ ഉയരം പുലർത്തുന്നുവെന്നത് കണ്ടൽ വനങ്ങളുടെ പ്രത്യേകതയാണ്.

കണ്ടൽവൃക്ഷങ്ങൾ വളരുന്ന നദീമുഖങ്ങൾ, അഴിമുഖങ്ങൾ, കായലോരങ്ങൾ, എന്നിവിടങ്ങളിലെ മണൽപ്പരപ്പുകൾക്ക് ഉറപ്പു കുറവായതിനാൽ ഇവയ്ക്ക് മണ്ണിൽ വേരുറപ്പിച്ചു നിൽക്കുക ദുഷ്കരമാണ്. അതിനാൽ തന്നെ ആഴങ്ങളിലേയ്ക്ക് വളർന്നിറങ്ങി കണ്ടൽ ചെടികൾക്കു താങ്ങു നൽകാൻ കഴിവുള്ള താങ്ങുവേരുകൾ ഇവയിൽ മിക്ക സ്പീഷീസുകളിലും കാണാം. ഇവ കാറ്റിന്റെയും തിരമാലകളുടെയും ശക്തിയിൽപെട്ട് ഒടിഞ്ഞുപോകാതെ വൃക്ഷശാഖകൾക്ക് താങ്ങു നൽകുന്നു.

ലവണജലം കെട്ടിനിൽക്കുന്ന, ഓക്സിജൻ ലഭ്യത കുറഞ്ഞ മണ്ണിലെ ഈ അന്തേവാസികൾക്ക് ശ്വസന സഹായകമായ അനുകൂല്യങ്ങളുണ്ട്. ജലോപരിതലത്തിൽ നിന്ന് ചുള്ളിക്കമ്പുകൾ പോലെ ഉയർന്നു നിൽക്കുന്ന പ്രത്യേകതരത്തിലുള്ള ശ്വസനവേരുകൾ (Pneumatophores) ഇവയുടെ പ്രത്യേകതയാണ്. ഇവയിൽ അന്തരീക്ഷ വായുവിൽ നിന്ന് ഓക്സിജൻ ലഭ്യത സുഗമമാക്കുന്നതിന് സഹായകമായ ചെറു സുഷിരങ്ങൾ (Pneumatothodes) ഉണ്ടായിരിയ്ക്കും. കൂടാതെ ജലാന്തർഭാഗത്തുള്ള സസ്യഭാഗങ്ങളിൽ വായു അറകളും കാണപ്പെടുന്നു.

ലവണാംശമുള്ള ജലത്തിൽ നിന്ന് ആഗിരണം പ്രയാസകരമായതിനാൽ കണ്ടൽച്ചെടികൾക്ക് ജലദൗർലഭ്യം അനുഭവപ്പെടുന്നു. അതിനാൽ ജല ദൗർലഭ്യത്തിനെ അതിജീവിയ്ക്കാനുള്ള അനുകൂലനങ്ങൾ ഇത്തരം സസ്യങ്ങളിൽ കാണാം. ഇലകൾ കട്ടികൂടിയതും അവയുടെ ഉപ

രിവൃതി ക്യൂട്ടിക്കൾ കൊണ്ടുള്ള കനമേറിയ ആവരണമുള്ളതുമാണ്. ഇത് സസ്യസ്വേദനം മുഖേനയുള്ള ജലനഷ്ടം കുറയ്ക്കുന്നു. വിത്തുകൾ ലവണ ജലത്തിൽ വീണു ചീഞ്ഞുപോകുന്നതൊഴിവാക്കാൻ അവ സസ്യങ്ങളിൽ തന്നെ നിന്ന് മുളയ്ക്കുന്ന അവസ്ഥയും (vivipary) കാണാം. മുളച്ചു കഴിഞ്ഞ വിത്തുകൾ അനുകൂല കാലാവസ്ഥയിൽ മണ്ണിലേയ്ക്ക് കൊഴിഞ്ഞു വീണു വളരുന്നു. ചില യിനം കണ്ടൽ സസ്യങ്ങളുടെ ഫലങ്ങളിൽ ജലത്തിൽ പൊങ്ങിക്കിടക്കുന്നതിനാവശ്യമായ അനുകൂലങ്ങളുണ്ടാകും.

തനിമകൾ ഏറെയുള്ള ഈ സസ്യജാലം പാരിസ്ഥിതികവും സാമ്പത്തികവുമായ ഒട്ടേറെ സേവനങ്ങളാൽ മനുഷ്യജീവിതത്തിനു തണലേറ്റുന്നു. മണ്ണിനെ, ജലത്തിനെ, മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളെ അത് കാത്തുപോറ്റുന്നു.

**പാരിസ്ഥിതിക പ്രാധാന്യം**

കണ്ടൽച്ചെടികളുടെ ഏറ്റവും വലിയ പാരിസ്ഥിതിക പ്രാധാന്യം അവ കര നിർമ്മിയ്ക്കുന്നതിനും, കരയെ സംരക്ഷിയ്ക്കുന്നതിനും, സഹായകമാകുന്നുവെന്നതാണ്.

നദീമുഖങ്ങളിലെയും, അഴിമുഖങ്ങളിലെയും നനവുള്ള അയഞ്ഞ മണ്ണിൽ നിലയുറപ്പിയ്ക്കുന്ന കണ്ടൽച്ചെടികളുടെ വിവിധതരം വേരുകൾ (താങ്ങുവേരുകൾ, ശ്വസനവേരുകൾ, കേബിൾ വേരുകൾ, പോഷണ വേരുകൾ തുടങ്ങിയവ) ആഴം കുറഞ്ഞ ജലത്തിൽ ഓരോ ജാലിക സൃഷ്ടിയ്ക്കുന്നു. നദികളിലൂടെ കടലിലേയ്ക്കൊഴുകി വരുന്ന മണലും ചെളിയും എക്കലും, ഈ വേരു പടലത്തിൽ തടഞ്ഞു നിന്ന് മൺതിട്ടകൾ രൂപം കൊള്ളുന്നു. ഇത്തരം മണൽതിട്ടകൾ ക്രമേണ കരയായി മാറുന്നു.

വേലിയേറ്റ, വേലിയിറക്ക സമയങ്ങളിൽ ഉണ്ടാകുന്ന ശക്തമായ ജലപ്രവാഹം മണ്ണിനെ ഒലിപ്പിച്ചുകൊണ്ടു പോകാതെ കണ്ടൽചെടികൾ സംരക്ഷിയ്ക്കുന്നു. ഇത്തരത്തിൽ മണ്ണു സംരക്ഷണം നിർവ്വഹിച്ചുകൊണ്ടു തീരദേശത്തിന്റെ 'പരിസ്ഥിതി



ബെൽട്ടായി പ്രവർത്തിക്കുന്ന ഇവയ്ക്ക് ഇന്ന് കടൽതീരത്ത് മനുഷ്യൻ തീർത്തുവയ്ക്കുന്ന കരിങ്കൽ ഭിത്തികളെക്കാൾ ഫലപ്രദമായി കടലാക്രമണം തടയാൻ കഴിയും. കടൽകാറ്റിനെ ചെറുത്തു നിൽക്കാനും ഇവയ്ക്കു കഴിയും. ഏതാനും വർഷങ്ങൾക്കു മുൻപ് ഒഡീഷയിൽ ഉണ്ടായ ചുഴലിക്കാറ്റ് ഭയങ്കരമായ നാശനഷ്ടങ്ങളുണ്ടാക്കാനിടയായത്, അവിടത്തെ കണ്ടൽക്കാടുകളുടെ നാശം നിമിത്തമാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. അതേ സമയം ആഞ്ഞടിച്ച ചുഴലിക്കാറ്റിന്റെ രാക്ഷസകരങ്ങളാൽ ഒഡിഷ്യയിലെ ബിത്തിർ കനിക വനസംരക്ഷണ കേന്ദ്രത്തിന് യാതൊരു കേടുപാടുമുണ്ടാകാതിരുന്നത് ചുറ്റും കണ്ടൽക്കാടുകൾ ഉള്ളതു കൊണ്ടായിരുന്നുവെന്നതാണ് നാം തിരിച്ചറിയേണ്ട വസ്തുത.

കണ്ടൽ വനങ്ങളുടെ മറ്റൊരു പ്രത്യേകത അവ ജലസാന്നിദ്ധ്യത്തിൽ പുലരുന്നൊരു പരിസ്ഥിതിവ്യൂഹമായി പ്രവർത്തിയ്ക്കുന്നുവെന്നതാണ്. ഒട്ടേറെ ജീവജാലങ്ങൾക്ക് ആവാസമൊരുക്കി അവ പ്രകൃതിയുടെ വിലയുറ്റ പരിഛേദമായി നിലകൊള്ളുന്നു. രണ്ടായിരത്തോളം ഇനം മത്സ്യങ്ങൾ, ചെമ്മീൻ, ഞണ്ട് തുടങ്ങിയ കണ്ടൽ ചെടികളുടെ വേരുകൾക്കിടയിൽ സുരക്ഷിതമായ പ്രജനന കേന്ദ്രം കണ്ടെത്തിയവയാണ്. കൂടാതെ അണ്ണാൻ, ചീങ്കണ്ണി, മുതല നീർനായ, വിവിധയിനം കുരങ്ങുകൾ, പാമ്പുകൾ തുടങ്ങിയവ മുതൽ അപൂർവ്വ ജീവിയായ വെള്ളക്കടുവ വരെ കണ്ടൽ വനങ്ങളുടെ സമൃദ്ധിയിൽ ആവാസം കണ്ടെത്തുന്ന ജീവികളിലുൾപ്പെടുന്നു. അപൂർവ്വയിനം പക്ഷികൾ ഉൾപ്പെടെ ഒട്ടേറെയിനം പക്ഷികൾക്ക് ഇവിടെ താവളമാകുന്നു. നീർക്കാക്കകൾ, മീൻകൊത്തി,

പൊന്മാൻ, കാട, അരണ്ട, കടൽക്കാക്കകൾ, കാട്ടുകോഴി, പുള്ളുകൾ, മൂങ്ങ, മുണ്ടക്കോഴി തുടങ്ങിയവയും ചില ദേശാടനപക്ഷികളും ഒക്കെ കണ്ടൽചെടികളുടെ ശിഖരങ്ങളിൽ കൂടുകൂട്ടി ജീവിയ്ക്കുന്നു. കേരളത്തിലെ കുമരകം പക്ഷിസങ്കേതം ദേശാടനക്കിളികൾക്കു പ്രസിദ്ധമായ കണ്ടൽ വനമാണല്ലോ.

**സാമ്പത്തിക പ്രാധാന്യം**

കണ്ടൽക്കാടുകളുടെ സൗന്ദര്യവും, ജീവികളുടെ സാന്നിദ്ധ്യവും, ജല സാമീപ്യവുമെല്ലാം അവയ്ക്കിടയിലൂടെ ചെറുവള്ളങ്ങളിലുള്ള ജലയാത്ര ഹൃദയാവർജ്ജകമാകുന്നു. ഇത് ടൂറിസ്റ്റുകളെ ആകർഷിച്ചു തുടങ്ങിയിട്ടുണ്ട്. ഇത് വേണ്ടവിധം പ്രോത്സാഹിപ്പിച്ചാൽ നാടിന് ഒരു വരുമാന മാർഗ്ഗമാകുമെന്നതിൽ സംശയമില്ല. കൂടാതെ കണ്ടൽവനങ്ങളുടെ സേവനങ്ങൾ മനുഷ്യജീവിതത്തിന് ആവശ്യമുള്ള പല വസ്തുക്കളും സുലഭമായി വാരിക്കോരി നൽകുന്നു. കണ്ടൽ വനങ്ങൾ നൽകുന്ന ചില വസ്തുക്കളിതാ.

1.വസ്ത്ര നിർമ്മാണത്തിനുതകുന്ന ചായങ്ങൾ, തുകലിന്റെ വ്യാവസായിക ഉത്പാദനത്തിനുപയോഗിയ്ക്കുന്ന ടാനിൻ എന്നിവ

2. പാലങ്ങൾ, റെയിൽവേ സ്ലീപ്പറുകൾ, ബീമുകൾ, കഴകൾ, ബോട്ടുകൾ, കപ്പൽ ഡെക്ക്, പാക്കിംഗ് കെയ്സുകൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ തടികൾ, വിറക് എന്നിവ

3. വേനൽക്കാലത്ത് കന്നുകാലികൾക്കാവശ്യമായ ആഹാരം

4. കൃഷിയ്ക്ക് ഉപയോഗിയ്ക്കാനുള്ള പച്ചിലവളം

5. മത്സ്യബന്ധനത്തിനുള്ള ഫിഷിംഗ് ബോട്ടുകൾ, മീൻവല സംരക്ഷണത്തിനുള്ള ടാനിൻ എന്നിവ.

മനുഷ്യനുൾപ്പെടയുള്ള ജീവജാലങ്ങൾക്കും പരിസ്ഥിതിയ്ക്കും കണ്ടൽക്കാടുകൾ നൽകുന്ന സേവനങ്ങൾ ചില്ലറയല്ല. എന്നാൽ നാം ഇവയ്ക്ക് അർഹമായ സംരക്ഷണം നൽകുന്നില്ലെന്നത് ദുഃഖകരമായ വസ്തുതയാണ്. കൃഷി ഭൂമികളുടെ വികസനത്തിനുവേണ്ടിയും ഭവനനിർമ്മാണം, മറ്റു കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയ്ക്കുവേണ്ടിയും നിഷ്ക്കരുണം നശിപ്പിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്ന കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങളുടെ സംരക്ഷകരാണെന്നത് നാം മറന്നുപോകുന്നു. കേരളത്തിൽ പരിസ്ഥിതി സ്നേഹികളുടെ ബോധവത്കരണ ശ്രമങ്ങൾക്കപ്പുറം കല്ലേൻ പൊക്കുടന്റേതുപോലെ കണ്ടൽ വനസംരക്ഷണത്തിനുള്ള ഒറ്റപ്പെട്ട ഗ്രാമങ്ങളുണ്ടെങ്കിലും ബോധപൂർവ്വമായ ഒരു ബഹുജന സംരംഭമായി ഇനിയുമത് വളരേണ്ടിയിരിക്കുന്നു. നമ്മുടെ തീരങ്ങൾ കണ്ടൽ വനങ്ങളുടെ സമൃദ്ധിയാൽ ഹരിതാഭമാകുന്ന ഒരു നാളേയ്ക്കായി അവയുടെ സംരക്ഷണം ഒരു വ്രതമായി ഏറ്റെടുക്കാൻ നമുക്കു ശ്രമിയ്ക്കാം.

**തിരുവനന്തപുരത്ത് ഡയറ്റിൽ പ്ലാനിംഗ് മാനേജ്മെന്റിൽ ലക്ചററാണ് ലേഖിക**

**മഹദ് വചനങ്ങൾ**

സസ്യങ്ങൾ ഇല്ലെങ്കിൽ ഭൂമിക്ക് ഒരു നിമിഷം പോലും
മനുഷ്യജീവിതത്തെ നിലനിർത്താനാവില്ല.

**ഗാന്ധിജി**

# ബഡ്ജറ്റിലെ സ്വർണ്ണപദ്ധതികൾ

ഡോ. ജോർജ്ജി, റിയ മാമ്മൻ



**ബ**ഹുവിധ സംസ്കാരങ്ങളുടെ നാടാണ് ഇന്ത്യ. നാനാവിധത്തിലുള്ള ആഘോഷങ്ങൾ നമ്മുടെ സംസ്കൃതിയുടെ പെരുമ വർദ്ധിപ്പിക്കുന്നു. വർണ്ണങ്ങളുടെ ഹോളി, ദീപങ്ങളുടെ ദീപാവലി, സമൃദ്ധിയുടെ ഓണം എന്നിങ്ങനെ വിവിധ ആഘോഷങ്ങൾക്ക് പൊൻപ്രഭയേകുന്നത് സ്വർണത്തിളക്കം തന്നെ. ഇതൊന്നുമല്ലാതെ പൊന്നിനായി മാത്രം ഒരാഘോഷവും ഇപ്പോഴുണ്ട് അക്ഷയ തൃതീയ . അണിഞ്ഞൊരുങ്ങുവാൻ വേണ്ടി മാത്രമല്ല നാളേയ്ക്കുള്ള കരുതിവെയ്പ്പിലേക്കുള്ള ഒരു നിക്ഷേപമാർഗ്ഗം കൂടിയാണ് സ്വർണ്ണം.


ലോകത്തെമ്പാടുമുള്ള സ്വർണ്ണ ഉപഭോക്താക്കളെ കണക്കിലെടുത്താൽ അതിൽ 30 ശതമാനം ഇന്ത്യക്കാരാണെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ സ്വർണ്ണ ഉപയോഗത്തിന് കഴിഞ്ഞ ദശാബ്ദത്തിലുണ്ടായ വർദ്ധന ഏകദേശം 400 ശതമാനമാണ്. ലോകത്താകമാനം സ്വർണ്ണാഭരണങ്ങളുടെ ഉപയോഗത്തിന് 2 ശതമാനത്തോളം കുറവുവന്നെങ്കിൽ ഇന്ത്യയിൽ 60 ശതമാനത്തോളം വർദ്ധിക്കുകയാണ് ചെയ്തത് എന്ന് വേൾഡ് ഗോൾഡ് കൗൺസിലിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

നാണയങ്ങളായും ആഭരണങ്ങളായും പലപ്പോഴായി വാങ്ങുന്ന സ്വർണ്ണം നിഷ്ക്രിയ പണ്ടമായി ലോക്കറുകളിലും സ്ട്രോങ്ങ് റൂമുകളിലും കുന്നുകൂടി കിടക്കുന്നു. രാജ്യത്ത് മൊത്തം 20,000 ടണ്ണിന്റെ സ്വർണ്ണശേഖരമുണ്ടെന്നാണ് കണക്കാക്കുന്നത്. താഴ്ന്ന വരുമാനക്കാർ ധനകാര്യസ്ഥാപനവുമായി ഏറ്റവും അധികം ബന്ധപ്പെടുന്നത് സ്വർണ്ണ പണയവായ്പയിലൂടെയാണ്.അതുകൊണ്ടുതന്നെ ഫിനാൻഷ്യൽ ഇൻക്ലൂഷൻ പദ്ധതികളിൽ സ്വർണ്ണത്തിന് വലിയ പങ്ക് വഹിക്കുവാൻ കഴിയും എന്നു മാത്രമല്ല, അനേകം ചെറുകിട നിക്ഷേപകരിൽ ചിതറിക്കിടക്കുന്ന ഈ സ്വർണ്ണത്തിളക്കത്തിന് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ ലോകത്തിന്റെ തന്നെ നെറുകയിൽ എത്തിക്കുവാനുള്ള കഴിവുണ്ടെന്നും വേൾഡ്

ഗോൾഡ് കൗൺസിലിന്റെ ചെയർമാനായ അമരേഷ് ആചാര്യ നിരീക്ഷിക്കുന്നു. ഇത്തരത്തിൽ നിഷ്ക്രിയ സ്വഭാവമുള്ള സ്വർണ്ണനിക്ഷേപങ്ങളെ വിപണിയിലേക്ക് തിരിച്ചെത്തിക്കുവാനുതകുന്ന ഒരു പദ്ധതിയാണ് ധനകാര്യമന്ത്രി അരുൺജയ്റ്റലി 2015 ലെ ബജറ്റിൽ അവതരിപ്പിക്കുന്നത്.

ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച സാഹചര്യത്തിൽ പോലും നമ്മുടെ സ്വർണ്ണ ഇറക്കുമതി ലോകത്താകമാനമുള്ള സ്വർണ്ണ ഇറക്കുമതിയേക്കാൾ കൂടുതലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ പെട്രോളിയം ഉൽപന്നങ്ങൾ കഴിഞ്ഞാൽ നമ്മുടെ വിദേശ ധനശേഖരത്തെ അപഹരിക്കുന്ന വസ്തു സ്വർണ്ണമാണ്. ഇന്ത്യയുടെ സ്വർണ ഇറക്കുമതി ചുവടെ ചേർക്കുന്നു.

**ടേബിൾ 1**




Source : Department of Industry and Commerce Import Reports.

ധനമന്ത്രിയുടെ പദ്ധതികൾ നടപ്പിലായാൽ ഇത്തരത്തിലുള്ള ഇറക്കുമതി കുറയുകയും പ്രതിവർഷം 200 ടണ്ണോളം സ്വർണ്ണം അവയിലൂടെ ലഭ്യമാകുകയും ചെയ്യും. ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

**സോവറിൻ ഗോൾഡ് ബോണ്ട്**

സ്വർണ്ണ വിലയിലെ വ്യതിയാനങ്ങൾക്ക് അനുസൃതമായി ലാഭം കൊയ്യുന്ന നിക്ഷേപകർ അനവധിയാണ്. പ്രതിവർഷം 350 ടൺ സ്വർണമാണ് നിക്ഷേപകആവശ്യത്തിനായി മാത്രം ഇന്ത്യയിൽ വ്യാപാരം ചെയ്യുന്നത്. വിദേശത്തുനിന്നോ ജ്വല്ലറികളിൽനിന്നോ ബിസ്കറ്റ്, നാണയം എന്നീ രൂപത്തിൽ വാങ്ങുന്ന സ്വർണ്ണം പിന്നീട് ബാങ്ക് ലോക്കറുകളിൽ സൂക്ഷിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുന്നതാണ് സോവറിൻ ഗോൾഡ് ബോണ്ട് എന്ന പദ്ധതി. പദ്ധതി പ്രകാരം, ഒരു നിക്ഷേപകന് സ്വർണ്ണത്തിന് പകരം തത്തുല്യ തുകയ്ക്ക് ലഭിക്കുന്ന സ്വർണ്ണത്തിന്റെ അളവ് രേഖപ്പെടുത്തിയ കടപത്രമാണ് ലഭിക്കുക, ഒപ്പം നിശ്ചിതപലിശയും ലഭിക്കുന്നതാണ്. പിന്നീട് ഈകടപത്രം വിൽക്കുകയോ, പണയപ്പെടുത്തുകയോ ചെയ്യുമ്പോൾ ആ ദിവസത്തെ കമ്പോളവിലയ്ക്ക് അനുസൃതമായ തുകലഭിക്കുകയും ചെയ്യും.

**ഗോൾഡ് മോണിറ്റയിസേഷൻ സ്കീം**

ഇന്ത്യയിലെ 70 ശതമാനം ആളുകളും അവരുടെ സ്വർണ്ണം വിൽക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ നമ്മുടെ രാജ്യത്ത് ജനങ്ങളുടെ പക്കലും ആരാധനാലയങ്ങളിലും ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം ഏകദേശം 20,000 ടണ്ണോളം വരുമെന്നാണ് കണക്കുകൾ. ഈ സ്വർണ്ണ ശേഖരം പണം ആക്കുവാൻ ലക്ഷ്യമിടുന്നതാണ് ഗോൾഡ് മോണിറ്റയിസേഷൻ പദ്ധതി. ഇതനുസരിച്ച് ആളുകൾക്ക് അവരുടെ പക്കലുള്ള സ്വർണ്ണം ബാങ്കുകളിൽ നിക്ഷേപിച്ച് പകരം അതിന്റെ തൂക്കം രേഖപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് കൈവശം വെയ്ക്കാം. മറ്റേതു ബാങ്ക് നിക്ഷേപവും പോലെ ഈ നിക്ഷേപത്തിനും പലിശ ലഭിക്കും

**ഇൻഡ്യയിലെ സ്വർണ്ണാഭരണങ്ങളുടെ ഉപയോഗം**

| | |
|---|---|
| ഇതുവരെ മാറ്റി വാങ്ങുകയോ/ ഉരുക്കി ഉപയോഗിക്കുകയോ | 70 % |

ചെയ്തിട്ടില്ല.

| | |
|---|---|
| വീണ്ടും ഉരുക്കി ഉപയോഗിക്കുന്നു | 22% |
| ഇതുവരെ ഉപയോഗിക്കാത്തതിനാൽ വിൽക്കാൻ ഇടയായി | 4% |
| ദൈനംദിന ആവശ്യങ്ങൾക്കു വേണ്ടി വിൽക്കാനിടയായി | 3% |
| നിക്ഷേപത്തിനു വേണ്ടി ഉപയോഗിക്കുന്നു. | 1% |

Source : World Gold Counsil Report .

**ഇൻഡ്യയിലെ ഉപഭോക്തൃ വാങ്ങൽ താത്പര്യങ്ങൾ**

| | |
|---|---|
| സ്വർണ്ണം | 62% |
| വിലകൂടിയ ഷൂസും ബാഗും | 23% |
| സൗന്ദര്യവർദ്ധക വസ്തുക്കൾ | 6% |
| ഇലക്ട്രോണിക് ഉപകരണങ്ങൾ | 9% |

Source : World Gold Counsil Report.

**ചില മുൻ നീക്കങ്ങൾ**

1999-ൽ ആർ.ബി.ഐ ഇത്തരത്തിൽ സ്വർണ്ണം നിക്ഷേപിക്കുന്നതിനായി പദ്ധതികൾ ആരംഭിച്ചിരുന്നു. പല ബാങ്കിംഗ് സ്ഥാപനങ്ങളും അവ നടപ്പിൽ വരുത്തുവാൻ ശ്രമിച്ചെങ്കിലും വിജയം കണ്ടില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാത്രം ഇതു മുന്നോട്ടുകൊണ്ടുപോയി. ഏറ്റവും കുറഞ്ഞ നിക്ഷേപം 500 ഗ്രാം, കുറഞ്ഞകാലാവധി 3-5 വർഷം, കുറഞ്ഞ പലിശനിരക്ക് എന്നിവ ഈ പദ്ധതിയെ തീർത്തും അനാകർഷകമാക്കി

**നിർദ്ദേശങ്ങൾ**

സ്വർണ്ണ നിക്ഷേപങ്ങളുടെ മാർഗരേഖ മേയ്മാസത്തിൽ പുറത്തുവരാനിരിക്കെ ഇത്തരം ന്യൂനതകളെ മാറ്റി നിർത്തുവാൻ ശ്രമിക്കേണ്ടതുണ്ട്. പുതിയ പദ്ധതിയിലേക്കുള്ള നിർദ്ദേശങ്ങളിവയാണ്.-

1. ആകർഷകമായ പലിശനിരക്ക് (3 - 5% വരെ )
2. കുറഞ്ഞ നിക്ഷേപ അളവ്, കാലാവധി സാധാരണക്കാരനും പ്രാപ്യം ആക്കുക.
3. സുഗമമായ വായ്പാ പദ്ധതികൾ
4. സ്റ്റാൻഡേർഡൈസ്ഡ് സ്വർണ്ണം വ്യാപാരികൾക്ക് ഉപയോഗിക്കാനാകുക.
5. ഉറവിടം സംബന്ധിച്ചുള്ള സത്യവാങ്മൂലം ഒഴിവാക്കുക
6. ലളിതമായ നടപടിക്രമങ്ങൾ
7. പെട്ടെന്ന് പിൻവലിക്കാനുള്ള സൗകര്യം

രാജ്യത്തിന്റെ സ്വർണ്ണ ഇറക്കുമതി കുറയ്ക്കാൻ ഉള്ള മറ്റൊരുപദ്ധതിയാണ് അശോക ചക്രം മുദ്രണം ചെയ്ത സ്വർണ്ണനാണയങ്ങൾ, മറ്റു പല രാജ്യങ്ങൾക്കുമുള്ളതുപോലെ സ്വന്തം മുദ്രയോടുകൂടെയുള്ള നാണയങ്ങൾ അവതരിപ്പിക്കുന്നത് വിദേശ നാണയങ്ങളുടെ ഇറക്കുമതി ഇല്ലാതാക്കും.

**ഉപസംഹാരം**

ഇന്ത്യയുടെ സമ്പദ്ഘടനയിൽ ഒരു നാഴികക്കല്ല് ആയേക്കാവുന്ന ഈ പദ്ധതിയുടെ വിജയം ഇതുമായി ബന്ധപ്പെട്ട് വരാനിരിക്കുന്ന മാർഗരേഖകളെ ആശ്രയിച്ചിരിക്കുന്നു. സ്വർണ്ണത്തോടുള്ള ഇന്ത്യൻ ജനതയുടെ വൈകാരികത കൂടെ കണക്കിലെടുത്തുകൊണ്ടാവാണം ഇതിലേക്കുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് കൂടുതൽ നേട്ടമാകുവാൻ ഈ സ്വർണ്ണ പദ്ധതികൾക്ക് സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

**ഡോ. ജോർജ്ജി കെ. ഐ,**
**അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്**
**മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം,**
**റിയാ മാമ്മൻ, റിസേർച്ച് സ്കോളർ,**
**ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്**
**മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം**

## പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്നതിന് ഡിജിറ്റൽ ജൻഡർ അറ്റ്ലസ്സ്

കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് കീഴിലുള്ള വിദ്യാഭ്യാസ സാക്ഷരതാ വകുപ്പ് പെൺകുട്ടികളുടെ വിദ്യാഭ്യാസ അഭിവൃദ്ധി വിലയിരുത്തുന്നതിനു വേണ്ടി ഡിജിറ്റൽ ജൻഡർ അറ്റ്ലസ്സ് പ്രകാശനം ചെയ്തു. പ്രത്യേക വിദ്യാഭ്യാസ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ യൂണിസെഫിന്റെ സഹായത്തോടെ വികസിപ്പിച്ച ഈ സങ്കേതം വഴി പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ, പ്രത്യേകിച്ച് പ്രാന്തവൽകരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിലെയും മുസ്ലീം ന്യൂനപക്ഷ സമൂഹത്തിലെയും താഴ്ന്ന പ്രകടനം കാഴ്ചവെയ്ക്കുന്ന പ്രദേശങ്ങളെ കണ്ടെത്തുവാൻ സാധിക്കും. കഴിഞ്ഞ മൂന്നുകൊല്ലത്തെ വിദ്യാഭ്യാസ നിലവാരത്തിന്റെ താരതമ്യവിശകലനം ലിംഗസംബന്ധിയായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അറ്റ്ലസ്സിൽ നിന്നു ലഭിക്കുന്നതാണ്. കൂടാതെ ഒരു പ്രദേശത്തു നടപ്പാക്കിയ ഇടപെടലുകളുടെ വിജയപരാജയം ദൃഷ്യവിശകലനത്തിലൂടെ മനസ്സിലാക്കുന്നതിനു സങ്കേതം അവസരമൊരുക്കുന്നു. ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമിൽ വികസിപ്പിച്ച അറ്റ്ലസ്സിന്റെ സവിശേഷ സ്വഭാവം നിലനിർത്തികൊണ്ടുതന്നെ നവീകരണത്തിനുള്ള സാധ്യതകൾ ഇതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഏകീകൃത ജില്ലാ വിദ്യാഭ്യാസ വിവര വ്യവസ്ഥ (UDISE)(2011–2014), 2011 ലെ സെൻസസ്സ് ഡാറ്റാ, ജില്ലാതല ആരോഗ്യ സർവ്വേ (DLHS) (2007 –2008) എന്നിവയുടെ വിവരങ്ങൾ സംയോജിപ്പിച്ചുകൊണ്ട് നിർമ്മിച്ച അറ്റ്ലസ്സിലൂടെ പെൺകുട്ടികളുടെ പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറിതല വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവരങ്ങൾ സംസ്ഥാന-ജില്ലാ–ബ്ലോക്കുതലങ്ങളിൽ ലഭ്യമാണ്.

വൈകല്യമുള്ള പെൺകുട്ടികളുൾപ്പടെ എല്ലാ പ്രാന്തവത്കരിക്കപ്പെട്ട സമൂഹത്തിലെ പെൺകുട്ടികൾക്കും തുല്യവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ജൻഡർ അറ്റ്ലസ്സ് സഹായകമാവും. കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഇടങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ നിർദേശിക്കുവാനുള്ള സാങ്കത്യവും ജൻഡർ അറ്റ്ലസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പിശകു വിമുക്ത സമ്മതിദായക വിവരപട്ടിക

രാജ്യവ്യാപകമായി ഇലക്ഷൻ കമ്മീഷൻ അടുത്ത കാലത്തായി ദേശീയ സമ്മതിദായക വിവര പട്ടിക ശുദ്ധീകരണ പ്രാമാണ്യ പരിപാടി (National Electoral Roll Purification മിറ Authentification Programme (NERPAP) ആരംഭിക്കുകയുണ്ടായി. സമ്മതിദായകരുടെ വിവരങ്ങൾ ആധാർ രേഖകളുമായി സംയോജിപ്പിച്ചു ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള പരിശ്രമമാണിത്. സമ്മതിദായകരുടെ ചിത്രം മെച്ചപ്പെടുത്തുന്നതോടൊപ്പം പിഴവുകൾ തിരുത്തുന്നതിനുള്ള അവസരവും നൽകുന്നു. ഇലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റിലെ ദേശീയ സമ്മതിദായക സേവന പോർട്ടലിലൂടെ (NVSP) എസ്.എം.എസ്., ഇമെയിൽ, മൊബൈൽ ആപ്പ് തുടങ്ങിയവയിലൂടെയും തങ്ങളുടെ ആധാർ നമ്പറുകൾ നൽകുവാനുള്ള അവസരം ഇലക്ഷൻ കമ്മീഷൻ സജ്ജമാക്കിയിട്ടുണ്ട്. ആധാർ കാർഡിന്റെയും EPIC നമ്പറിന്റയും പകർപ്പ് നേരിട്ടു നൽകുകയോ 1950 എന്ന ഫോൺ നമ്പറിൽ സ്റ്റേറ്റ് സെന്ററിലേക്കു വിളിച്ചോ തങ്ങളുടെ വിവരങ്ങൾ നല്കാവുന്നതാണ്. കൂടാതെ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ, സേവാ കേന്ദ്രങ്ങൾ, സിറ്റിസൺ സേവാ കേന്ദ്രങ്ങൾ എന്നിവ മുഖേനയും ആധാർ രേഖകൾ നൽകാവുന്നതാണ്. ഇതുകൂടാതെ ബുത്ത് ലെവൽ ഓഫീസർമാർ സമ്മതിദായകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വീടുകൾതോറും സർവ്വെയും സംഘടിപ്പിക്കുന്നുണ്ട്. ഏപ്രിൽ 12ാം തീയതി ദേശീയ തലത്തിൽ ഇലക്ട്രൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതായിരിക്കും. ബഹു എൻട്രികൾ വെളിപ്പെടുത്തുവാനുള്ള സൗകര്യവും ഇത് നൽകുന്നുണ്ട്. 2015 ആഗസ്റ്റ് 15 നു പരിപാടി അവസാനിക്കും.

Yojana (Malayalam) April 2015 Rs. 10 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/ 2015-17
Published on 1/4/2015






ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം.**